Barth.
Biblische Geschichten.
1. 2
1849. 50.

Ci
XIV
128a

N12<526908486 021
LS
ubTÜBINGEN

2.

സത്യവെദകഥകൾ

രണ്ടാംഖണ്ഡം

പുതിയനിയമത്തിൽനിന്നെടുത്തവ

അമ്പത്തരണ്ടു

തലശ്ശെരിക്കല്ലച്ചിൽ

൧൮൫൦

1850.

സത്യവെദകഥകൾ

൧. ഗബ്രിയെൽദൈവദൂതന്റെവരവു —

യഹൂദരാജാവായഹെരൊദാവിന്റെകാലത്തിൽജെകൎയ്യംഎന്നാചാൎയ്യനുംഭാൎയ്യയായഎലിശബെത്തുംദൈവകല്പനാനിയമങ്ങളിൽകുറവുകൂടാതെനിൎദ്ദൊഷരായിയെഹൂദ്യമലപ്രദെശത്തവാഴുമ്പൊൾസന്തതിഇല്ലായ്കകൊണ്ടുബഹുകാലംകുട്ടിക്കുപ്രാൎത്ഥിച്ചിരിക്കുമ്പൊൾഒരുദിവസംജെകൎയ്യദൈവാലയത്തിൽചെന്നുധൂപംകാട്ടുന്നസമയംധൂപപീഠത്തിന്റെവലഭാഗത്തുഒരുദൈവദൂതനെകണ്ടുപെടിച്ചാറെഅവൻജെകൎയ്യയൊടുഭയപ്പെടരുതെദൈവംനിന്റെപ്രാൎത്ഥനയെകെട്ടിരിക്കുന്നുഎലിശബെത്തിൽനിന്നുനിനക്കൊരുപുത്രൻജനിക്കുംഅവന്നുയൊഹന്നാൻഎന്നനാമംവിളിക്കുംഅവൻഇസ്രയെലരെയുംകൎത്താവായദൈവത്തിലെക്കുമടക്കിഎലിയാവിന്റെആത്മാവിലുംശക്തിയിലുംകൎത്താവിൻമുമ്പിൽനടക്കുവനുംഎന്നതുകെട്ടുജെകൎയ്യസംശയിച്ചപ്പൊൾദൂതൻഞാൻദൈവസന്നിധാനെനില്ക്കുന്നഗബ്രിയെലാകുന്നുനിന്നൊടുഈഅവസ്ഥഅറിയിക്കുപ്പാൻദൈവംഎന്നെഅയച്ചിരിക്കുന്നുനീവിശ്വസിക്കായ്കകൊണ്ടുഇവഒക്കയുംസംഭവിക്കുംനാൾവരെഊമനായിരിക്കുംഎന്നുപറഞ്ഞുടനെഅവൻഊമനായിപുറത്തുള്ളജനങ്ങളൊടുഒന്നുംഉരിയാടിപ്പാൻവഹിയാതെപൊയി —

പിന്നെആറുമാസംകഴിഞ്ഞശെഷംആദൈവദൂതൻനചറത്തനഗരത്തിലെമറിയഎന്നകന്യകെക്കുപ്രത്യക്ഷനായിഅവളൊടുകൃപലഭിച്ചവളെവാഴുകസ്ത്രീകളിൽവെച്ചുദൈവാനുഗ്രഹമുള്ളവളെഭയപ്പെടരുത്നീഒരുപുത്രനെപ്രസവിച്ചുഅവന്നുയെശുവെന്നു

ലിഷ്ക്കും ദൈവം അവനു പിതാവായ ദാവിദിന്റെ സിംഹാസനം കൊ
ടുക്കും അവൻ ദൈവപുത്രൻ എന്ന പേർ കൊള്ളപ്പെടും എന്നും ...
വകക്കും ചെയ്യും എന്നാറെ മറിയം ഞാൻ ഒരു പുരുഷനെ അ
റിയായ്ക്ക കൊണ്ടു ഇതെങ്ങനെ ഉണ്ടാകും എന്നു ചോദിച്ചു പിന്നെ ദൈവ
ദൂതൻ പരിശുദ്ധാത്മാവും മഹോന്നതന്റെ ശക്തിയും നിന്മേൽ ആവസി
ക്കും അതിനാൽ ജനിക്കുന്ന പരിശുദ്ധരൂപം ദൈവപുത്രൻ എന്നു വി
ളിക്കപ്പെടും നിന്റെ ചാർച്ചക്കാരത്തിയായ എലിശബെത്ത് വൃദ്ധതയിങ്കൽ ഒ
രു പുത്രഗർഭം ധരിച്ചിരിക്കുന്നു — ദൈവത്തിനു കഴിയാത്തതു ഒന്നുമി
ല്ല എന്നു പറഞ്ഞു അപ്പോൾ മറിയം ഞാൻ കർത്താവിന്റെ ദാ
സിയാകുന്നു വചനപ്രകാരം ഭവിക്കട്ടെ എന്നു പറഞ്ഞ ശേഷം ദൈവ
ദൂതൻ മറകയും ചെയ്തു — അനന്തരം മറിയ എലിശബെത്തയെ ചെന്നു കണ്ടു
വന്ദിച്ചാറെ അവൾ പരിശുദ്ധാത്മപൂർണ്ണയായി സ്ത്രീകളിൽ ധന്യയാ
യവളെ എന്റെ കർത്താവിന്റെ അമ്മ എന്നെ കാണ്മാൻ വന്നത് എ
ന്തുകാരണം എന്നു പറഞ്ഞതു കേട്ടു മറിയ കർത്താവ് തന്റെ
ദാസിയുടെ താഴ്മയെ കണ്ടതുകൊണ്ടു എന്റെ ഹൃദയം അവനെ മഹത്വ
പ്പെടുത്തുന്നു എന്റെ ആത്മാവു രക്ഷിതാവായ ദൈവത്തിൽ ആനന്ദിച്ചി
രിക്കുന്നു എല്ലാ ജനങ്ങളും എന്നെ ധന്യ എന്നു വിളിക്കും ശക്തിയും പരിശു
ദ്ധിയുമുള്ളവൻ എനിക്കു മഹത്വം വരുത്തി എന്നു പറഞ്ഞു മൂന്നു മാസം അവ
ളോടു കൂടെ പാർത്തു സ്വഭവനത്തിലേക്കു മടങ്ങിപ്പോകയും ചെയ്തു —

പിന്നെ എലിശബെത്തു പുത്രനെ പ്രസവിച്ചു ബന്ധുക്കളും അയൽ
വക്കാരും അവന് എട്ടാം ദിവസം ചേലാകർമ്മം കഴിച്ചു അപ്പന്റെ
പേർ സഖറിയാ എന്നു വിളിപ്പാൻ ഭാവിച്ചപ്പോൾ അമ്മ യോഹന്നാൻ എന്ന
ന്നു പേരിടേണം എന്നു പറഞ്ഞാറെ അവർ അപ്പനോടു ചോദിച്ചതി
ന്റെ ശേഷം അവൻ എഴുത്തുപലകമേൽ എഴുതി അവന്റെ പേ
ർ യോഹന്നാൻ എന്നു പറഞ്ഞതു കേട്ടു ആശ്ചര്യപ്പെട്ടു — അനന്തരം അവ
ൻ സംസാരിച്ചു പരിശുദ്ധാത്മാവു നിറഞ്ഞവനായി ഇസ്രയേലരുടെ ദൈവ

ദൈവകൎത്താവ് തൻ ജനങ്ങളെ കടാക്ഷിച്ചു ഉദ്ധാരണം ചെയ്തു- പൂൎവ്വകാലങ്ങളിൽ പരിശുദ്ധ പ്രവാചകന്മാരുടെ വായാൽ അരുളിച്ചെയ്ത പ്രകാരം തന്നെ നമ്മുടെ പിതാവായ അബ്രഹാമൊടു നിശ്ചയിച്ച കരാറിനെയും ഞങ്ങളെയും ഓൎത്തിരിക്ക കൊണ്ടു അവന്നു സ്തൊത്രം ഭവിക്കട്ടെ എന്നു പറഞ്ഞു കുഞ്ഞെ നീ ഇനിമെൽ ഉന്നതന്റെ പ്രവാചകനാകും ദൈവജ്ഞാനത്താൽ നിത്യരക്ഷയുടെ അറിവിനെയും പാപമൊചനത്തെയും കൊടുക്കെണ്ടതിന്നു കൎത്താവിന്റെ മുമ്പിൽ നടന്നു അവന്റെ വഴിയെ നെരെ ആക്കുമെന്നു ചൊല്ലി- പിന്നെ യൊഹന്നാൻ ക്രമെണ വളൎന്നു ആത്മശക്തനായി ഇസ്രയെലർ തന്നെ കാണിക്കും നാൾവരെക്കും വനത്തിൽ പാൎക്കയും ചെയ്തു—

൧.— യെശുവിന്റെ അവതാരം

ആക്കാലത്തു റൊമകൈസരായ ഔഗുസ്തസ് സൎവ്വപ്രജകളും തങ്ങളുടെ പെർ വഴി പതിപ്പാൻ കല്പന അയച്ചിരിക്ക കൊണ്ടു ഗലിലിയായിൽ മറിയയും അവളെ വിവാഹം ചെയ്വാൻ നിശ്ചയിച്ചിരുന്ന യൊസെഫും ദാവിദിന്റെ ഗൊത്രക്കാരാകയാൽ നചറത്തിൽനിന്നു പുറപ്പെട്ടു ദാവിദിന്റെ പട്ടണമായ ബെത്ലെഹെമിൽ എത്തിയപ്പൊൾ സൎവ്വഭവനങ്ങളിലും വഴിപൊക്കർ നിറഞ്ഞിരുന്നതിനാൽ ഒരു ഗൊശാലയിൽ പാൎക്കേണ്ടിവന്നു രാത്രിയിൽ മറിയ ഒരു പുത്രനെ പ്രസവിച്ചു ശീലവസ്ത്രങ്ങളെക്കൊണ്ടു പുതപ്പിച്ചു ആയവല്ലത്തിൽ കിടത്തി ഇതെന്നവസ്ഥ മറിയയും യൊസെഫുമല്ലാതെ അങ്ങവിടെ ഉള്ളവർ ആരും അറിഞ്ഞതും വിചാരിച്ചതുമില്ല- ആരാത്രിയിൽ ആട്ടിൻകൂട്ടത്തെ പാൎത്തു കാത്തുകൊണ്ടിരുന്ന ഇടയന്മാരുടെ അരികെ കൎത്താവിന്റെ ദൂതൻ പ്രത്യക്ഷനായി ചുറ്റും പ്രകാശിച്ചു ദൈവശൊഭയുണ്ടായി അവർ കണ്ടു വല്ലാതെ ഭയപ്പെട്ടപ്പൊൾ ദൂതൻ അവരൊടു പെടിക്കെണ്ടാ സകലജനങ്ങൾക്കും വരുവാനിരിക്കുന്ന മഹാസന്തൊഷം ഞാൻ നിങ്ങളൊടു അറിയിക്കുന്നു- ദാവിദിന്റെ നഗരത്തിൽ ക്രിസ്തുവെന്നൊരു രക്ഷിതാവ് ബെത്ലെഹെമിൽ ഇപ്പൊൾ ജനിച്ചിരിക്കുന്നതിന്നടയാളം ചൊന്നതൊ

ഷിച്ചുമതൽ അവിടെ ശീലക്കുവസ്ത്രങ്ങൾ പുതച്ചു പുല്ലവല്ലത്തിൽ കിടക്കുന്ന
പൈതലെ കാണുകയും അവനെക്കുറിച്ചു കെട്ട സംഗതി അവരൊടു കൂടെ
ഉള്ളവൻ ദൈവത്തിനു മഹത്വവും ഭൂമിയിൽ സമാധാനവും മനുഷ്യ
രിൽ സന്തൊഷവും സംഭവിക്കട്ടെ എന്നു വാഴ്ത്തി സ്തുതിച്ചു പൊയശെഷം
ഇടയന്മാർ ബെത്ലഹെമിൽ ചെന്നു ശിശുവെ കണ്ടു പറമ്പിൽ വെച്ചുണ്ടാ
യ ചെത്തമാനമൊക്കെയും മറിയയൊടും സകല മനുഷ്യരൊടും അറിയിച്ചു
കെട്ടവരെല്ലാവരും അതിശയിച്ചു മറിയയൊ ആ വചനങ്ങൾ എല്ലാം മനസ്സിൽ
സംഗ്രഹിച്ചും ധ്യാനിച്ചും കൊണ്ടിരുന്നു—

എട്ടാം ദിവസം അവർ പൈതലിനെ ചെലാകർമ്മം കഴിച്ചു യെ
ശുവെന്നു പെർ വിളിച്ചു- നാല്പതു ദിവസം കഴിഞ്ഞാറെ മൊശയുടെ പ്രകാ
രം അവനെ യെറുശലെമിൽ കൊണ്ടുപൊയി ദൈവാലയത്തിൽ കാഴ്ച
വെച്ചു ബലികളെ കഴിച്ചു- മശിഹയും ലൊകരക്ഷിതാവിനെ കാണുമെ
ന്നു ദൈവകല്പനയുണ്ടാകയാൽ അവിടെ പാർത്തുവരുന്ന വൃദ്ധനായ ശിമെ
യൊൻ എന്ന ദൈവഭക്തൻ പരിശുദ്ധാത്മാവിന്റെ യൊഗത്താൽ ദൈവാലയത്തി
ൽ ചെന്നു കുഞ്ഞനെ കണ്ടു കയ്യിൽ വാങ്ങി കർത്താവെ സർവ്വവംശങ്ങളു
ടെ മുമ്പാകെ ഒരുക്കിയ രക്ഷയെ കാണ്മാൻ എനിക്കു ഇടയാ
യതുകൊണ്ടു ഇനി സമാധാനത്തൊടെ വിട്ടയക്കുന്നു എന്നു വാഴ്ത്തി സ്തുതിച്ചു- പിന്നെ മാ
താവൊടു കാണും പല ഹൃദയങ്ങളിലെ വിചാരങ്ങൾ വെളിപ്പെട്ടുവാ
നായി ഇവൻ ഇസ്രയെലിൽ അനെകരുടെ വീഴ്ചെക്കും എ
ഴുനീല്പിനായും ചമഞ്ഞു നിന്റെ ഉള്ളിലും ഒരു വാൾ കടക്കും എന്നു പറഞ്ഞു- അവരെ അനുഗ്ര
ഹിച്ചശെഷം വൃദ്ധയായ അന്നാ എന്നൊരു പ്രവാചകിയും അവന്റെ വരവി
ൽ ചെന്നു വന്ദിച്ചു ദൈവത്തെ സ്തുതിച്ചു രക്ഷെക്കായി യെറുശലെമി
ൽ കാത്തിരിക്കുന്ന എല്ലാവരൊടും അവനെ കൊണ്ടു സംസാരിക്കയും
ചെയ്തു-

൯. വിദ്വാന്മാരുടെ വരവു

ററ കാഴ്ചകളുടെ ശെഷം കിഴക്കദിക്കിൽനിന്ന വിദ്വാന്മാർ യരുശ
ലമിൽ വന്നു യഹൂദരാജാവായി ജനിച്ചവൻ എവിടെ ഞങ്ങൾ അവ
ന്റെ നക്ഷത്രം കണ്ടു അവനെ വന്ദിപ്പാൻ വന്നു എന്നു പറഞ്ഞപ്പൊൾ
ഹെരൊദരാജാവും ആ പട്ടണക്കാരും ഭ്രമിച്ചു ക്രിസ്തു എവിടെ ജനിക്കെ
ണ്ടതാകുന്നു എന്നു ശാസ്ത്രികളെ വരുത്തി ചൊദിച്ചു — അവർ ബെത്ലെ
ഹമിൽ തന്നെ എന്നു പ്രവാചകവാക്കിനെ ചൊല്ലി പറഞ്ഞ ശെഷം അവൻ ആ
വിദ്വാന്മാരൊട് നിങ്ങൾ ബെത്ലെഹെമിൽ പൊയി കുഞ്ഞനെ തെടിക്ക
മാറിനങ്ങനെ എവിടെ എന്നറിഞ്ഞാൽ എന്നൊട് അറിയിക്കെണം വന്ദിപ്പാൻ
ഞാനും വരാം എന്നു പറഞ്ഞത് കെട്ടു അവർ യാത്രയായി കിഴക്ക കണ്ട
നക്ഷത്രം പൈതൽ ഉള്ള ഭവനത്തിൻ മെൽഭാഗത്തു വന്നു നില്ക്കയാ
ലും സന്തൊഷിച്ചു പൈതലിനെ മറിയയൊടു കൂടി കണ്ടു പൊന്നും കുന്തുരു
ക്കവും കണ്ടിവെണ്ണയും കാഴ്ചയാക്കി വെച്ചു നമസ്കരിച്ചു — രാജസന്നിധി
യിക്കൽ പൊകരുത് എന്ന ദൈവകല്പന കൂടാകയാൽ മറ്റൊരു വഴി
യായി സ്വദെശത്തെക്ക പൊകയും ചെയ്തു — പിന്നെ കർത്താവിന്റെ ദൂ
തൻ യൊസെഫിനൊടു കുഞ്ഞനെ എടുത്ത മാതാവൊടും കൂടെ മിസ്ര
യിലെക്ക ഓടിപ്പൊക എന്നു ഞാൻ കല്പിക്കുംവരെ അവിടെ പാൎക്ക ഹെരൊദാ കു
ട്ടിയെ കൊല്ലുവാൻ അന്വെഷിക്കും എന്ന സ്വപ്നത്തിൽ കല്പിക്കകൊണ്ടു
അവൻ അന്നു രാത്രിയിൽ കുട്ടിയെയും അമ്മയെയും എടുത്തു മിസ്രയിൽ
പൊകയും ചെയ്തു — വിദ്വാന്മാർ വരാഞ്ഞതിനാൽ രാജാവ് കൊപിച്ചു
ബെത്ലെഹെമിലും അതിന്റെ ചുറ്റിലും രണ്ടു വയസ്സൊളമുള്ള പൈതങ്ങളെ
ഒക്കയും കൊല്ലിച്ചു താനും ദുൎവ്യാധി പിടിച്ചു മരിച്ചതിന്റെ ശെഷം കൎത്താവി
ന്റെ ദൂതൻ യൊസെഫിനൊടു കുഞ്ഞന്റെ ജീവനെ അന്വെഷിക്കു
ന്നവർ ചത്തു പൊയി സ്വദെശത്തെക്ക പൊക എന്നറിയിച്ചത്കൊ
ണ്ടു അവർ മടങ്ങി നചറത്തിൽ ചെന്നു പാൎക്കയും ചെയ്തു —

൫. യെശുവിന്റെ ശൈശവം

യെശുവിന്റെ ബാല്യാവസ്ഥ കൊണ്ടു വെദത്തിൽ അല്പമാത്രമെ പറഞ്ഞി

ട്ടുള്ളൊ പൈതൽ ദൈവകാരുണ്യയാൽ വളൎന്നു ബുദ്ധിശക്തനും ജ്ഞാനസമ്പൂൎണ്ണനും സമൎത്ഥനുമായിരിന്നു അവന്റെ മാതാപിതാക്കന്മാർ വൎഷംതൊറും പെസഹാ പെരുനാൾക്കു യറുശലെമിൽ പൊകുന്നതാചാരമായിരുന്നു യെശുവും പന്ത്രണ്ടു വയസ്സായപ്പൊൾ കൂടപ്പൊയി പെരുനാൾ കഴിഞ്ഞു മടങ്ങി പൊരുമ്പൊൾ അവൻ താമസിച്ചത് അറിയാതെ കൂടരൊടു കൂട മുമ്പിൽ പൊയി എന്ന് അവർ വിചാരിച്ചു ഒരു ദിവസത്തെ പ്രയാണത്തിൽ തിരെഞ്ഞിട്ടും കാണായ്കകൊണ്ടു രണ്ടാമതും യറുശലെമിലെക്കു ചെന്നു മൂന്നു ദിവസം അന്വെഷിച്ചാറെ ദൈവാലയത്തിൽ ഗുരുജ്ഞനമദ്ധ്യത്തിങ്കൽ ചൊദ്യൊത്തരങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതു കണ്ടാശ്ചൎയ്യപ്പെട്ടു അവന്റെ വാക്കുകളെ കെട്ടവരെല്ലാവരും അവന്റെ ബുദ്ധിയും പ്രത്യുത്തരങ്ങളും വിചാരിച്ചു അതിശയിച്ചു - എന്നാറെ അമ്മ കുമാരനീ ചെയ്തതെന്തു ഞങ്ങൾ നിന്നെ അന്വെഷിച്ചു വളരെ അദ്ധ്യാസിച്ചു നടന്നു എന്നു പറഞ്ഞാറെ അവൻ നിങ്ങൾ എന്തിനെന്നെ അന്വെഷിച്ചു എന്റെ പിതാവിനുള്ളവറ്റിൽ ഞാൻ ഇരിക്കെണ്ടുന്നതു നിങ്ങൾ അറിയുന്നില്ലയൊ എന്നു പറഞ്ഞു ആ വാക്കിന്റെ അൎത്ഥം അവൎക്കു തൊന്നീട്ടില്ല - പിന്നെ അവൻ അവരൊടു കൂട നചറത്തിൽ പൊയി കീഴടങ്ങി ഇരുന്നു ജ്ഞാനത്തിലും ശക്തിയിലും ദൈവത്തൊടും മനുഷ്യരൊടുമുള്ള കൃപയിലും വളൎന്നു അമ്മ ഈ വചനങ്ങൾ മനസ്സിൽ നിക്ഷെപിക്കയും ചെയ്തു —

൩. യെശുവിന്റെ സ്നാനവും പരീക്ഷയും -

ഒട്ടകരൊമം കൊണ്ടുള്ള കുപ്പായവും അരയിൽ തൊൽവാറും ഉടുത്തു തുള്ളനെയും കാട്ടുതെനും ആഹാരമാക്കി വനപ്രദെശങ്ങളിൽ പാൎത്തുകൊണ്ടിരിക്കുന്ന യൊഹന്നാൻ ദൈവകല്പനയുണ്ടാകയാൽ യൎദ്ദൻ നദീതീരത്തു ചെന്നു സ്വൎഗ്ഗരാജ്യം സമീപമാകകൊണ്ടു അനുതാപപ്പെട്ടുകൊൾവിൻ എന്നു പ്രസംഗിച്ചപ്പൊൾ യറുശലെമിൽനിന്നും യഹൂദരാജ്യത്തിൽനിന്നും വളരെ ജനങ്ങൾ അവന്റെ അരികിൽ ചെന്നു പാപങ്ങളെ ഏറ്റുപറഞ്ഞാറെ അവൻ പുഴയിൽ അവരെ സ്നാനം കഴിച്ചു ഇവൻ മശീഹാ തന്നെയൊ എന്ന് എല്ലാവരും വിചാരിച്ചു

ല്ലൊ അനന്താപത്തിന്നായി ഞാൻ വെള്ളംകൊണ്ടു നിങ്ങളെ സ്നാനം കഴിക്കുന്നു- എന്നെക്കാൾ വലിയവൻ വരുന്നുണ്ടു അവന്റെ ചെരിപ്പുകളുടെ വാറഴിപ്പാൻ പൊലും ഞാൻ യൊഗ്യനല്ല അവൻ നിങ്ങളെ പരിശുദ്ധാത്മാവ്കൊണ്ടും അഗ്നികൊണ്ടും സ്നാനം കഴിക്കും എന്നു യൊഹന്നാൻ പറഞ്ഞു-

ആസമയത്ത എകദെശം മുപ്പതു വയസ്സുള്ള യെശുവും യൊഹന്നാന്റെ അടുക്കെ ചെന്നു എനിക്കും സ്നാനം കഴിക്കെണം എന്നു ചൊദിച്ചപ്പൊൾ എനിക്ക നിങ്കൽനിന്നു സ്നാനത്തിന്നാവശ്യമായിരിക്കെ നീ എന്നൊടു ചൊദിക്കുന്നതു എന്തെന്നു വിരൊധം പറഞ്ഞാറെ യെശു ഇപ്പൊൾ സമ്മതിക്ക നീതി എല്ലാം നിവൃത്തിക്കുന്നതു നമുക്കു ഉചിതം തന്നെ എന്നു പറഞ്ഞു പുഴക്കിൽ ഇറങ്ങി സ്നാനം കൈക്കൊണ്ടു കരെറി പ്രാർത്ഥിച്ചശെഷം സ്വർഗ്ഗത്തിൽനിന്ന ദൈവാത്മാവ് പ്രാവിനെപൊലെ ഇറങ്ങി അവന്റെ മെൽ വരുന്നതിനെ യൊഹന്നാൻ കണ്ടു ഇവൻ എന്റെ പ്രിയപുത്രനാകുന്നു ഇവനിൽ എനിക്ക നല്ല ഇഷ്ടമുണ്ടു എന്ന ആകാശത്തിൽനിന്ന ഒരു വാക്കും കെൾകയും ചെയ്തു-

അനന്തരം യെശു പരിശുദ്ധാത്മനിയൊഗത്താൽ വനത്തിൽ പൊയി മൃഗങ്ങളൊടുകൂട പാർത്ത ഒരു മണ്ഡലം നിരാഹാരനായി വിശന്നപ്പൊൾ പിശാചു അവന്റെ അരികെ ചെന്നു നീ ദൈവപുത്രനെങ്കിൽ ഈ കല്ലുകളെ അപ്പമാക്കി കല്പിക്ക എന്നു പറഞ്ഞാറെ അവൻ അപ്പംകൊണ്ടു മാത്രമല്ല സകല ദൈവവചനംകൊണ്ടത്രെ മനുഷ്യൻ ജീവിച്ചിരിക്കെണ്ടതെന്ന വെദവാക്യമുണ്ടല്ലൊ എന്നു കല്പിച്ചശെഷം പരീക്ഷകൻ അവനെ യറുശലെമിലെക്ക കൊണ്ടുപൊയി ദൈവാലയമുകളിന്മെൽ കരെറി നീ ദൈവപുത്രനെങ്കിൽ കീഴ്പെട്ടു ചാടുക കാൽ കല്ലിന്മെൽ തട്ടാതിരിപ്പാൻ നിന്നെ താങ്ങെണ്ടതിന്ന ദൈവദൂതന്മാർക്ക ആജ്ഞ കൊടുക്കും എന്നെഴുതി ഇരിക്കുന്നുവല്ലൊ എന്നു പറഞ്ഞാറെ കർത്താവായ ദൈവത്തെ പരീക്ഷിക്കരുതെന്നും എഴുതീട്ടുണ്ടെന്നു യെശു കല്പിച്ചു- അനന്തരം പിശാച് അവനെ എത്രയും ഉയൎന്ന ഒരു പർവ്വതത്തിന്മെൽ കൊണ്ടുപൊയി

കലരാജ്യങ്ങളെല്ലാം അവറ്റിലുള്ള [illegible]

ക്കെയും ഒന്നിൽ എല്ലിച്ചിരിക്കുന്നതെന്റെ മുമ്പാകെ വീണു കുമ്പിട്ടാലും

കാട്ടിക്കൊണ്ടു ഇവ എന്നെ നമസ്കരിച്ചാൽ എല്ലാം നിനക്കു തരാം എന്ന പറഞ്ഞാറെ

ശെഷം സാത്താനെ നീ പൊക നിന്റെ കർത്താവായ ദൈവത്തെ മാത്രമെ വ

ന്ദിച്ചു സെവിക്കെണം എന്ന് വെദവാക്യം ഉച്ചരിച്ചപ്പൊൾ പിശാചു അവ

നെ വിട്ടു പൊയാറെ ദൈവദൂതന്മാർ വന്നു ശുശ്രൂഷിക്കയും ചെയ്തു-

൩- ശിഷ്യന്മാരെ വിളിച്ചതും കാനാവിലെ കല്യാണവും-

യൊഹന്നാൻ ഒരു ദിവസം യർദ്ദൻ നദീതീരത്തു ഈശൊ വരുന്നതു കണ്ടു കൂ

ടയുള്ള യൊഹന്നാൻ അന്ത്രയ എന്ന രണ്ടു ശിഷ്യന്മാരൊടു ഇതാ ലൊകപാപം

എടുത്തു കളയുന്ന ദൈവത്തിന്റെ കുഞ്ഞാടു എന്നു പറഞ്ഞതിന്റെ ശെഷം ശി

ഷ്യന്മാർ ഈശൊവിന്റെ പിന്നാലെ ചെന്നു അവൻ തിരിഞ്ഞു നിങ്ങൾ എ

ന്തു അന്വെഷിക്കുന്നു എന്നു ചൊദിച്ചാറെ അവർ ഗുരൊ നീ എവിടെ പാർക്കു

ന്നു എന്നു ചൊദിച്ചാറെ വന്നു നൊക്കുവിൻ എന്നു കല്പിച്ചതുകൊണ്ടാറെ അ

വർ ആ ദിവസം അവന്റെ കൂടെ പാർത്തു പിറ്റെ ദിവസം അന്ത്രയാസ് ശിമൊ

ൻ എന്ന തന്റെ സഹൊദരനൊടു നാം മശിഹായെ കണ്ടു എന്നു ചൊല്ലി അവനെ ഈശൊ

വിന്റെ അടുക്കൽ കൂട്ടിക്കൊണ്ടു ചെന്നാറെ ഈശൊ അവനെ നൊക്കി

യൊനായുടെ പുത്രനായ ശിമൊനെ നിനക്കു കെപ്പാ എന്നു പെർ ആകും എ

ന്നു അരുളിച്ചെയ്തു പിറ്റെന്നാൾ ഈശൊ പീലിപ്പൊസിനെ കണ്ടു എ

ന്റെ പിന്നാലെ വരിക എന്നു കല്പിച്ചു പീലിപ്പൊസ് നഥാനയെലിനെ

കണ്ടു മൊശെയും ദീർഘദർശിമാരും വെദത്തിൽ എഴുതിയിരിക്കുന്നവനെ നാം കണ്ടു

നസറത്തിലെ യൊസെഫിന്റെ മകനായ ഈശൊ തന്നെ ആകുന്നു എന്നതു

കെട്ടാറെ നസറത്തിൽ നിന്നു ഒരു നന്മ എങ്കിലും വരുമൊ എന്നു നഥാനയെൽ

പറഞ്ഞു നീ വന്നു കാണുക എന്നു പറഞ്ഞു നഥാനയെൽ ഈശൊവിന്റെ അടുക്കൽ വന്നപ്പൊൾ

ഉടനെ ഇതാ കപടമില്ലാത്ത ഇസ്രായെലൻ എന്നു കല്പിച്ചു

എന്നെ നീ എവിടെ നിന്നു അറിഞ്ഞു എന്നു അവൻ ചൊദിച്ചപ്പൊൾ പീലി

പ്പൊസ് നിന്നെ വിളിക്കും മുമ്പെ നീ അത്തിവൃക്ഷത്തിൻ കീഴിൽ ഇരിക്കുമ്പൊൾ

ചൊദനാറെ യെരുശലെമിൽ [illegible] പുത്രനെ [illegible] യാൽ [illegible] മാകുന്നു-എന്നെര
ക്കുന്നതും [illegible] ഇതിൽ കണ്ട [illegible] പറഞ്ഞതുകൊ
ണ്ടു [illegible] വിശ്വസിക്കുന്നവരൊ [illegible] നിത്യജീവനെ [illegible] മഹത്വമുള്ളതിനെ കാ
ണും എന്നരുളിച്ചെയ്തു-

മൂന്നാം ദിവസം കഴിഞ്ഞാറെ കാനായിൽ ഉണ്ടാകുന്ന കല്യാണത്തിന്നു ശി
ഷ്യന്മാരൊടു കൂട യെശുവെയും അമ്മയെയും അവർ ക്ഷണിച്ചിരുന്നു അവിടെ
വീഞ്ഞു കുറവു വന്നപ്പൊൾ മാതാവായ മറിയ യെശുവൊടു അവർക്കു വീഞ്ഞില്ല
എന്നു പറഞ്ഞതിന്നു അവൻ എന്റെ സമയം വന്നില്ല എന്നു പറഞ്ഞു-അമ്മ
വെലക്കാരൊടു അവൻ എന്തെങ്കിലും കല്പിച്ചാൽ ചെയ്യിൻ എന്നു പറഞ്ഞ
പ്പൊൾ യെശു ആറു കൽഭരണികളിൽ വെള്ളം നിറെപ്പാൻ വെലക്കാരൊടു
കല്പിച്ചു-അവർ നിറെച്ചു കല്പന പ്രകാരം കൊണ്ടുവരുന്ന പ്രമാണിക്കു കൊടു
ത്തു അവൻ രുചി നൊക്കിയപ്പൊൾ മണവാളനെ വിളിച്ചു എല്ലാവരും മുമ്പിൽ ന
ല്ല വീഞ്ഞു കൊടുത്തു ജനങ്ങൾ നല്ലവണ്ണം കുടിച്ച ശെഷം താണതിനെയും കൊ
ടുക്കുന്നു നീ ഇതുവരെ നല്ലതു സംഗ്രഹിച്ചുവല്ലൊ എന്നു പറഞ്ഞു-യെശു
വിന്റെ ഒന്നാം അതിശയം ഇതിനാൽ അവൻ തന്റെ മഹത്വത്തെ പ്ര
കാശിപ്പിച്ചു ശിഷ്യന്മാർ അവങ്കൽ വിശ്വസിക്കയും ചെയ്തു-

൬. ശമൎയ്യക്കാരത്തി

യെശു പെസഹാ പെരുനാൾ കഴിഞ്ഞ ശെഷം ഗലിലയിലെക്കുള്ള
യാത്രയിൽ യെശു ശമൎയ്യരാജ്യത്തിൽ സിഖാർ പട്ടണസമീപത്തിങ്കൽ യാക്കൊ
ബിന്റെ കിണറു കണ്ടു ക്ഷീണനാകയാൽ അതിന്റെ കരമെൽ ഇരു
ന്നു ശിഷ്യന്മാർ ഭക്ഷണസാധനങ്ങളെ വാങ്ങുവാൻ അങ്ങൊട്ടു പൊയാറെ
ഒരു സ്ത്രീ വന്നു കിണറ്റിൽ നിന്നു വെള്ളം എടുത്തപ്പൊൾ എനിക്കു കുടിപ്പാൻ
തരിക എന്നു യെശു പറഞ്ഞതു കെട്ടു യഹൂദനായ നീ ശമൎയ്യക്കാരത്തിയൊടു
വെള്ളത്തിന്നു ചൊദിക്കുന്നതു എന്തു എന്നു പറഞ്ഞപ്പൊൾ യെശു ദൈവാ
നുഗ്രഹത്തെയും നിന്നൊടു വെള്ളം ചൊദിക്കുന്നവനെയും അറിഞ്ഞി
രുന്നെങ്കിൽ നീ ചൊദിക്കും അവൻ നിനക്കു ജീവനുള്ള വെള്ളം തരികയും ചെയ്യുമായി

തന്നൊരറ വെള്ളം കുടിക്കുന്നവൻ പിന്നെയും ദാഹിക്കും ഞാൻ കൊടുക്കുന്ന
വെള്ളം കുടിക്കുന്നവന്നു പിന്നെയും ഒരുനാളും ദാഹിക്കയില്ല എന്നാറെ
അവൾ കർത്താവെ ദാഹിക്കാതെയും ഇവിടെ വെള്ളം കോരു
വാൻ വരാതെയും ഞാനിരിക്കേണ്ടതിന്നു ആ വെള്ളം എനിക്കു തരെണം എന്നു
പറഞ്ഞപ്പൊൾ ഈശോ നിന്റെ ഭർത്താവിനെ വിളിച്ചു ഇവിടെ വ
രിക എന്നു കല്പിച്ചു (൧൭) എനിക്കു ഭർത്താവില്ല എന്നു അവൾ പറഞ്ഞതു [illegible]
ശരിതന്നെ നിനക്കഞ്ചു ഭർത്താക്കന്മാർ ഉണ്ടായിരുന്നു ഇപ്പൊൾ ഉള്ളവ
ൻ നിന്റെ ഭർത്താവല്ല എന്നു പറഞ്ഞു [illegible] (൧൯) കർത്താവെ നീ
ദീർഘദർശി എന്നു എനിക്കു തോന്നുന്നു ഞങ്ങളുടെ പൂർവ്വന്മാർ ഈ ഗിരിയി
ന്മെൽ വെച്ചു ദൈവത്തെ വന്ദിച്ചു നിങ്ങൾ യെറുശലെം പട്ടണം
ദൈവസ്ഥലം എന്നു പറയുന്നുവല്ലൊ [illegible] എന്നു ചൊദി
ച്ചാറെ സത്യവന്ദനക്കാർ പിതാവിനെ ആത്മാവിലും സത്യത്തിലും വന്ദി
പ്പാനുള്ള സമയം വരുന്നു എന്നു നീ വിശ്വസിക്ക - ദൈവം ആത്മാവാകുന്നു
അവനെ വന്ദിക്കുന്നവർ അവനെ ആത്മാവിലും സത്യത്തിലും വന്ദിക്കെ
ണം എന്നതു കെട്ട മിശിഹാ വന്നാൽ നമുക്കു സകലവും ഉപദെശിക്കും എന്നു
(൨൬) പറഞ്ഞാറെ നിന്നോടു സംസാരിക്കുന്നവൻ അവൻ തന്നെ എന്നു ഈ
ശോ പറഞ്ഞ ശെഷം (൨൮) കുടം വെച്ചു നഗരത്തിലെക്കു ഓടിപ്പോയി [illegible]
ന്റെ അരികിൽ ഒരു മനുഷ്യൻ ഇരിക്കുന്നു ഞാൻ ചെയ്തിട്ടുള്ളതൊ
ക്കെയും അവൻ എന്നോടു പറഞ്ഞു [illegible]
നൊക്കുവാൻ വരുവിൻ എന്നു പറഞ്ഞപ്പൊൾ അവരെല്ലാവരും വന്നു ഈ
ശോയെ കണ്ടു കുറെ ദിവസം ഞങ്ങളൊടു കൂടെ പാർക്കെണമെന്നപെക്ഷിച്ചാ
റെ അവൻ രണ്ടു ദിവസം അവിടെ പാർത്തു അവന്റെ ഉപദെശം കെട്ട പല
രും അവനിൽ വിശ്വസിച്ചു (൪൨) [illegible] ഇവൻ ലൊകരക്ഷിതാവാകുന്നു [illegible]
[illegible] വചനം [illegible] കെട്ട
[illegible] വിശ്വസിക്കുന്നു [illegible]

[illegible]

യെശു ഒരു ദിവസം ഗലിലകടൽകരമിയെ കഫെൎന്നഹും പട്ടണത്തിങ്കൽനി
ന്നു പ്രസംഗിക്കുമ്പൊൾ വളരെ ജനങ്ങൾ ദൈവവചനം കെൾപ്പാൻ തിക്കി തി
രക്കിവന്നാറെ അവൻ ശിമൊൻ എന്ന പെത്രന്റെ തൊണിയിൽ കരെറി
യിരുന്നു പ്രസംഗിച്ചു- അനന്തരം അവൻ പെത്രനൊടു നീ കടലിലെക്കവ
ഴിച്ചു വലയിടെണമെന്നു കല്പിച്ചപ്പൊൾ ഗുരൊ ഞങ്ങൾ രാത്രിമുഴുവൻ
അദ്ധ്യാനിച്ചിട്ടും ഒന്നും കിട്ടീട്ടില്ലാ എങ്കിലും നിന്റെ വചനപ്രകാരം വല
യിടാം എന്നു അവൻ പറഞ്ഞു വീശിയപ്പൊൾ വലിയ മീൻകൂട്ടമകപ്പെട്ടു
വലകീറിയതുകൊണ്ടു മറ്റുള്ള തൊണിക്കാരെ വിളിച്ചു രണ്ടു തൊണികളു
മാറൊളം മത്സ്യം നിറെക്കയും ചെയ്തു- ഈ അത്ഭുതം കണ്ടാറെ പെത്രൻ
യെശുവിന്റെ കാൽക്കൽ വീണു കൎത്താവെ ഞാൻ പാപിയാകുന്നു നീ എന്നെ
വിട്ടുമാറെണമെന്നു പറഞ്ഞു അവനും കൂടയുള്ളവരെല്ലാവരും ഭ്രമിച്ചെ
പ്പൊൾ യെശു പെത്രനൊടു ഭയപ്പെടെണ്ട ഇനിമെൽ ഞാൻ നിങ്ങളെ ജനങ്ങളെ
പിടിപ്പവൎക്കും എന്റെ പിന്നാലെ വരുവിൻ എന്നു കല്പിച്ചാറെ
അവർ തൊണികളെ കരമെൽ എറ്റി സകലവും വിട്ടു യെശുവിന്റെ കൂടപ്പൊകി-

കുറെകാലം കഴിഞ്ഞാറെ യെശു ശിഷ്യന്മാരൊടു കൂട ഗലിലയിൽ
നിന്നു കഫെൎന്നഹും പട്ടണത്തിൽ എത്തിയപ്പൊൾ തലപ്പണം വാങ്ങുന്നവർ
വന്നു പെത്രനൊടു നിങ്ങളുടെ ഗുരു തലപ്പണം കൊടുക്കുമൊ എന്നു ചൊദിച്ചാ
റെ പെത്രൻ കൊടുക്കും എന്നു പറഞ്ഞു വീട്ടിലെത്തിയനെരം യെശു ശിമൊ
ൻ നിനക്കു എന്തു തൊന്നുന്നു രാജാക്കന്മാർ ആരിൽനിന്നു ചുങ്കവും തല
പ്പണവും വാങ്ങും പുത്രന്മാരിൽനിന്നൊ അന്യന്മാരിൽനിന്നൊ എന്നു ചൊദി
ച്ചതിന്നു അന്യന്മാരിൽനിന്നു തന്നെ എന്നു പെത്രൻ പറഞ്ഞതു കെട്ടു
യെശു എന്നാൽ പുത്രന്മാർ ഒഴിവുള്ളവർ എങ്കിലും അവൎക്കു വിരസം വരാ
തിരിപ്പാൻ കടലിൽനിന്നു ഒരു മത്സ്യം വറ്റെടുക്ക അതിന്റെ വായിൽ ഒരു
വെള്ളിക്കാശ് കാണും അതു എടുത്തു എനിക്കും നിനക്കും വെണ്ടി കൊടുക്ക
എന്നു കല്പിക്കയും ചെയ്തു-

നം. ൭. പ്രസംഗം

അനന്തരം യെശുവുമിറങ്ങാടുവാനെതുകാണ്ണെ [illegible] ങ്ങളെ ഒരുമലമെ
ൽ കയറിയിരുന്ന ശിഷ്യന്മാർ അടുക്കെ വന്നാറെ അവരൊടു പറഞ്ഞതു-
ആത്മദാരിദ്ര്യവും സൌമ്യതയും ദുഃഖവും കരുണയും ഹൃദയശുദ്ധിയുമുള്ള
വരും സമാധാനം നടത്തുന്നവരും നീതിക്കായി വിശന്നു ദാഹിക്കുന്നവരും
നീതിനിമിത്തമായും എൻനിമിത്തമായും പീഡസഹിക്കുന്നവരും ഭാ
ഗ്യവാന്മാരാകുന്നു- നിങ്ങൾ ലൊകത്തിന്റെ ഉപ്പും വെളിച്ചവുമാകുന്നു
ദൈവകല്പനകളെ നീക്കുവാനല്ല നിവൃത്തിക്കുവാനും അവ
റെ പ്രമാണിക്കെണ്ടതിന്നു ഉപദെശിപ്പാനത്രെ ഞാൻ വന്നിരിക്കുന്നു-
പ്രാർത്ഥിക്കയും ഉപവസിക്കയും ധർമ്മം കൊടുക്കയും ചെയ്യുന്നത് മനുഷ്യരി
ൽനിന്നുള്ള സ്തുതിക്കായിട്ടല്ല സകല രഹസ്യങ്ങളെയും അറിയുന്ന സ്വ
ർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പാകെ രഹസ്യത്തിൽ ചെയ്യെണ്ടുന്നതാ
കുന്നു- ഭൂമിയിൽ സമ്പത്തുകളെ രാശികൂട്ടിക്കാതെ സ്വർഗ്ഗത്തിലെക്കനി
ക്ഷെപങ്ങളെ കൂട്ടിവെപ്പിൻ അവിടെ പുഴുവും തുരുമ്പും കെടുക്കയി
ല്ലാ കള്ളന്മാർ വന്നു മൊഷ്ടിക്കയും ഇല്ലാ നിങ്ങളുടെ നിക്ഷെപം എവിടെ
ആയിരിക്കുന്നുവൊ അവിടെ നിങ്ങളുടെ ഹൃദയവും ഇരിക്കും പ്രാണനെക്കുറിച്ചും ശരീരത്തെക്കുറിച്ചും
വിചാരപ്പെടെണ്ടാ എന്തു ഭക്ഷിക്കും എന്തു ധരിക്കും എന്നു [illegible]
ഭിക്കരുത് ഭക്ഷണത്തെക്കാൾ പ്രാണനും ഉടുപ്പിനെക്കാൾ ശരീരവും ശ്രെ
ഷ്ഠമല്ലയൊ പക്ഷികളെ നൊക്കുവിൻ അവ വിതെക്കയും കൊയ്കയും
കളപ്പുരകളിൽ കൂട്ടിവെക്കയും ചെയ്യുന്നില്ല എങ്കിലും സ്വർഗ്ഗസ്ഥനായ പി
താവ് അവറ്റെ പുലർത്തുന്നു അവറ്റെക്കാൾ നിങ്ങൾ അധികം വിശെഷ
പ്പെട്ടവരല്ലയൊ ഉടുപ്പിനെക്കുറിച്ചും എന്തിന്നു ചിന്തിക്കുന്നു പുഷ്പങ്ങളെ
[illegible] വളരുന്നു എന്നു വിചാരിപ്പിൻ അവ അദ്ധ്വാനിക്കുന്നില്ല നൂൽ നൂക്കുന്നതു
മില്ല എങ്കിലും ശലൊമൊൻ രാജാവിന്നും അവറ്റെ പൊലെ അലങ്കാരം ഉ
ണ്ടായിരുന്നില്ല നിശ്ചയം ഇന്നിരുന്നു നാളെ അടുപ്പിൽ ഇടുന്ന പുല്ലിനെ
ഉടുപ്പിക്കുന്നു എങ്കിൽ അല്പവിശ്വാസികളെ നിങ്ങളെ എത്രയും
അധികം ഉടുപ്പിക്കയില്ലയൊ ആകയാൽ അന്നവസ്ത്രാദികളെക്കൊണ്ടും നിങ്ങൾ വ്യാകുലപ്പെടരുതു

ന[illegible] നിങ്ങൾ ദൈവരാജ്യത്തെയും അവന്റെ
നീതിയെയും മുമ്പിൽ അന്വെഷിപ്പിൻ എന്നാൽ ഇവ ഒക്കെയും നിങ്ങൾക്കു സാധി
ക്കും- സഹോദരന്മാരെ [illegible] ദൈവമുമ്പാകെ [illegible]
ട്ടുള്ളതു പാപവരങ്ങളെ [illegible] നിന്നു പ്രാർത്ഥിപ്പിൻ- പ്രാ
ർത്ഥിക്കുമ്പൊൾ ഇപ്രകാരം ചൊല്ലെണം- സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാ
വെ നിന്റെ നാമം പരിശുദ്ധമാക്കപ്പെടെണമെ നിന്റെ രാജ്യം വരെണ
മെ നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെ പൊലെ ഭൂമിയിലും ചെയ്യപ്പെടെണമെ
ഇന്നു ഞങ്ങൾക്കു വെണ്ടുന്ന അപ്പം തരെണമെ- ഞങ്ങളൊടു തെറ്റം
ചെയ്യുന്നവരൊടു ഞങ്ങൾ ക്ഷമിക്കുന്നതുപൊലെ ഞങ്ങളുടെ തെറ്റങ്ങളെ
യും ക്ഷമിക്കെണമെ- ഞങ്ങളെ പരീക്ഷയിൽ അകപ്പെടുത്താതെ
ദൊഷത്തിൽനിന്നു രക്ഷിക്കയും ചെയ്യെണമെ- രാജ്യവും ശക്തിയും മഹ
ത്വവും എന്നെക്കും നിനക്കുള്ളതാകുന്നുവല്ലൊ ആമെൻ-

നിങ്ങളിൽ യാതൊരുത്തന്റെ പുത്രൻ എങ്കിലും പിതാവിനൊടു
അപ്പം ചൊദിച്ചാൽ അവന്നു കല്ലു കൊടുക്കുമൊ- മ
ത്സ്യം ചൊദിച്ചാൽ സർപ്പത്തെ കൊടുക്കുമൊ- ആകയാൽ ദൊഷികളായി
രിക്കുന്ന നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായിരിക്കുന്ന നിങ്ങളുടെ പിതാ
വ് തന്നൊടു യാചിക്കുന്നവർക്കു എത്ര അധികം നന്മകളെ കൊടുക്കും- ഇടുക്കമാ
യുള്ള വാതിലിൽ കൂടി അകത്തു കടപ്പിൻ നാശത്തിലെക്കു ചെല്ലുന്ന വാതിൽ വീതിയുള്ളതും വഴി വിശാല
മുള്ളതും ആകുന്നു- [illegible] കള്ളപ്രവാചകന്മാരെ [illegible]
[illegible]
[illegible]
[illegible] അവരുടെ ഫലങ്ങളാൽ [illegible]
[illegible] നല്ല വൃക്ഷം [illegible] നല്ല ഫലങ്ങളെ [illegible]
[illegible] എന്നൊടു കർത്താവെ കർത്താവെ എന്നു പറയുന്നവൻ എല്ലാം സ്വർഗ്ഗരാജ്യത്തിലെക്കു പ്രവെശിക്കയില്ല സ്വ
ർഗ്ഗസ്ഥനായിരിക്കുന്ന എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രെ പ്രവെശിക്കും-

എന്റെ വചനങ്ങളെ കെട്ടനുസരിക്കുന്നവൻ തന്റെ വീടു ഒരു പാറമെൽ പണിചെയ്യുന്ന ബുദ്ധിമാനായ മനുഷ്യനൊടു സദൃശനാകുന്നു മഴ വെള്ളങ്ങൾ വൎദ്ധിച്ചു വീട്ടിന്മെൽ അലച്ചാലും കാറ്റുകൾ അടിച്ചാലും പാറമെൽ സ്ഥാപിച്ചിരിക്കകൊണ്ടു അത് വീഴുകയില്ല വചനം കെട്ടനുസരിക്കാത്തവൻ മണലിന്മെൽ വീടുപണിചെയ്ത ഭൊഷനായ മനുഷ്യനൊടു തുല്യനാകുന്നു മഴ വെള്ളങ്ങൾ വൎദ്ധിച്ചു ചെന്നു കാറ്റടിക്കുമ്പൊൾ അതു വീഴുമല്ലൊ അതിന്റെ വീഴ്ച ഏറ്റവും വലുതായിരിക്കും എന്നു പറകയും ചെയ്തു —

൨൦. യെശു ചെയ്ത അതിശയങ്ങൾ

യറുശലെം സമീപത്തു ബെതെസ്ദാ എന്ന കുളത്തിലെ വെള്ളം രൊഗശാന്തിക്കു ഏറ്റവും വിശെഷമായിരുന്നു — ദൈവശക്തിയാൽ ആ വെള്ളം കലങ്ങുമ്പൊൾ യാതൊരു രൊഗി എങ്കിലും മുമ്പെ അതിൽ മുഴുകിയാൽ സൌഖ്യം വരും — അവിടെ ധൎമ്മിഷ്ഠന്മാർ ദീനക്കാൎക്കു വെണ്ടി അഞ്ചു മണ്ഡപങ്ങളെ ഉണ്ടാക്കിയിരിക്കകൊണ്ടു പല രൊഗികളും വെള്ളത്തിന്റെ കലക്കമുണ്ടാകുമ്പൊൾ മുഴുകെണ്ടതിന്നായി കാത്തിരുന്നു യെശു യറുശലെമിൽ പെരുനാളിന്നു വന്നു ദീനക്കാരെ കാണ്മാൻ ബെതെസ്ദാക്കിൽ പൊകയപ്പൊൾ മുപ്പത്തെട്ടു വൎഷം രൊഗിയായി കിടന്നൊരു മനുഷ്യനെ കണ്ടു നിനക്കു സ്വസ്ഥനാവാൻ മനസ്സുണ്ടൊ എന്നു ചൊദിച്ചാറെ അവൻ കൎത്താവെ എറെ വെള്ളത്തിൽ കലക്കമുണ്ടാകുമ്പൊൾ എന്നെ കുളത്തിൽ കൊണ്ടുപൊവാൻ ആരുമുണ്ടാകുന്നില്ല പണിപ്പെട്ടു ഞാൻ തന്നെ പൊവാൻ തുടങ്ങിയാൽ ഉടനെ മറ്റൊരുത്തൻ വെള്ളത്തിൽ ഇറങ്ങി മുഴുകുന്നു എന്നു പറഞ്ഞ ശെഷം യെശു നീ എഴുനീറ്റു നിന്റെ കിടക്ക എടുത്തു നടക്ക എന്നു കല്പിച്ചപ്പൊൾ അവൻ എഴുനീറ്റു കിടക്ക എടുത്തു നടന്നു സ്വസ്ഥനായി വരികയും ചെയ്തു — പിന്നെ യെശു കപൎന്നഹൂം പട്ടണത്തിലെക്കു വന്നപ്പൊൾ രൊമശതാധിപൻ തന്റെ പ്രിയനായ വെലക്കാരൻ ദീനം പിടിച്ചു മരിപ്പാറായപ്പൊൾ അവനെ സൌഖ്യമാക്കെണമെന്നു ചില യഹൂദമൂപ്പന്മാരെ അയച്ചു അവർ യെശുവിനെ കണ്ടു ശതാധിപൻ നമ്മുടെ ജാതിയെ സ്നെഹിച്ചു ഞങ്ങൾക്കു ഒരു പ

ള്ളിയെ പണിയിച്ചിരിക്ക കൊണ്ടു അവനെ വിചാരിച്ചു രൊഗശാന്തി വരുത്തി
കൊടുക്കെണമെന്നു അപെക്ഷിക്കയാൽ ഈശൊ അവരൊടു കൂടെ പൊക
പ്പൊൾ ശതാധിപൻ തന്റെ ഇഷ്ടന്മാരെ അയച്ചു കർത്താവെ നീ വീട്ടിൽ വ
രുവാൻ ഞാൻ യൊഗ്യനല്ല ഒരു വാക്കു കല്പിച്ചാൽ എന്റെ വെലക്കാ
രൻ സ്വസ്ഥനാകും- ഞാനും അധികാരത്തിൻ കീഴിലുള്ള ഒരു മനുഷ്യൻ ആ
കുന്നു എന്റെ കീഴിലും പട്ടാളക്കാരുണ്ടു ഞാൻ ഒരുത്തനൊടു പൊക
എന്നു പറഞ്ഞാൽ അവൻ പൊകുന്നു മറ്റൊരുത്തനൊടു വരിക എന്നു
പറഞ്ഞാൽ അവൻ വരുന്നു വെലക്കാരനൊടു അതു ചെയ്ക എന്നു ക
ല്പിച്ചാൽ അവൻ ചെയ്യുന്നു എന്നു പറയിച്ചു- ഈശൊ അതു കെട്ടാറെ
അതിശയിച്ചു തിരിഞ്ഞു ജനങ്ങളെ നൊക്കി ഇപ്രകാരമുള്ള വിശ്വാ
സം ഞാൻ ഇസ്രായെലിലും കണ്ടില്ല നിശ്ചയം എന്നു പറഞ്ഞു അയച്ചവ
രൊടു പൊകുമ്പൊൾ വിശ്വാസപ്രകാരം ഭവിക്കട്ടെ എന്നു കല്പിച്ചു അ
യവർ വീട്ടിൽ എത്തി കാണുമ്പൊൾ രൊഗി സൌഖ്യവാനായിരിക്കുന്നതു കാ
ണുകയും ചെയ്തു- അനന്തരം ഈശൊ ശിഷ്യന്മാരൊടു കൂടി ഒരു വടത്തിൽ
കയറി വഴിച്ചു കര വിട്ടു താൻ അമരത്തു ഉറങ്ങി കൊണ്ടിരിക്കുമ്പൊൾ
കാറ്റുകൊണ്ടു തിരകളും വന്നു വഞ്ചിയിൽ വെള്ളം നിറഞ്ഞു ഉടയുമെന്നു
മാറായാറെ ശിഷ്യന്മാർ ഭയപ്പെട്ടു അവനെ ഉണർത്തി ഗുരൊ ഗുരൊ ഞ
ങ്ങൾ നശിച്ചു പൊകുന്നു ഞങ്ങളെ രക്ഷിക്കെണമെ എന്നു പറ
ഞ്ഞാറെ അവൻ എഴുനീറ്റു അല്പവിശ്വാസികളെ നിങ്ങൾ എന്തിനു
ഭയപ്പെടുന്നു എന്നു കല്പിച്ചു കാറ്റിനെയും കടലിനെയും ശാസിച്ചതി
ന്റെ ശെഷം മഹാശാന്തത ഉണ്ടായി ആയതു കണ്ടാറെ അവർ കാറ്റും
കടലും കൂടെ ഇവനെ അനുസരിക്കുന്നു ഇവൻ ആരാകുന്നു- എന്നു പറഞ്ഞാ
ശ്ചര്യപ്പെട്ടതിന്റെ ശെഷം അവൻ അക്കര ഗദര ദെശത്തിൽ എത്തി
യപ്പൊൾ പിശാചു ബാധിച്ചു രണ്ടു മനുഷ്യരെ കണ്ടു അവർക്കു സൌഖ്യം വ
രുത്തി കഫർന്നഹൂം പട്ടണത്തിലെക്കു യാത്രയായി ഒരു വീട്ടിൽ പ്രവെശി
ച്ചതു ജനങ്ങൾ കെട്ടാറെ സംഘമായി വീട്ടിന്റെ ചുറ്റും നിന്നപ്പൊൾ

അവൻ സുവിശേഷം പ്രസംഗിച്ചു. അന്നു ചില ജനങ്ങൾ ഒരു പക്ഷവാ
തക്കാരനെ എടുത്തുകൊണ്ടുവന്ന് അവന്റെ മുമ്പാകെ വെപ്പാൻ ഭാവി
ച്ചു പുരുഷാരം നിമിത്തം വാതിക്കൽകൂടി പോവാൻ വഴിയില്ലായ്കകൊണ്ടു വീ
ട്ടിന്മേൽ കയറി പുരമേലൂടെ അവനെ ഈശോയിൻ മുമ്പാകെ ഇറക്കി. ഈ
ശോ അവരുടെ വിശ്വാസം കണ്ടാറെ അവനോടു പുത്ര നിന്റെ പാപങ്ങൾ
മാപ്പിച്ചിരിക്കുന്നു. നീ എഴുനീറ്റു നിന്റെ കിടക്ക എടുത്തു വീട്ടിൽ പോക
എന്നതു കേട്ട ഉടനെ പക്ഷവാതക്കാരൻ എഴുനീറ്റു കിടക്ക എടുത്തു വീ
ട്ടിലേക്കു പോയതു കണ്ടാറെ പലരും അതിശയിച്ചു നാമിന്ന് അപൂൎവ്വ
വസ്തു കണ്ടു എന്നു പറഞ്ഞു ദൈവത്തെ സ്തുതിക്കയും ചെയ്തു—

൨൭. ഈശോ ചെയ്ത അതിശയങ്ങൾ (തുടൎച്ച)

ചില കാലം കഴിഞ്ഞാറെ ഈശോ ശിഷ്യന്മാരോടും വലിയ ജനസംഘത്തോടും
കൂടെ യാത്രയായി നായിൻ പട്ടണസമീപത്തെത്തിയപ്പോൾ ഒരു വിധവയുടെ
മരിച്ച ഏക പുത്രനെ കുഴിച്ചിടുവാൻ കൊണ്ടുവന്നതും മഹാ ദുഃഖിതയാ
യ തള്ളയെയും കണ്ടു കനിവു തോന്നി കരയരുത് എന്നു വിലക്കി ശവം
എടുത്തവർ നിന്നാറെ പ്രേതമഞ്ചം തൊട്ടു കുഞ്ഞിയോ എഴുനീല്ക്ക
എന്നു ഞാൻ നിന്നോടു കല്പിക്കുന്നു എന്നു പറഞ്ഞ ഉടനെ മരിച്ചവൻ എ
ഴുനീറ്റിരുന്നു സംസാരിച്ചു തുടങ്ങിയപ്പോൾ ഈശോ അവനെ മാതാവിന്നു
ഏല്പിച്ചുകൊടുത്തു. ഇതു കണ്ടപ്പോൾ ജനങ്ങൾ വളരെ ഭയപ്പെട്ടു ദൈവം ത
ന്റെ ജാതിയെ കടാക്ഷിച്ചു വലിയ പ്രവാചകനെ അയച്ചു എന്നു പറഞ്ഞു
ദൈവത്തെ സ്തുതിക്കയും ചെയ്തു—

പിന്നെ ഈശോ ജനങ്ങളെ ദൈവവചനത്തെ ഗ്രഹിപ്പിച്ചുകൊ
ണ്ടിരിക്കുമ്പോൾ യായിർ എന്ന പ്രമാണി വന്ന് അവനെ വന്ദിച്ചു ഏകദേ
ശം പന്ത്രണ്ടു വയസ്സുള്ള ഒരു ഏക പുത്രി രോഗം പിടിച്ചു മരിപ്പാറായിരി
ക്കകൊണ്ടു നീ ഉടനെ വന്ന് അവളെ സൌഖ്യമാക്കേണം എന്നു അപേക്ഷിച്ചാ
റെ ഈശോ അവനോടു കൂടെ പോകുമ്പോൾ ജനങ്ങൾ അവനെ ഞെരുക്കി
ന്നു. അന്നു പന്ത്രണ്ടു വൎഷം തന്റെ രക്തസ്രവത്തിന്നു ധനമൊക്കെയും ചെ

റ്റയെ വലപ്പെട്ട ഒരു സ്ത്രീ ഉണ്ടായിരുന്നു അവൾ യെശുവിന്റെ അവസ്ഥ കെട്ടു വന്നു അവന്റെ വസ്ത്രം മാത്രം പിന്നിൽ നിന്നു തൊടുവാൻ സംഗതി വന്നതിനാൽ സ്രാവം ശമിച്ചു - അപ്പൊൾ യെശു എന്നെ തൊട്ടതാരെന്നു ചൊദിച്ചാറെ ശിഷ്യന്മാർ പുരുഷാരം നിന്നെ തിക്കി വരുന്നതു കാണുന്നു എന്നെ തൊട്ടതാരെന്നു ചൊദിപ്പാൻ സംഗതി ഉണ്ടൊ എന്നു പറഞ്ഞപ്പൊൾ അപ്രകാരമല്ല എന്നിൽ നിന്നു ഒരു ശക്തി പുറപ്പെട്ടതു ഞാൻ അറിയുന്നു ഒരാൾ എന്നെ തൊട്ടിട്ടുണ്ടു എന്നു പറഞ്ഞ നെരം ആ സ്ത്രീ വിറെച്ചും കൊണ്ടു വന്നു നമസ്കരിച്ചു സകലത്തെയും അറിയിച്ച ശെഷം അവൻ മകളെ ധൈൎയ്യമായിരിക്ക നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചു സമാധാനത്തൊടെ പൊക എന്നു പറഞ്ഞു - അക്ഷണം പ്രമാണിയുടെ വീട്ടിൽ നിന്നു ഒരാൾ വന്നു നിന്റെ മകൾ മരിച്ചിരിക്കുന്നു ഗുരുവിനെ വരുത്തുവാൻ ആവശ്യമില്ല എന്നു പറഞ്ഞതു യെശു കെട്ടു അവനൊടു നീ ഭയപ്പെടെണ്ട മുറ്റും വിശ്വസിക്ക എന്നു പറഞ്ഞു വീട്ടിലെക്ക ചെന്ന സമയം എല്ലാവരും അവളെ കുറിച്ചു കരഞ്ഞു വിലപിച്ചപ്പൊൾ നിങ്ങൾ കരയെണ്ട അവൾ മരിച്ചില്ല ഉറങ്ങുന്നത്രെ എന്നു ചൊല്ലിയാറെ അവർ പരിഹസിച്ചു - അനന്തരം അവൻ പെത്രൊസിനെയും യൊഹനാനെയും യാക്കൊബിനെയും അവളുടെ മാതാപിതാക്കന്മാരെയും ഒഴികെ എല്ലാവരെയും പുറത്താക്കി കുട്ടിയുടെ കൈ പിടിച്ചു ബാലെ എഴുനീല്ക്ക എന്നു കല്പിച്ചു ഉടനെ ആത്മാവ് തിരിച്ചു വന്നു അവൾ എഴുനീല്ക്കയും ചെയ്തു —

൨൮. യെശു ചെയ്ത അതിശയങ്ങൾ (തുടൎച്ച)

പിന്നെ യെശു ഒരു വനത്തിലെക്ക പൊകുമ്പൊൾ വഴിയിൽ നിന്നും ജനങ്ങൾ വന്നു അവന്റെ പിന്നാലെ ചെല്ലുന്നതു കണ്ടാറെ അവർ ഇടയനില്ലാത്ത ആട്ടുകൾ പൊലെ ഉഴറിക്കുന്നു എന്നു പറഞ്ഞു അവരുടെ മെൽ മനസ്സലിഞ്ഞു അവരിൽ ദീനക്കാരെ സൌഖ്യമാക്കി ദൈവവചനം പ്രസംഗിച്ചു - വൈകുന്നെരമായപ്പൊൾ ശിഷ്യന്മാർ അരികെ വന്നു ഗുരൊ ഇതു വനപ്രദെശം ആകകൊണ്ടു ചുറ്റുമുള്ള ഗ്രാമങ്ങളിലും ദെശങ്ങളിലും ചെന്നു ഭക്ഷണസാധ

ണങ്ങളെ വാങ്ങുവാനായി അവരെ പറഞ്ഞയക്കെണം നെരവും അധികമാ
യി ഞങ്ങൾ അവർക്ക എന്തു ഇല്ല എന്ന അറിയിച്ചാറെ യെശു നിങ്ങൾ തന്നെ അവ
ൎക്ക ഭക്ഷിപ്പാൻ കൊടുപ്പിൻ എന്നു കല്പിച്ച ശെഷം അവർ ഇരുനൂറു പണ
ത്തിന്ന അപ്പം വാങ്ങിയാൽ ഒരൊരുത്തന്ന അല്പാല്പം എടുപ്പാൻ പൊരാ
ഇവിടെ അഞ്ചു അപ്പവും രണ്ടു ചെറിയ മീനും മാത്രമെ ഉള്ളു എന്നറിയി
ച്ചപ്പൊൾ അവരെ പുല്ലിന്മെൽ ഇരുത്തുവാൻ കല്പിച്ചു അഞ്ചപ്പവും രണ്ടു
മീനും വാങ്ങി മെല്പെട്ടു നൊക്കി ദൈവത്തെ സ്തുതിച്ചു അപ്പങ്ങളെ നുറുക്കി
പുരുഷാരത്തിന്ന കൊടുപ്പാനായി ശിഷ്യന്മാൎക്ക കൊടുത്തു അവരും അപ്ര
കാരം തന്നെ ചെയ്തു- എല്ലാവരും ഭക്ഷിച്ചു തൃപ്തന്മാരായി കൎത്താവിന്റെ
കല്പനപ്രകാരം കഷണങ്ങളെ ഒക്കയും ഒന്നിച്ചു കൂട്ടി പന്ത്രണ്ടു കൊട്ട നിറെ
കയും ചെയ്തു- ഇങ്ങിനെ ഭക്ഷിച്ചു തൃപ്തരായവർ സ്ത്രീകളും ബാലന്മാ
രുമൊഴികെ അയ്യായിരം ആണുങ്ങൾ ആയിരുന്നു--

ആ പുരുഷാരങ്ങളെ പറഞ്ഞയച്ചശെഷം യെശു ഒരു മലമെൽ പ്രാ
ൎത്ഥിപ്പാനായി കയറിയിരുന്ന സമയം ശിഷ്യന്മാർ അക്കരെക്ക പൊവാൻ ഒരു
പടകിൽ കയറി വഴിച്ചപ്പൊൾ കൊടുങ്കാറ്റുണ്ടായി തിരകളാൽ അലയ
പ്പെട്ടു രാത്രിയുടെ അന്ത്യയാമത്തിൽ യെശു കടലിന്മെൽ കൂടി നടന്നു വരുന്ന
തു കണ്ടാറെ ശിഷ്യന്മാർ ഒരു ഭൂതം വരുന്നുണ്ട എന്നു വിചാരിച്ചു ഭയപ്പെട്ടു
നിലവിളിക്കുന്നതു കെട്ടുടനെ അവരൊടു ഞാൻ തന്നെ ആകുന്നു പെടി
ക്കെണ്ടാ എന്നു പറഞ്ഞപ്പൊൾ നീ ആകുന്നെങ്കിൽ വെള്ളത്തിന്മെൽ കൂടി
വരുവാൻ കല്പിക്കെണം എന്നു പെത്രൻ പറഞ്ഞാറെ വരിക എന്നു ക
ല്പന കെട്ടു അവൻ പടകിൽ നിന്നിറങ്ങി വെള്ളത്തിന്മെൽ നടന്നു വരു
മ്പൊൾ ഒരു വലിയ കാറ്റു വരുന്നതു കണ്ടാറെ ഭയപ്പെട്ടു മുങ്ങുമാറാകയാൽ ക
ൎത്താവെ എന്നെ രക്ഷിക്കെണമെ എന്നു വിളിച്ചപ്പൊൾ യെശു കൈ നീട്ടി അവ
നെ പിടിച്ചു അല്പവിശ്വാസിയെ എന്തിന്ന സംശയിച്ചു എന്നരുളി
[illegible]നൊടു കൂട പടകിൽ കയറിയപ്പൊൾ കാറ്റു നിന്നു പൊയാറെ പടകി
ലുള്ളവർ വന്നു അവനെ വണങ്ങി വന്ദിക്കയും ചെയ്തു-

ഇങ്ങിനെ യെശു ചെയ്ത അതിശയങ്ങളെ സംക്ഷെപിച്ചു പറഞ്ഞതല്ലാതെ കുരുടന്മാൎക്കും കാഴ്ച വരുത്തി ചെകിടരെയും മുടന്തരെയും ഊമരെയും കുഷ്ഠരൊഗികളെയും സൌഖ്യമാക്കി പിശാചുകളെ പുറത്താക്കി പലരും മരിച്ചവരെയും ഉയിൎപ്പിച്ചു എന്നുള്ളത് വെദപുസ്തകം നൊക്കിയാൽ വിസ്തരിച്ചറിയാം-

൫൩. മഹാപാപിയും കനാന സ്ത്രീയും-

പിന്നെ ശിമൊൻ എന്നൊരു പ്രധാന പറിശൻറ വീട്ടിൽ യെശു ഭക്ഷിച്ചിരിക്കുന്നതിന്നു ആ നഗരത്തിലെ ഒരു സ്ത്രീ ഒരു പാത്രത്തിൽ പരിമളതൈലത്തൊടു കൂട അവൻറ പിറകിൽ വന്നു കരഞ്ഞു കണ്ണുനീരു കൊണ്ടു കാൽ നനെച്ചും തലമുടി കൊണ്ടു തുടച്ചും ചുംബനം ചെയ്തും തൈലം പൂശിയും കൊണ്ടു കാൽക്കൽ നിന്നപ്പൊൾ പറിശൻ ഇവൻ ദീൎഘദൎശിയെങ്കിൽ ഇവളെ മഹാപാപ എന്നറിഞ്ഞു തന്നെ തൊടുവാൻ സമ്മതിക്കയില്ലെന്ന അവകാശമില്ലായാകിരുന്നു എന്നു നിശ്ചയിച്ചു കൊണ്ടിരിക്കുമ്പൊൾ യെശു അവനെ നൊക്കി ശിമൊനെ ഒരു ധനവാന്നു കടംകൊള്ളുന്ന രണ്ടു പെരുണ്ടായിരുന്നു ഒന്നാമൻ അഞ്ഞൂറു പണം രണ്ടാമൻ അമ്പതു പണം കടം തീൎപ്പാൻ ഇരുവൎക്കും വഴി ഇല്ലായ്കകൊണ്ടു അവൻ ഇരുവൎക്കും മുതലൊക്കയും വിട്ടുകൊടുത്തു – ഇരുവരിൽ ആർ അവനെ അധികം സ്നെഹിക്കും എന്നു ചൊദിച്ചു – ഏറ അധികം കടം വിട്ടവനെന്നു ശിമൊൻ പറഞ്ഞു – അപ്പൊൾ യെശു നീ പറഞ്ഞത് സത്യം എന്നു ചൊല്ലി സ്ത്രീയെ നൊക്കി ശിമൊനൊടു ഇവളെ കാണുന്നുവൊ ഞാൻ നിൻറ വീട്ടിൽ വന്നപ്പൊൾ എൻറ കാൽ കഴുകെണ്ടതിന്നു നീ എനിക്ക വെള്ളം തന്നില്ല ഇവൾ കണ്ണുനീരു കൊണ്ടു കാൽ കഴുകി തലമുടി കൊണ്ടു തുവൎത്തി നീ എനിക്ക ചുംബനം തന്നില്ല ഇവൾ ഇടവിടാതെ എൻറ കാലുകളെ ചുംബിച്ചു കൊണ്ടു എൻറ തലയിൽ നീ എണ്ണ പൂശിയില്ല ഇവൾ തൈലം കൊണ്ടു എൻറ കാലുകളെ പൂശി ഇവളുടെ അനെകം പാപങ്ങളെ ക്ഷമിച്ചിരിക്കകൊണ്ടു ഇവൾ വളരെ സ്നെഹിക്കുന്നു അല്പം ക്ഷമ ലഭിച്ചവർ അല്പമത്രെ സ്നെഹിക്കുന്നു എന്നരുളി സ്ത്രീയൊടു

ട്ടു നിന്റെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു സമാധാനത്തോടെ പൊക എന്നു കല്പിക്കയും ചെയ്തു—

അനന്തരം ഉല്ലശന്ത ശ്ലാം ആശ്വാസം ലഭിക്കെണ്ടതിന്നു ഗദ്ദ ദാനി ദെശങ്ങളിൽ യാത്രയായപ്പൊൾ ഒരു സ്ത്രീ വിനായെ ചെന്നു കൎത്താവെ എന്റെ മകൾ പിശാചുബാധിച്ചു വളരെ ദുഃഖിക്കുന്നു ഉപദ്രവം തീൎത്തു തരെണമെന്നു അത്യന്തം അപെക്ഷിച്ചു കരഞ്ഞു നിലവിളിച്ചാറെയും ക്രിസ്തു ഒന്നും കല്പിക്കായ്ക കൊണ്ടു അവൾ അവനെ നമസ്കരിച്ചു കൎത്താവെ ആ പിശാചുബാധ നീക്കിത്തരെണമെന്നു പിന്നെയും പിന്നെയും യാചിച്ചപ്പൊൾ കുഞ്ഞങ്ങളുടെ അപ്പങ്ങളെ എടുത്തു നായ്ക്കുട്ടികൾക്ക കൊടുക്കുന്നത് ന്യായമല്ല എന്നു ചൊദിച്ചു— ന്യായമല്ലെങ്കിലും പൈതങ്ങൾ ഭക്ഷിച്ചു ശെഷിപ്പിക്കുന്ന കഷണങ്ങൾ നായ്ക്കൾ തിന്നുന്നുവല്ലൊ എന്നു അവൾ പറഞ്ഞപ്പൊൾ അവൻ അവളൊടു നിന്റെ വിശ്വാസം അത്യന്തം വലിയത് നിന്റെ മനസ്സ്പൊലെ ആകട്ടെ എന്നു കല്പിച്ചു ആ പെണ്കുട്ടിയുടെ ഉപദ്രവം തീൎത്തു സൌഖ്യം വരികയും ചെയ്തു—

൨൪. യൊഹന്നാൻസ്നാപകന്റെ മരണം—

അൻ ഭ്രാതൃഭാൎയ്യയായ ഹെരൊദ്യയെ വിവാഹം ചെയ്തുവന്നതു ദുഷ്കൃത്യമെന്നും ഹെരൊദ് രാജാവിനെ യൊഹന്നാൻ ശാസിച്ചാറെ അവനെ തടവിലാക്കി കൊല്ലുവാൻ ഭാവിച്ചു എങ്കിലും ജനങ്ങൾ അവനെ പ്രവാചകനെന്നു വിചാരിക്കയാൽ രാജാവ് ശങ്കിച്ചു കൊല്ലാതെ ഇരുന്നു— എന്നാറെ രാജാവ് ജന്മദിവസത്തിൽ പ്രഭുക്കൾക്കും മന്ത്രികൾക്കും സെനാപതികൾക്കും പ്രമാണികൾക്കും അത്താഴം കഴിക്കുമ്പൊൾ ഹെരൊദ്യയുടെ മകൾ രാജസന്നിധിക്കൽ നിന്നു നൃത്തം ചെയ്തു— രാജാവിനെയും കൂടയുള്ളവരെയും പ്രസാദിപ്പിച്ചശെഷം രാജാവ് അവളൊടു നിനക്ക ഇഷ്ടമായതു യാതൊന്നെങ്കിലും ചൊദിച്ചാൽ തരാമെന്നു സത്യം ചെയ്തു കല്പിച്ചനെരം അവൾ മാതാവൊടു ഞാൻ എന്തു അപെക്ഷിക്കെണ്ടു എന്നു ചൊദിച്ചാറെ അമ്മ തന്റെ അഭീഷ്ടം പറഞ്ഞത് കെട്ടു യൊഹന്നാന്റെ തല

ഒരു തളികയിൽ വെച്ചു തരെണമെന്നു രാജാവൊടു അവൾ ചൊദിച്ചപ്പൊൾ
അവൻ വളരെ വിഷാദിച്ചു എങ്കിലും സത്യം നിമിത്തവും മഹാജനങ്ങൾ ഉ
ണ്ടാക നിമിത്തവും ഉടനെ യൊഹന്നാന്റെ തല വെട്ടിക്കൊണ്ടു വന്നു ബാല
സ്ത്രീക്കു കൊടുപ്പിച്ചു അവളും അത് മാതാവിന്നു കൊടുത്തു- സ്നാപകന്റെ ശി
ഷ്യന്മാർ ശവമെടുത്തു ഒരു കല്ലറയിൽ വെച്ചു വർത്തമാനം യെശുവി
നെ അറിയിക്കയും ചെയ്തു-

൧൭. യെശു അരുളിച്ചെയ്ത ഉപമകൾ

യെശു ഒരു ദിവസം സമുദ്രതീരത്തിരുന്നപ്പൊൾ അവന്റെ അടുക്കെ വളരെ
ജനങ്ങൾ വന്നു കൂടിയാറെ അവൻ ഒരു പടകിൽ കരെറി ഇരുന്നു പല
കാര്യങ്ങളെ ഉപമകളായി ഉപദെശിച്ചതാവിത്- ഒരു കൃഷിക്കാരൻ വി
തെക്കുമ്പൊൾ ചില വിത്തുകൾ വഴിയരികെ വീണൊറെ പക്ഷികൾ വന്നു അ
വറെ തിന്നുകളഞ്ഞു- ചിലത് മണ്ണു കുറവുള്ള പാറസ്ഥലത്തു വീണു ഉടനെ
മുളെച്ചു സൂര്യൻ ഉദിച്ചപ്പൊൾ വാടി വെർ മണ്ണിൽ താഴാഞ്ഞു കൊണ്ടു ഉണങ്ങി
പ്പൊകയും ചെയ്തു- ചിലത് മുള്ളുകളുടെ ഇടയിൽ വീണു മുള്ളുകൾ കൂട വ
ളർന്നു ഞെരിച്ചു ഞാറുകളെ അമുക്കിക്കളഞ്ഞു- ചിലത് നല്ല നിലത്തിൽ വീണു
മുളെച്ചു വർദ്ധിച്ചു ൩൦- ൬൦- ൧൦൦. മടങ്ങു ഫലവും തന്നു- കെൾപ്പാൻ ചെ
വി ഉള്ളവൻ കെൾക്കട്ടെ എന്നു പറഞ്ഞു- പിന്നെ ശിഷ്യന്മാർ ഇതിന്റെ
പൊരുൾ ചൊദിച്ചപ്പൊൾ അവൻ അവരൊടു- വിത്ത് ദൈവവചനമാ
കുന്നു- ചിലർ ആ വചനം കെട്ടു ഉടനെ അർത്ഥം ഗ്രഹിക്കാതെ ഇരിക്കു
ന്നാൾ പിശാച് ഇവർ വിശ്വസിച്ചു രക്ഷപ്രാപിക്കരുത് എന്നു വെച്ചു ഹൃ
ദയത്തിൽ വിതെക്കപ്പെട്ടുള്ള വാക്കിനെ എടുത്തുകളയുന്നു- ഇവർ അത്രെ വഴി
യരികെ ഉള്ളവർ- ചിലർ വചനത്തെ കെൾക്കുമ്പൊൾ വെഗം സന്തൊഷ
ത്തൊടും കൂടെ കൈക്കൊള്ളുന്നു- അന്തരത്തിൽ വെരില്ലാതെ ക്ഷണി
കന്മാരാക കൊണ്ടു വചനനിമിത്തം വിരൊധവും ഹിംസയും ഉണ്ടായാൽ
വെഗത്തിൽ ഇടറി വലഞ്ഞു പിൻവാങ്ങിപ്പൊകും- ഇവർ പാറമെൽ വി
തെക്കപ്പെട്ടവർ- ചിലർ വചനത്തെ കെട്ടുകൊണ്ട ശെഷം ലൊകചി

നാകും ധനാഭിമായകും ലൌകികസുഖമൊഹങ്ങളും എന്നെയ്ക്കാം ഉപദെശവ-
ചനത്തെ ഞെരുക്കി നിഷ്ഫലമാക്കുന്നു അവർ മുള്ളുകളിലെ വിത്തത്രെ-
വിശെഷവചനം കെട്ടു ഗ്രഹിച്ചു നല്ല മനസ്സിൽ വെച്ചു സൂക്ഷിക്കുന്നവർ നല്ല നി-
ലത്തിലെ വിത്തായാകുന്നു അവർ ക്ഷാന്തിയൊടെ നൂറെളം ഫലം തരികയും
ചെയ്യുന്നു—

അവൻ മറെറാരു ഉപമ അവർക്ക് പറഞ്ഞു കാണിച്ചു സ്വർഗ്ഗരാജ്യം
തന്റെ വയലിൽ നല്ല വിത്തു വിതെച്ച മനുഷ്യനൊടു തുല്യമാകുന്നു. മ-
നുഷ്യർ ഉറങ്ങുമ്പൊൾ ശത്രു വന്നു കൊതമ്പത്തിന്നിടയിൽ കളകളെ വി-
തച്ചു പൊയി കതിരു ഞാറു വളൎന്നപ്പൊൾ കളകളും കൂടി മുളച്ചു വളൎന്നു വെ-
ലിക്കാർ കണ്ടു യജമാനന്റെ അടുക്കൽ ചെന്നു നിന്റെ വയലിൽ
നല്ല വിത്തു വിതെച്ചില്ലയൊ കളകൾ എവിടെനിന്നുണ്ടായി എന്നു ചൊദി-
ച്ചതിന്നു അവൻ ശത്രുവായവൻ അതിനെ ചെയ്തു എന്നു കല്പിച്ചു. അതിന്റെ
ശെഷം അവരെ പറിച്ചു കളകളെ പറിക്കെണമൊ ഞങ്ങൾ എന്നു ചൊദി-
ച്ചാറെ യജമാനൻ കളകളെ പറിക്കുമ്പൊൾ ഞാറിന്റെ വെരുകൾക്കും കെ-
ടം വരും. രണ്ടും കൂടെ കൊയിത്തൊളം വളരട്ടെ. കൊയിത്തുകാലത്തി-
ങ്കൽ കൊയ്യുന്നവരൊടു മുമ്പെ കളകളെ പറിച്ചു ചുടുവാനും കൊതമ്പം കളപ്പുര-
യിൽ കൂട്ടുവാനും കല്പിക്കും എന്നു കെട്ടാറെ ശിഷ്യന്മാർ ഈ ഉപമയുടെ പൊ-
രുളും ഞങ്ങളൊടു തെളിയിച്ചു തരികെണം എന്നു അപെക്ഷിച്ചപ്പൊൾ അവ-
ൻ അവരൊടു നല്ല വിത്തു വിതെക്കുന്നവൻ മനുഷ്യപുത്രൻ വയൽ ലൊ-
കവും നല്ല വിത്തു രാജ്യത്തിന്റെ മക്കളും കളകൾ ദുഷ്ടനായവന്റെ മക്ക-
ളും അവരെ വിതെച്ച ശത്രു പിശാചും കൊയ്ത്തുകാലം ലൊകാവസാനവും കൊ-
യ്ത്തുകാർ ദൈവദൂതന്മാരും ആകുന്നു. കളകളെ അഗ്നിയിൽ ഇട്ടു ചുടുക്കു-
ന്ന പ്രകാരം ലൊകാവസാനത്തിങ്കൽ മനുഷ്യപുത്രൻ തന്റെ ദൂതന്മാ-
രെ അയച്ചു വിഘ്നങ്ങളെയും അക്രമങ്ങളെയും ചെയ്കകൾ എല്ലാവരെയും
കൂട്ടി അഗ്നിച്ചൂളയിൽ ഇടികയും അവിടെ കരച്ചലും പല്ലുകടിയും ഉ-
ണ്ടാകും. നീതിമാന്മാർ തങ്ങളുടെ പിതാരാജ്യത്തിൽ സൂര്യനെ പൊലെ

ശൊധിക്കും എന്നു പറഞ്ഞു—

൧൩. യെശുവിന്റെ ഉപമകൾ (തുടൎച്ച)

വെറെ ഒരു ഉപമ സ്വൎഗ്ഗരാജ്യം ഒരു കടുകുമണിയൊടു സമമാകുന്നതു അതു ഒരു മനുഷ്യൻ തന്റെ വയലിൽ വിതെച്ചു സകല വിത്തുകളിലും ചെറിയതാകുന്നെങ്കിലും അതു വളൎന്നു പക്ഷികൾ കൊമ്പുകളിൽ വസിപ്പാൻ തക്കവണ്ണം ഒരു വലിയ വൃക്ഷമായിത്തീരുന്നു എന്നു പറഞ്ഞു—പിന്നെയും സ്വൎഗ്ഗരാജ്യം പുളിച്ചമാവൊടു സദൃശമാകുന്നു ഒരു സ്ത്രീ അതിനെ എടുത്തു മൂന്നു പറ മാവുള്ള കയവും പുളിക്കുവൊളം അടക്കിവെച്ചു—സ്വൎഗ്ഗരാജ്യം നിലത്തു ഒളിച്ചുവെച്ച നിക്ഷെപത്തൊടു സദൃശമാകുന്നു അതിനെ ഒരു മനുഷ്യൻ കണ്ടു സന്തൊഷത്തൊടെ പൊയി സകലവും വിറ്റു ആ നിലം വാങ്ങുന്നു—പിന്നെയും സ്വൎഗ്ഗരാജ്യം നല്ല മുത്തുകളെ അന്വെഷിക്കുന്ന കച്ചവടക്കാരനു സമമാകുന്നു അവൻ വില ഏറിയ മുത്തു കണ്ടാറെ തനിക്കുള്ളതൊക്കയും വിറ്റു അതു വാങ്ങുന്നു—പിന്നെയും സ്വൎഗ്ഗരാജ്യം ഒരു വലെക്കു സമം ആയ കടലിൽ ഇട്ടു പലവിധമുള്ള മത്സ്യങ്ങൾ ഒക്കപ്പെട്ടശെഷം കരെക്കു വലിച്ചു കരെറ്റി നല്ലവറ്റെ പാത്രങ്ങളിലാക്കി ആകാത്തവറ്റെ ചാട്ടുന്നു ദൂതന്മാർ അപ്രകാരം ലൊകാവസാനത്തിങ്കൽ പുറപ്പെട്ടു നീതിമാന്മാരുടെ ഇടയിൽനിന്നു ദുഷ്ടന്മാരെ വെൎതിരിച്ചു തീച്ചൂളയിൽ ഇടും അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും—

സ്വൎഗ്ഗരാജ്യം ഒരു വീട്ടുടമാനനൊടു സമം അവൻ രാവിലെ പുറപ്പെട്ടു പണിക്കാരെ വിളിച്ചു ഉള്ളൊന്നുക്കു ഒരു പണം ദിവസക്കൂലി നിശ്ചയിച്ചു മുന്തിരിങ്ങാത്തൊട്ടത്തിൽ വെല ചെയ്വാനായി പറഞ്ഞയച്ചു പിന്നെ ഒമ്പതാം മണിനെരം പുറപ്പെട്ടു ചന്തസ്ഥലത്തു വെറുതെ നില്ക്കുന്നവരെ കണ്ടു നിങ്ങളും എന്റെ മുന്തിരിങ്ങാത്തൊട്ടത്തിൽ വെലെക്കു പൊകുവിൻ ന്യായപ്രകാരം കൂലി തരാം എന്നു അവരെയും പറഞ്ഞയച്ചു പന്ത്രണ്ടാം മണിനെരവും മൂന്നാം മണിനെരവും അപ്രകാരം തന്നെ വെലക്കാരെ വിളിച്ചയച്ചു തൊട്ടത്തിൽ പണി ചെയ്യിച്ചു പിന്നെ അഞ്ചാം മണിനെരം അവ

ൻപുറപ്പെട്ടുവെറുതെപാൎക്കുന്നവരെകണ്ടുനിങ്ങൾപകൽമുഴുവനെങ്ങിനെ
ടവെറുതെനില്ക്കുന്നതെന്തുഎന്നുചോദിച്ചാറെആരുംഞങ്ങളെവിളിക്കായ്ക
കൊണ്ടാകുന്നുഎന്നത്കെട്ടുഅവൻനിങ്ങളുംഎന്റെമുന്തിരിങ്ങാതോട്ട
ത്തിൽപൊയിവെലചെയ്യുകന്യായമുള്ളത്തരാംഎന്നുഅവരെകാച്ചിച്ചയക്ക
കുംചെയ്തു—വൈകുന്നെരത്തുയജമാനൻതന്റെസെവകനൊടുനീവണി
ക്കാരെവിളിച്ചുഎല്ലാവൎക്കുംഒരുപൊലെകൂലികൊടുക്കഎന്നുകല്പിച്ചാ
റെഅഞ്ചാംമണിക്കവന്നവൎക്കുഒരൊപണംകൊടുക്കുന്നതുരാവിലെവ
ന്നവർകണ്ടപ്പൊൾതങ്ങൾക്കുഅധികംകിട്ടുംഎന്നുവിചാരിച്ചുനിശ്ചയിച്ചഒരൊ
പണംതങ്ങളുംവാങ്ങിയാറെഅവർയജമാനനെനൊക്കിവെറുത്തുറെ
പിമ്പെവന്നവർഒരുമണിനെരംമാത്രംപണിയെടുത്തുഇവരെപകലെ
ത്തഭാരവുംവെയിലുംസഹിച്ചിട്ടുള്ളഞങ്ങളൊടുസമമാക്കിയല്ലൊഎന്നുപ
റഞ്ഞാറെഅവൻഒരുത്തനൊടുസ്നെഹിതാഞാൻനിനക്കഅന്യായം
ചെയ്യുന്നില്ലഎന്നൊടുകൂലിക്കഒരുപണംസമ്മതിച്ചില്ലയൊനിനക്കുള്ളതുവാ
ങ്ങിപൊയിക്കൊൾകനിനക്കതന്നതപൊലെപിൻവന്നവനുംകൊടു
പ്പാൻഎനിക്കമനസ്സാകുന്നുഎനിക്കുള്ളതുകൊണ്ടുഎന്റെഇഷ്ടപ്രകാ
രംചെയ്വാൻഎനിക്കഅധികാരമില്ലയൊഎന്റെകൃപനിമിത്തംനിന
ക്കഅസൂയയുണ്ടാകുന്നുവൊഎന്നുപറഞ്ഞു—ഇപ്രകാരംപിമ്പുള്ളവർമുമ്പു
ള്ളവരായുംമുമ്പുള്ളവർപിമ്പുള്ളവരായുമിരിക്കുംവിളിക്കപ്പെട്ടവർപല
രുംതിരഞ്ഞെടുക്കപ്പെട്ടവരൊചുരുക്കംതന്നെ—

൧൪., ദൃഷ്ടാന്തത്തിന്റെഉപമകൾ (തുടൎച്ച)

പിന്നെപലചുങ്കക്കാരുംപാപികളുംഅവന്റെവചനങ്ങളെകെൾപ്പാൻഅടു
ത്തുവന്നപ്പൊൾപരീശന്മാരുംശാസ്ത്രികളുംഇവൻപാപികളെചെൎത്തുകൊ
ണ്ടുഅവരൊടുകൂടഭക്ഷിക്കുന്നുവെന്നുദുഷിച്ചുപറഞ്ഞത്കെട്ടുഅവൻനിങ്ങ
ളിൽഒരുത്തന്നുനൂറാടുണ്ടായിട്ടുഅതിൽഒന്നുതെറ്റിപ്പൊയാൽഅവ
ൻതൊണ്ണൂറ്റൊമ്പതിനെയുംവിട്ടുതെറ്റിപ്പൊയതിനെകാണുവൊളംഅന്വെഷി
ക്കുന്നില്ലയൊകണ്ടുകിട്ടിയാൽസന്തൊഷിച്ചുചുമലിൽവെച്ചുവീട്ടിലെക്ക

കൊണ്ടുവന്നശെ സ്നെഹിതന്മാരെയും സമീപവാസന്മാരെയും വിളിച്ചുകാണാ
ത്തആട്ടിനെ കണ്ടുകിട്ടിയതിനാൽ സന്തൊഷിപ്പിൻ എന്നുപറകയില്ലയൊ
അപ്രകാരം തന്നെ അനുതാപിപ്പാനാവശ്യമില്ലാത്ത തൊണ്ണൂറ്റൊമ്പത് നീ
തിമാന്മാരെക്കാൾ അനുതാപം ചെയ്യുന്ന ഒരു പാപിയെ കുറിച്ചു സ്വൎഗ്ഗത്തി
ൽ സന്തൊഷമുണ്ടാകുമെന്നു ഞാൻ പറയുന്നു എന്നു കല്പിച്ചു. പിന്നെ
ഒരു സ്ത്രീക്കു പത്തു വെള്ളിക്കാശുണ്ടായി അവററിൽ ഒന്നു കാണാതെ പൊ
യാൽ ഒരു വിളക്കു കൊളുത്തി വീടടിച്ചുവാരി അതു കണ്ടുകിട്ടുവൊളം താ
ല്പൎയ്യത്തൊടെ അന്വെഷിക്കാതിരിക്കുമൊ കണ്ടുകിട്ടിയാൽ സ്നെഹിത
മാരെയും അയല്ക്കാരത്തികളെയും വിളിച്ചു കാണാത്ത വെള്ളിക്കാശു കണ്ടു
കിട്ടിയതുകൊണ്ടു സന്തൊഷിപ്പിൻ എന്നുപറകയില്ലയൊ അപ്രകാരം ത
ന്നെ അനുതാപം ചെയ്യുന്ന പാപിയെ കുറിച്ചു ദൈവദൂതന്മാർ സന്തൊഷി
ക്കും എന്നു ഞാൻ നിങ്ങളൊടു പറയുന്നു—

പിന്നെയും ഒരു മനുഷ്യനു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു അവരി
ൽ ഇളയവൻ പിതാവൊടു അപ്പ മുതലിൽ എന്റെ ഒഹരി എനിക്കു തര
ണമെന്നു അപെക്ഷിച്ചപ്പൊൾ അപ്പൻ തന്റെ ധനം അവൎക്കു പകുത്തു
കൊടുത്തു അല്പകാലം കഴിഞ്ഞാറെ ഇളയവൻ തൻ മുതൽ ഒക്കയും എടുത്തു ദൂര
ദെശത്തു പൊയി ദുൎന്നടപ്പു കൊണ്ടു സകലവും നഷ്ടമാക്കി അശെഷം ആ ദെശ
ത്തു മഹാക്ഷാമം വന്നതിനാൽ വലഞ്ഞപ്പൊൾ ആ ദെശത്തുള്ള പൌരന്മാ
രിൽ ഒരുവനൊടു ചെന്നു ചെൎന്നു അവൻ പന്നികളെ മെയ്പ്പാൻ അവനെ വയ
ലിൽ അയച്ചു പന്നികൾ തിന്നുന്ന തവിടുകൾ കൊണ്ടു വയറു നിറെച്ചുകൊ
ള്ളാൻ ആഗ്രഹിച്ചു എങ്കിലും അതുവും അവനു കിട്ടിയില്ല അങ്ങിനെ ഇരിക്കു
മ്പൊൾ അവൻ അപ്പന്റെ എത്ര പണിക്കാൎക്കു അന്നവസ്ത്രം മതിയാവൊ
ളം ഉണ്ടു ഞാനൊ വിശപ്പു കൊണ്ടു നശിച്ചുപൊകുന്നു ഞാൻ അപ്പന്റെ
അടുക്കൽ പൊയി സ്വൎഗ്ഗത്തിന്നും നിന്റെ മുമ്പിലും വിരൊധമായി പാപം ചെയ്തി
രിക്കുന്നു ഇനിമെൽ മകൻ എന്നു എന്നെ വിളിപ്പാൻ ഞാൻ യൊഗ്യനല്ല
വെലക്കാരിൽ ഒരുത്തനെപ്പൊലെ എന്നെ വിചാരി [illegible]

റയും എന്നെനിനെച്ചു യാത്രയായി ദൂരത്തുനിന്നു അപ്പൻ അവനെ കാണ്ടു മനസ്സലിഞ്ഞു ഓടിചെന്നു കെട്ടിപ്പിടിച്ചു ചുംബിച്ചാറെ അവൻ അപ്പ സ്വർഗ്ഗത്തിന്നും നിണക്കും വിരൊധമായി ഞാൻ പാപം ചെയ്തിരിക്കുന്നു ഇനിമെൽ എന്നെ മകനെന്നു വിളിപ്പാൻ യൊഗ്യനല്ല വെലക്കാരിൽ ഒരുവനെ പൊലെ എന്നെ വിചാരിക്ക എന്നു ചൊന്നതു കെട്ടു അപ്പൻ പണിക്കാരെ വിളിച്ചു വിശെഷവസ്ത്രങ്ങളെ കൊണ്ടുവന്നു ഇവനെ ഉടുപ്പിച്ചു കൈക്കു വിരല്ക്കു മൊതിരവും കാലുകൾക്കു ചെരിപ്പുകളും ഇടുവിച്ചു തടിച്ച കാളക്കുട്ടിയെ കൊന്നു പാകം ചെയ്തിൻ നാം ഭക്ഷിച്ചു സന്തൊഷിക്ക എന്റെ മകനായ ഇവൻ മരിച്ചിരുന്നു തിരികെ ജീവിച്ചിരിക്കുന്നു കാണാതെ പൊയവനായിരുന്നു ഇപ്പൊൾ കണ്ടെത്തി എന്നു പറഞ്ഞു ഭക്ഷിച്ചു സന്തൊഷിച്ചു തുടങ്ങി

൪൭. ധനവാനും ദരിദ്രനായ ലാജരും —

ധനവാനായ ഒരു മനുഷ്യനുണ്ടായിരുന്നു അവൻ നെരിയ വസ്ത്രം ധരിച്ചു സുഖഭൊഗങ്ങളിൽ രമിച്ചു ദിവസം കഴിച്ചു പൊന്നു ദരിദ്രനായ ലാജരെന്നൊരുവൻ സർവ്വാംഗം വ്രണപ്പെട്ടു വലഞ്ഞു ധനവാന്റെ ഭക്ഷണകഷണങ്ങൾ കൊണ്ടു വയറു നിറപ്പാനാഗ്രഹിച്ചു വാതില്ക്കൽ കിടന്നു അത്രയുമല്ല നായ്ക്കളും വന്നു അവന്റെ വ്രണങ്ങൾ നക്കികൊണ്ടിരുന്നു — സ്വല്പകാലം കഴിഞ്ഞു ദരിദ്രൻ മരിച്ചപ്പൊൾ ദൈവദൂതന്മാർ അവനെ അബ്രഹാമിന്റെ മാറിടത്തിലെക്ക കൊണ്ടുപൊയി — പിന്നെ ധനവാനും മരിച്ചു പാതാളത്തിൽ ഇരുന്നു മഹാദുഃഖപരവശനായി മെല്പെട്ടു നൊക്കി അബ്രഹാമിനെയും അവന്റെ മാറിടത്തിൽ ഇരിക്കുന്ന ലാജരെയും കണ്ടാറെ ഉച്ചനായ അബ്രഹാമെ ഞാൻ ഈ അഗ്നിജ്വാലയിൽ മഹാ വിധിതനായി കിടക്കുന്നു കൃപയുണ്ടായിട്ടു ലാജർ വിരലിന്റെ അഗ്രം വെള്ളത്തിൽ മുക്കി എന്റെ നാവു തണുപ്പിപ്പാൻ പറഞ്ഞയക്കെണമെ എന്നു വിളിച്ചപ്പൊൾ അബ്രഹാം മകനെ നിന്റെ ആയുസ്സുള്ളനാൾ നീ സൌഖ്യങ്ങളെയും അപ്രകാരം ലാജർ ദുഃഖങ്ങളെയും അനുഭവിച്ചതൊൎക്ക — ഇപ്പൊൾ ഇവന്നു ആശ്വാസവും നിണക്കു വെദനയും സംഭവിച്ചിരിക്കുന്നു ഇതുകൂടാതെ ഇവിടെനിന്നു അങ്ങൊട്ടും അവിടെനി

ന്നുള്ളൊട്ടും കടന്നുവരുവാൻ ഭാവിക്കുന്നവൎക്കു വിരൊധമായി നമ്മുടെ ന
ടുവിൽ വലുതായി ഒരു പിളൎപ്പുണ്ടും എന്നു പറഞ്ഞു- അനന്തരം അവൻ അപ്പാ അ
പ്രകാരമെങ്കിൽ എനിക്ക അഞ്ചു സഹൊദരന്മാരുണ്ടു അവരും ഈ കഷ്ടസ്ഥ
ലത്തു വരാതെ ഇരിക്കെണ്ടതിന്നു അവൎക്കു സാക്ഷ്യം പറവാൻ ലാസരെ എ
ന്റെ അപ്പന്റെ വീട്ടിലെക്ക അയപ്പാൻ അപെക്ഷിക്കുന്നു എന്നു പറഞ്ഞാ
റെ അബ്രഹാം അവൎക്കു മൊശയും പ്രവാചകന്മാരുമുണ്ടു അവരെ കെൾ്ക്ക
ട്ടെ എന്നു പറഞ്ഞ ശെഷം അവൻ അ പ്രകാരമല്ല മരിച്ചവരിൽ നിന്നു
ഒരുവൻ അവരുടെ അടുക്കൽ പൊയാൽ അവർ അനുതാപം ചെയ്യും-
എന്നതു കെട്ട അബ്രഹാം മൊശയെയും പ്രവാചകന്മാരെയും കെൾ്ക്കാ
തിരുന്നാൽ മരിച്ചവരിൽ നിന്നും ഒരുത്തൻ എഴുനീറ്റു ചെന്നു പറഞ്ഞാ
ലും അവർ അനുസരിക്കയില്ല നിശ്ചയം എന്നു പറകയും ചെയ്തു

൪൰. യെശു കുഞ്ഞങ്ങളെ അനുഗ്രഹിച്ചതും
പുരുഷന്മാരെ പരീക്ഷിച്ചതും-

പിന്നെ അവർ തൊടുവാനായി ചെറിയ പൈതങ്ങളെ യെശുവിന്റെ അ
ടുക്കൽ കൊണ്ടുവന്നു ശിഷ്യന്മാർ വഹിക്കുന്നവരെ വിലക്കിയപ്പൊൾ യെശു
മുഷിഞ്ഞു പൈതങ്ങളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ വിരൊ
ധിക്കയുമരുതെ ദൈവരാജ്യം ഈ വണ്ണമുള്ളവൎക്കാകുന്നു- ആരെ
ങ്കിലും ചെറിയ പൈതങ്ങളെ പൊലെ സ്വൎഗ്ഗരാജ്യം കൈക്കൊള്ളാതി
രുന്നാൽ ഒരു പ്രകാരവും അതിലെക്ക കടക്കയില്ല എന്നു ഞാൻ നിശ്ച
യമായിട്ടു നിങ്ങളൊടു പറയുന്നു എന്നു പറഞ്ഞു അവരെ തഴുകി കൈക
ളെ അവരിൽ വെച്ചു അനുഗ്രഹിക്കയും ചെയ്തു

അനന്തരം അവൻ യാത്രയായപ്പൊൾ വഴിക്കൽ ഒരു പ്രമാ
ണി ഒടിവന്നു നമസ്കരിച്ചു നല്ല ഗുരൊ നിത്യജീവനെ അവകാശമാക്കു
വാൻ എന്തു ചെയ്യെണ്ടു എന്നു ചൊദിച്ചാറെ യെശു അവനൊടു നീ എ
ന്നെ നല്ലവനെന്നു വിളിക്കുന്നതു എന്തിന്നു ദൈവമല്ലാതെ ഒരുത്തനും
നല്ലവനല്ല നീ കല്പനകളെ അറിയുന്നുവല്ലൊ അവ ഏറെ പ്രമാണി

ക്ക എന്നരുളിച്ചാറെ അവൻ ഗുരൊ ഞാനെന്റെ ബാല്യം മുതൽ ഞാൻ അവററെ
അനുസരിച്ചുവരുന്നു എനിക്കിനി വല്ല കുറവുണ്ടൊ എന്നു ചൊദിച്ചശെ
ഷം യെശു അവനെ സൂക്ഷിച്ചു നൊക്കി സ്നെഹിച്ചു നിനക്കിനിയും ഒരു
കുറവുണ്ടു നീ പൊയി നിനക്കുള്ളതൊക്കെയും വിററു ദരിദ്രൎക്കു കൊടുക്ക
എന്നാൽ നിനക്കു സ്വൎഗ്ഗത്തിൽ നിക്ഷെപം ഉണ്ടാകും പിന്നെ വന്നു കുരിശ്
എടുത്ത എന്റെ പിന്നാലെ വരിക എന്നു പറഞ്ഞ ശെഷം അവന്നു വ
ളരെ ധനമുണ്ടാകകൊണ്ടു അത്യന്തം വിഷാദിച്ചു പൊയിക്കളകയും ചെ
യ്തു- അപ്പൊൾ യെശു തന്റെ ശിഷ്യന്മാരൊടു ധനവാന്മാർ ദൈവരാജ്യ
ത്തിൽ പ്രവെശിക്കുന്നത മഹാ പ്രയാസം ധനവാൻ ദൈവരാജ്യത്തിൽ
പ്രവെശിക്കുന്നതിനെക്കാൾ ഒട്ടകം ഒരു സൂചിക്കുഴയിൽ കൂടി കടക്കുന്നത എ
ററവും എളുപ്പം തന്നെ എന്നു പറഞ്ഞു ശിഷ്യന്മാർ അതിശയിച്ചപ്പൊൾ അവ
ൻ മനുഷ്യരാൽ കഴിയാത്തത ദൈവത്താൽ കഴിയും എന്നു പറഞ്ഞു-

ചുങ്കക്കാരിൽ പ്രമാണിയും ധനവാനുമായ സക്കായി യെശു യറുശ
ലെമിലെക്ക യാത്രയാകയിൽ യറിഖൊ പട്ടണത്തിൽ കൂടിവരുമെന്നറിഞ്ഞു അ
വനെ കാണ്മാൻ ആഗ്രഹിച്ചു പുരുഷാരനിമിത്തവും താൻ ചെറിയവനാക
യാലും കഴികയില്ലാ എന്നു വിചാരിച്ചു മുമ്പിൽ ഓടി വഴി സമീപമുള്ള ഒരു കാട്ടത്തി
വൃക്ഷത്തിന്മെൽ കരെറിയിരുന്നപ്പൊൾ യെശു വന്നു മെല്പട്ടു നൊക്കി അ
വനെ കണ്ടു സക്കായി നീ വെഗം ഇറങ്ങി വാ ഞാൻ ഇന്നു നിന്റെ വീട്ടിൽ പ്ര
വെശിക്കെണ്ടതാകുന്നു എന്നു പറഞ്ഞത കെട്ടാറെ അവൻ വെഗത്തിൽ
ഇറങ്ങി സന്തൊഷത്തൊടെ അവനെ കൈക്കൊണ്ടു ഇതു കണ്ട
വർ അവൻ പാപിയുടെ വീട്ടിൽ പാപികളൊടും കൂടി പാൎപ്പാൻ പൊയി എന്നു
ദുഷിച്ചു പറഞ്ഞു എന്നാറെ സക്കായി കൎത്താവെ എന്റെ ദ്രവ്യങ്ങളിൽ പാ
തി ഞാൻ ദരിദ്രൎക്കു കൊടുക്കുന്നു വല്ലതും അന്യായമായി വാങ്ങീട്ടുണ്ടെങ്കി
ൽ ആയതിൽ നാലിരട്ടി തിരികെ കൊടുക്കുന്നു എന്നു പറഞ്ഞപ്പൊൾ യെ
ശു അവനും അബ്രഹാമിന്റെ പുത്രനാകകൊണ്ടു ഇന്നു ഇവന്റെ വീട്ടിന്നു രക്ഷ
വന്നു കാണാതെ പൊയതിനെ അന്വെഷിച്ചു രക്ഷിപ്പാൻ മനുഷ്യപു

ത്രൻ വന്നിരിക്കുന്നു എന്നു പറഞ്ഞു പൊകയും ചെയ്തു—

൧൫ ദയാലുവായ ശമൎയ്യക്കാരനും നിൎദ്ദയനായ വെലക്കാരനും—

ആസമയത്ത ഒരു ശാസ്ത്രി യെശുവൊടു ഗുരൊ നിത്യജീവനെ ഞാൻ അനുഭവി
ക്കെണ്ടതിന്നു ഞാൻ എന്തു ചെയ്യെണ്ടു എന്നു പരീക്ഷിപ്പാൻ ചൊദിച്ചാറെ വെ
ദപുസ്തകത്തിൽ എന്തെഴുതിയിരിക്കുന്നു നീ എങ്ങിനെ വായിച്ചിരിക്കുന്നു എന്നു
ചൊദിച്ചപ്പൊൾ ശാസ്ത്രി നിന്റെ ദൈവമാകുന്ന കൎത്താവെ പൂൎണ്ണാത്മമനശ്ശക്തി
കൾ കൊണ്ടും അയല്ക്കാരനെ തന്നെപൊലെയും സ്നെഹിക്കെണം എന്നു
രച്ചനെരം യെശു നീ പറഞ്ഞത സത്യം തന്നെ അപ്രകാരം ചെയ്താൽ നീ ജീ
വിക്കും എന്നു കല്പിച്ച ശെഷം അവൻ തന്നെത്താൻ നീതിമാനാക്കുവാൻ
വിചാരിച്ചു എന്റെ അയല്ക്കാരൻ ആരെന്നു ചൊദിച്ചതിന്നു യെശു ഒരു മനു
ഷ്യൻ യറുശലെമിൽ നിന്നു യെരിഹൊ പട്ടണത്തിലെക്കു യാത്രയായപ്പൊ
ൾ കള്ളന്മാർ അവനെ പിടിച്ചടിച്ചും കുത്തിച്ചുപിടിച്ചു വസ്ത്രമഴിച്ചും കൈക്ക
ലുള്ളത പറിച്ചും പ്രാണസങ്കടം വരുത്തി വിട്ടു പൊയിക്കളഞ്ഞു പിന്നെ ഒരു
ആചാൎയ്യൻ ആവഴി വന്നു അവനെ രക്താഭിഷിക്തനായി കണ്ടു കടന്നു
പൊയതിന്റെ ശെഷം ഒരു ലെവിയനും അതിലെ വന്നു അവനെ ക
ണ്ടു കടന്നു പൊയിട്ടും ഒരു ശമൎയ്യക്കാരൻ വന്നു അവനെ കണ്ടു കൃപ
വിചാരിച്ചു അരികെ ചെന്നു മുറികളിൽ എണ്ണയും വീഞ്ഞും പകൎന്നു കെ
ട്ടി തന്റെ കഴുതമെൽ കരെറ്റി വഴിയമ്പലത്തിൽ കൊണ്ടുപൊ
യി രക്ഷിച്ചു പിറെറ്റ ദിവസം യാത്രയായപ്പൊൾ വഴിയമ്പലക്കാരൻ വക്ക
ൽ രണ്ടു വെള്ളിക്കാശ കൊടുത്തു ഇവനെ നല്ലവണ്ണം രക്ഷിക്കെണം ഇതിൽ
അധികം വല്ലതും ചിലവായി എങ്കിൽ മടങ്ങി വന്നാൽ ഞാൻ തരാം എന്നു
പറഞ്ഞു പുറപ്പെട്ടു പൊകയും ചെയ്തു— ഇങ്ങിനെ കള്ളന്മാരുടെ കൈക്കലക
പ്പെട്ട മനുഷ്യന്റെ അയല്ക്കാരൻ ആ മൂവരിൽ ആരെന്നു ശാസ്ത്രിയൊടു യെ
ശു ചൊദിച്ചാറെ കൃപ ചെയ്തവൻ എന്നു ചൊല്ലിയതിന്നു സത്യം നീയും പൊ
യി അപ്രകാരം ചെയ്ക എന്നു കല്പിച്ചു

അനന്തരം യെശുവെ ഒരു കഥയെ പറഞ്ഞിരിക്കുന്നു- ഒരു രാജാവ് ശുശ്രൂഷക്കാരുടെ കണക്കനൊക്കിയപ്പൊൾ പതിനായിരം രാത്തൽ വെള്ളി കടംപെട്ടവൻ ഒരുവൻ വന്നു കണ്ടാറെ കടം തീൎപ്പാൻ വകയില്ലായ്കകൊണ്ടു രാജാവ് ഭാൎയ്യാപുത്രന്മാരെയും വിറ്റ് ഈ കടം തീൎക്ക എന്നു കല്പിച്ചാറെ അവൻ സാഷ്ടാംഗമായി നമസ്കരിച്ചു സകലവും തീൎപ്പാൻ വക കാണുവൊളം ക്ഷമിക്കെണമെ എന്നു വളരെ അപെക്ഷിച്ചപ്പൊൾ രാജാവിന്നു കൃപ തൊന്നി കടം എല്ലാം ഇളച്ചു കൊടുത്തു വിട്ടയക്കയും ചെയ്തു- ആ ശുശ്രൂഷക്കാരൻ പുറത്തു ചെന്നപ്പൊൾ തനിക്കു നൂറു വെള്ളി കടം കൊടുപ്പാനുള്ള ഒരുവനെ കണ്ടു തൊണ്ടയിൽ പിടിച്ചു നീ വാങ്ങിയ കടം തീൎക്ക എന്നു പറഞ്ഞപ്പൊൾ അയവൻ കാല്ക്കൽ വീണു നമസ്കരിച്ചു സകലവും തീൎപ്പാൻ വക കാണുവൊളം ക്ഷമിക്കെണമെ എന്ന അപെക്ഷിച്ചാറെയും അത് അനുസരിയാതെ കടം തീൎക്കുവൊളം അവനെ തടവിൽ പാൎപ്പിച്ചു- ആയവസ്ഥ മറ്റെ ശുശ്രൂഷക്കാർ കെട്ടു വളരെ ദുഃഖിച്ചു രാജാവൊടു ഉണൎത്തിച്ചപ്പൊൾ രാജാവ് അവനെ കൊപിച്ചു ദുഷ്ടനെ നീ എന്നൊടു അപെക്ഷിച്ചത്കൊണ്ടു ഞാൻ നിന്റെ സകലവും വിട്ടുവല്ലൊ അപ്രകാരം നിന്റെ കൂട്ടു ശുശ്രൂഷക്കാരനു കൃപ ചെയ്വാൻ നിന്റെ മനസ്സിൽ തൊന്നാഞ്ഞത് എന്തു എന്നു കല്പിച്ചു- കടം എല്ലാം തീൎക്കുവൊളം അവനെ പിടിച്ചു തടവിൽ പാൎപ്പിക്കയും ചെയ്തു- അതുകൊണ്ടു നിങ്ങൾ അന്യൊന്യം കുറ്റങ്ങളെ മനഃപൂൎവ്വമായി ക്ഷമിക്കാതിരുന്നാൽ സ്വൎഗ്ഗസ്ഥനായ എന്റെ പിതാവ് നിങ്ങൾക്കും അപ്രകാരം തന്നെ ചെയ്യും എന്നു പറകയും ചെയ്തു-

൧൯. മനൊവിനയം

തങ്ങളെ ഭക്തരെന്നു വിചാരിച്ചു അന്യന്മാരെ നിന്ദിച്ചിട്ടുള്ള ചിലരൊടു ഈ ശുഭൊപമ പറഞ്ഞു- ഒരു ദിവസം പറിശന്മാർ ചുങ്കക്കാരൻ ഇങ്ങിനെ രണ്ടു പെർ പ്രാൎത്ഥിപ്പാൻ ദൈവാലയത്തിൽ പൊയപ്പൊൾ പറിശൻ ദൈവമെ മറ്റുള്ള മനുഷ്യരെ പൊലെ കവൎച്ചക്കാരനും അക്രമക്കാരനും വ്യഭിചാരിയും ഈ ചുങ്കക്കാരനും എന്നെ പൊലെ ഞാൻ ദൊഷവാനല്ലായ്കകൊണ്ടു നിന്നെ വന്ദിക്കുന്നു- ആഴ്ചവട്ടത്തിൽ രണ്ടു പ്രാവശ്യം ഉപവാസം കഴിച്ചു സകല വ

നൃക്കളിലും പത്തിലൊന്നു കൊടുക്കുവരുന്നു എന്നു പ്രാർത്ഥിച്ചു - ചുങ്കക്കാര
ൻ ദൂരത്തുനിന്നു കണ്ണുകളെ മേല്പെട്ടു ഉയർത്താതെ മാറത്തടിച്ചു ദൈവമെ
പാപിയായ എന്നോടു കരുണ ഉണ്ടാകെണമെ എന്നു പ്രാർത്ഥിച്ചു
ഇവൻ അവനെക്കാൾ നീതിമാനായി വീട്ടിലെക്കു പൊകയും ചെയ്തു - എന്തെന്നാൽ
രം തന്നെത്താൻ ഉയർത്തുന്നവൻ താഴുകയും തന്നെത്താൻ താഴ്ത്തുന്നവൻ
ഉയർച്ചയും വരുമെന്നു ഞാൻ നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു ആ സ
മയത്ത ശിഷ്യന്മാർ യേശുവോടു സ്വർഗ്ഗരാജ്യത്തിൽ ആര വലിയവൻ എ
ന്നു ചോദിച്ചാറെ അവൻ ഒരു ചെറിയ കുട്ടിയെ വിളിച്ചു നടുവിൽ നിർത്തി
നിങ്ങൾ മനസ്സുതിരിഞ്ഞു ഈ കുട്ടികളെ പൊലെ ആകുന്നില്ലെങ്കിൽ
സ്വർഗ്ഗരാജ്യത്തിൽ പ്രവെശിക്കയില്ല നിശ്ചയം യാതൊരുത്തനും ഈ ബാ
ലനെ പൊലെ തന്നെത്താൻ താഴ്ത്തിയാൽ അവൻ സ്വർഗ്ഗത്തിൽ വ
ലിയവൻ ആരെങ്കിലും ഇങ്ങിനെ യാതൊരു കുട്ടിയെ എന്റെ നാമത്തിൽ
കൈക്കൊണ്ടാൽ എന്നെ തന്നെ കൈക്കൊള്ളുന്നു ഈ ചെറിയവരി
ൽ ഒരുത്തനെ നിരസിക്കാതെ ഇരിക്കെണ്ടതിന്നു സൂക്ഷിപ്പിൻ അവരു
ടെ ദൂതന്മാർ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുഖത്തെ എല്ലായ്പൊ
ഴും നോക്കിക്കൊണ്ടിരിക്കുന്നു സത്യം എന്നു പറഞ്ഞു - പിന്നെ യരുശലെമി
ലെ ദൈവാലയത്തിൽ വെച്ചു ജനങ്ങൾക്കു ഉപദെശിച്ചു കൊണ്ടിരിക്കുമ്പൊ
ൾ അവരൊടു നീളക്കുപ്പായങ്ങളെ ധരിച്ചു നടപ്പാനും ചന്തകളിൽ വന്ദ
നങ്ങളെയും സഭകളിൽ മുഖ്യാസനങ്ങളെയും വിരുന്നുകളിൽ പ്രധാന
സ്ഥലങ്ങളെയും മോഹിക്കുന്ന ശാസ്ത്രികളെ സൂക്ഷിപ്പിൻ അവർ വിധവമാ
രുടെ വീടുകളെ ഭക്ഷിച്ചു ഒഴിഞ്ഞു കാഴ്ചക്ക അധികം പ്രാർത്ഥിക്കുന്ന
വരാകുന്നു അവർ അധികം ശിക്ഷ കിട്ടും എന്നു പറഞ്ഞു - ശ്രീഭണ്ഡാരത്തി
ൽ പണം ഇടുന്നവരെ നോക്കി കണ്ടു ധനവാന്മാർ പലരും വന്നു വളരെ ഇ
ട്ടിട്ടതിൽ ദരിദ്രയായൊരു വിധവയും വന്നു രണ്ടു കാശു മാത്രം ഇടുന്നത്
കണ്ടപ്പൊൾ ശിഷ്യന്മാരൊടു ഈ ദരിദ്ര വിധവ എല്ലാവരിലും അധികം
ഇട്ടു അവർ എല്ലാവരും തങ്ങളുടെ പരിപൂർണ്ണതയിൽ നിന്ന ദാനം ചെയ്തു

ൾ ദ്രവ്യമിട്ടു ഇവൾ ദരിദ്രതയിൽനിന്നു തന്റെ ഉപജീവനദ്രവ്യമൊക്ക
യും ഇട്ടു എന്നു പറഞ്ഞു-

൫൧. യെശുവിന്റെ രൂപാന്തരം

പിന്നെ യെശു പെത്രു യാക്കൊബ യൊഹന്നാൻ എന്ന മൂന്നു ശിഷ്യന്മാരെ
കൂട്ടി ഒരു ഉയൎന്ന മലമെൽ കൊണ്ടുപൊയി അവരുടെ മുമ്പാകെ മറുരൂപ
പ്പെട്ടു അവന്റെ മുഖം സൂൎയ്യനെ പൊലെ പ്രകാശിച്ചു വസ്ത്രങ്ങളും വെളിച്ചം
പൊലെ വെണ്മയായി വന്നു മൊശയും എലിയാവും പ്രത്യക്ഷരായി യെറുശ
ലെമിൽ വെച്ചു തനിക്കു സംഭവിക്കെണ്ടുന്ന മരണത്തെ കുറിച്ചു സംസാ
രിച്ചിരിക്കയും ചെയ്തു- അന്നു ശിഷ്യന്മാർ ഉറക്കത്തിൽനിന്ന് ഉണൎന്നപ്പൊൾ അ
വന്റെ മഹത്വത്തെയും അവനൊടു കൂടി രണ്ടു പുരുഷന്മാരെയും കണ്ടു
കൎത്താവെ നാം ഇവിടെ ഇരിക്കുന്നതു നല്ലത് മനസ്സുണ്ടെങ്കിൽ നിണക്കും
മൊശെക്കും എലിയാവിന്നും മൂന്നു കൂടാരങ്ങളെ ഉണ്ടാക്കാം എന്നു പ
റഞ്ഞ ശെഷം പ്രകാശമുള്ളൊരു മെഘം വന്നു അവരുടെ മീതെ നി
ഴലിട്ടു ഇവൻ എന്റെ ഇഷ്ടപുത്രനാകുന്നു ഇവനെ ചെവിക്കൊൾവിൻ
എന്നു മെഘത്തിൽനിന്നു ഒരു ശബ്ദവുമുണ്ടായി- ആയത് കെട്ടാറെ അ
വർ ഭയപ്പെട്ടു നിലത്തു വീണു യെശു അവരെ തൊട്ടു എഴുനീറ്റു ഭയപ്പെ
ടാതിരിപ്പിൻ എന്നു പറഞ്ഞു പിന്നെ മലയിൽനിന്നു ഇറങ്ങുമ്പൊൾ അ
വൻ അവരൊടു മനുഷ്യപുത്രൻ മരിച്ചവരിൽനിന്നു ജീവിച്ചെഴുനീല്ക്കു
മ്പൊഴെക്കു ദൎശനം ആരൊടും പറയരുത് എന്നു കല്പിക്കയും ചെയ്തു-

൫൨. യെശു മൂന്നാം പ്രാവശ്യം ബെത്താന്യയിൽ വന്നത്-

യെശു യെറുശലെം സമീപമുള്ള ബെത്താന്യ ഗ്രാമത്തിൽ ദൈവഭക്തന്മാ
യ ലാജറെയും സഹൊദരിമാരായ മറിയയെയും മൎത്തായെയും സ്നെഹിച്ചു
പലപ്പൊഴും അവരുടെ വീട്ടിൽ പൊയി പാൎത്തു കൊണ്ടിരുന്നു അവൻ ഒ
രു ദിവസം അവിടെ ഇരുന്നപ്പൊൾ മറിയ അവന്റെ കാല്ക്കൽ ഇരുന്നു വച
നങ്ങളെ കെട്ടുന്ന നെരം വളരെ പണി എടുത്തു വലഞ്ഞ മൎത്തായും അവി

യിൽ ചെന്നു കൎത്താവെ എന്റെ സഹൊദരി പണി എല്ലാം എന്റെ മെൽ വി
ട്ടിരിക്കുന്നതിനെ നീ വിചാരിക്കുന്നില്ലയൊ അവളെ എനിക്ക സഹായിപ്പാൻ
കല്പിക്കെണം എന്നു പറഞ്ഞാറെ യെശു മൎത്തായെ മൎത്തായെ നീ വള
രെ വിചാരിച്ചും പ്രയാസപ്പെട്ടും നടക്കുന്നു എങ്കിലും ഒന്നു മാത്രം ആവശ്യം
മറിയ നല്ലതിനെ തെരിഞ്ഞെടുത്തിരിക്കുന്നു അതു അവളിൽനിന്നു
എടുപ്പാൻ കഴികയില്ല നിശ്ചയം എന്നു പറഞ്ഞു—

പിന്നെ അല്പകാലം കഴിഞ്ഞ ശെഷം മറിയക്കും മൎത്തായ്ക്കും കൎത്താ
വെ നിന്റെ സ്നെഹമുള്ളവൻ രൊഗിയായി കിടക്കുന്നു എന്നു ആളെ അ
യച്ചു പറയിച്ചപ്പൊൾ യെശു രൊഗം മരണത്തിന്നായിട്ടല്ല ദൈവപുത്ര
ൻ മഹത്വപ്പെടെണ്ടതിന്നും ദൈവത്തിന്റെ മഹത്വത്തിന്നായിട്ടും ത
ന്നെ ആകുന്നു എന്നു പറഞ്ഞു രണ്ടു ദിവസം താമസിച്ച ശെഷം ശിഷ്യന്മാ
രൊടു നാം യെഹൂദാ ദെശത്തിലെക്ക പൊക എന്നു പറഞ്ഞാറെ അവർ
കൎത്താവെ യെഹൂദന്മാർ നിന്നെ കല്ലെറിവാൻ ഭാവിച്ചുവല്ലൊ ഇനി
യും നാം അവിടെക്ക പൊകാ എന്നു പറയുന്നുവൊ എന്നു ചൊദിച്ചപ്പൊ
ൾ അവൻ പകലിന്നു പന്ത്രണ്ടു മണി നെരം ഇല്ലയൊ പകൽ സമയത്ത
നടക്കുന്നവൻ വെളിച്ചം കാണ്ക കൊണ്ടു ഇടറുന്നില്ല- പിന്നെ നമ്മുടെ സ്നെ
ഹിതനായ ലാസർ ഉറങ്ങുന്നു എങ്കിലും അവനെ ഉണൎത്തുവാൻ ഞാൻ പൊ
കുന്നു എന്നു പറഞ്ഞപ്പൊൾ നിദ്രാശയനത്തെ കുറിച്ചു പറഞ്ഞു
എന്നു ശിഷ്യന്മാർ നിരൂപിച്ചു കൎത്താവെ അവൻ ഉറങ്ങുന്നു എങ്കിൽ
സൌഖ്യം വരും എന്നതിന്നു യെശു അവൻ മരിച്ചു എന്നു സ്പഷ്ടമായി
പറഞ്ഞു- അവരുടെ ഒരുമിച്ചു പുറപ്പെട്ടു ബെത്തന്യ സമീപത്ത എത്തിയപ്പൊൾ
ആ വൎത്തമാനം അറിഞ്ഞ മൎത്തായെന്നവൾ എതിരെറ്റു കൎത്താവെ നീ ഇവിടെ ഉ
ണ്ടായിരുന്നുവെങ്കിൽ എന്റെ സഹൊദരൻ മരിക്കയില്ലായിരുന്നു
എന്നു പറഞ്ഞാറെ അവൻ എഴുനീല്ക്കും എന്നു യെശുവിന്റെ വചനം കെട്ട
പ്പൊൾ മൎത്താ അവസാന ദിവസത്തിലെ ഉയിൎപ്പിങ്കൽ അവൻ എഴുനീല്ക്കും
നിശ്ചയം എന്നു പറഞ്ഞു- അനന്തരം യെശു ഞാൻ തന്നെ ഉയിൎപ്പും ജീവ

നുമാകുന്നു എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും ആരെങ്കിലും
ജീവിച്ചു എങ്കൽ വിശ്വസിച്ചാൽ ഒരുന്നാളും മരിക്കയില്ല നീ ഇത് വിശ്വസിക്കു
ന്നുവൊ എന്നു ചൊദിച്ചാറെ അവൾ കർത്താവെ നീ ലൊകത്തിൽ വരെണ്ടു
ന്ന ദൈവപുത്രനായ ക്രിസ്തുവാകുന്നു എന്നു ഞാൻ വിശ്വസിച്ചിരിക്കുന്നു എ
ന്നു പറഞ്ഞു ഉടനെ ഓടിപ്പൊയി മറിയയെ വിളിച്ചു വർത്തമാനം പറഞ്ഞ
പ്പൊൾ അവൾ വെഗം എഴുന്നീറ്റു മർത്തായുടെ പിന്നാലെ ചെന്നു യെശുവെ കണ്ടു
നമസ്കരിച്ചു കർത്താവെ നീ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ എന്റെ സഹൊ
ദരൻ മരിക്കയില്ലയായിരുന്നു എന്നു പറഞ്ഞു അവളുടെ കരച്ചലും ശ്മശാ
നത്തിങ്കൽ വെച്ചു കരയെണ്ടതിന്നു പൊകുന്നു എന്നു വിചാരിച്ചു അവ
രെ ആശ്വസിപ്പിപ്പാൻ കൂടവന്ന യഹൂദന്മാരുടെ വ്യസനവും കണ്ടപ്പൊൾ
യെശു ഞെരങ്ങി വ്യാകുലനായി കണ്ണീർ ഒഴുക്കിയത് യഹൂദന്മാർ കണ്ടു അ
വൻ അവനെ എത്ര സ്നെഹിച്ചിരിക്കുന്നു എന്നും മറ്റു ചിലർ കുരുടന്റെ ക
ണ്ണുകളെ പ്രകാശിപ്പിച്ചുള്ളവനു അവൻ മരിക്കാതെ ഇരിപ്പാൻ തക്ക
സഹായം ചെയ്വാൻ കഴികയില്ലയായിരുന്നുവൊ എന്നും പറഞ്ഞു യെശു
ഞെങ്ങി അവനെ എവിടെ വെച്ചു എന്നു ചൊദിച്ചാറെ അവർ കർത്താവെ
വന്നു നൊക്ക എന്നു പറഞ്ഞ ശെഷം അവൻ ഞെരങ്ങിക്കൊണ്ടു പ്രെതക്ക
ല്ലറയുടെ അരികെ വന്നു അതിന്മെൽ വെച്ച കല്ലിനെ നീക്കുവാൻ കല്പിച്ചു
അപ്പൊൾ മർത്തായവൻ മരിച്ചിട്ടു ഇന്നെക്ക് നാലാം ദിവസം ആകുന്നു ശ
രീരത്തിന്നു നാറ്റം പിടിച്ചിരിക്കുന്നു എന്നു പറഞ്ഞാറെ യെശു നീ വിശ്വ
സിച്ചാൽ ദൈവമഹത്വം കാണുമെന്നു ഞാൻ നിന്നൊടു പറഞ്ഞില്ലയൊ
എന്നു കല്പിച്ചു - അപ്പൊൾ അവർ അവനെ വെച്ച ഗുഹയുടെ മുഖത്തി
ന്നു കല്ലിനെ നീക്കിയാറെ യെശു തന്റെ കണ്ണുകളെ ഉയർത്തി പിതാ
വെ നീ എന്നെ ചെവിക്കൊണ്ടതിനാൽ ഞാൻ നിന്നെ വന്ദിക്കുന്നു നീ എ
പ്പൊഴും എന്നെ ചെവിക്കൊള്ളുന്നു എന്നു ഞാൻ അറിഞ്ഞിരിക്കുന്നു എങ്കിലും
ഈ ജനങ്ങൾ നീ എന്നെ അയച്ചു എന്നു വിശ്വസിക്കെണ്ടതിന്നു ഞാൻ
ഈ വാക്കു പറഞ്ഞു എന്നു പ്രാർത്ഥിച്ചു ലാസറെ പുറത്തു വരിക എന്നൊരു

മഹാശബ്ദത്തൊടെ വിളിച്ചു അപ്പൊൾ മരിച്ചവൻ ജീവിച്ചെഴുനീറ്റു പുറത്തുവന്നാറെ യെശു അവന്റെ കൈകാൽമുഖങ്ങളുടെ വസ്ത്രബന്ധനം അഴിച്ചു പൊകുവാൻ വിടുവിൻ എന്നു കല്പിക്കയും ചെയ്തു—

അനന്തരം യെശു യെരുശലെം പട്ടണത്തിൽ പെസഹ പെരുനാളിന്നു ആറുദിവസം മുമ്പെ പിന്നെയും ബെത്താന്യയിൽ വന്നിരിക്കെ ശിമൊൻ എന്നവന്റെ വീട്ടിൽ ശിഷ്യരൊടും ലാസറൊടും കൂടെ ഭക്ഷണത്തിന്നിരുന്നപ്പൊൾ മർത്താ ശുശ്രൂഷ ചെയ്തു മറിയ വിലയെറിയ പരിമളതൈലം ഒരു റാത്തൽ കൊണ്ടുവന്നു യെശുവിന്റെ തലമെൽ ഒഴിച്ചു പാദങ്ങളിലും തെച്ചു തന്റെ തലമുടി കൊണ്ടു തുവർത്തുകയും ചെയ്തു— ആ തൈലവാസന വീട്ടിൽ നിറഞ്ഞു അവനെ കാണിച്ചു കൊടുക്കുന്ന ഇസ്കര്യൊത്താ ആയ യൂദ മുന്നൂറു പണത്തിന്നു വിലയുള്ള ഈ തൈലം വിറ്റു ദരിദ്രർക്കു കൊടുക്കാഞ്ഞത് എന്തു എന്നു ചൊദിച്ചു അവൻ ദരിദ്രരെ വിചാരിച്ചിട്ടല്ല കള്ളനാക കൊണ്ടും മടിശ്ശീല ധരിച്ചു സൂക്ഷിച്ചും ഇരിക്കയാൽ അത്രെ ഇത് പറഞ്ഞത് എന്നാറെ യെശു നിങ്ങൾ ഈ സ്ത്രീയെ എന്തിന്നു ദുഃഖിപ്പിക്കുന്നു ഇവൾ എന്നിൽ നല്ലൊരു ക്രിയ ചെയ്തിരിക്കുന്നു ദരിദ്രർ എപ്പൊഴും നിങ്ങളുടെ കൂടെ ഉണ്ടാം മനസ്സുണ്ടെങ്കിൽ അവർക്കു ധർമ്മം ചെയ്യാം ഞാൻ എപ്പൊഴും നിങ്ങളുടെ കൂടെ ഇരിക്കയില്ല ഇവൾ കഴിയുന്നത് ചെയ്തു എന്റെ ശരീരത്തെ കല്ലറയിൽ അടക്കുന്ന ദിവസത്തിന്നായി സംഗ്രഹിച്ചത് കൊണ്ടു ഈ സുവിശെഷം ലൊകത്തിങ്കൽ എവിടെ എങ്കിലും ഘൊഷിക്കപ്പെടുമ്പൊൾ ഇവളുടെ ഓർമ്മക്കായി ഇവൾ ചെയ്തതും ചൊല്ലും നിശ്ചയം എന്നു പറഞ്ഞു—

൨൪. യെശു യരുശലെമിൽ പ്രവെശിച്ചത്.

പിറ്റെദിവസം യരുശലെമിലെക്ക് യാത്രയായിട്ടു ഒലിവമലയുടെ അരികെ ഉള്ള ബെത്ഫാഗ ഗ്രാമത്തിൽ എത്തിയാറെ യെശു ശിഷ്യരിൽ രണ്ടു പെരെ വിളിച്ചു അവരൊടു നിങ്ങൾ ഗ്രാമത്തിൽ പൊകുവിൻ അവിടെ കെട്ടിയിരിക്കുന്ന കഴുതയെയും കഴുതക്കുട്ടിയെയും കാണും അവറ്റെ അഴിച്ചു കൊണ്ടുവരുവിൻ ആരാനും വിരൊധം പറകയും എങ്കിൽ കർത്താവി

സാധു:വായി കഴുതവറഞ്ഞാൽ ടെനെ പിട്ടയക്കും നിന്റെ രാജാവ് സൌമ്യ
ൻ ... കൂട്ടി മെൽകാറെറിവരുന്നവെന്നു ശിയോൻപുത്രിയൊടു പറവി
ൻ എന്നുള്ള പ്രവാചകവാക്യം നിവൃത്തിയാകെണ്ടതിന്നു ഇതൊക്കയും സംഭ
വിച്ചു- ശിഷ്യന്മാർ പൊയി കർത്താവിന്റെ വചനപ്രകാരം കഴുതക്കു
ട്ടിയെ കണ്ടെഴിച്ചു കൊണ്ടുവന്നു വസ്ത്രങ്ങളെ അതിന്മെലിട്ടു യെശുവിനെയും
അതിന്മെൽ കയറ്റി പൊകുമ്പൊൾ ജനസംഘം വന്നു ശുഭ്രവസ്ത്രങ്ങളെയും വൃക്ഷ
ങ്ങളുടെ കൊമ്പുകളെയും വഴിയിൽ വിരിച്ചു ദാവീദിൻപുത്രന്നു ഹൊശന്നാ
കർത്താവിന്റെ നാമത്തിൽ വരുന്നവൻ ... ഉന്നത
ങ്ങളിൽ ഹൊശന്നാ എന്നു ഘൊഷിച്ചു പറഞ്ഞു- നഗരത്തിന്നടുത്തപ്പൊൾ അ
വൻ അതിനെ നൊക്കി കരഞ്ഞു നിന്റെ ഈ നാളിലെങ്കിലും നിന്റെ സമാ
ധാനത്തെ സംബന്ധിച്ച കാര്യങ്ങളെ നീ താൻ അറിയുന്നെങ്കിൽ കൊള്ളാ
മായിരുന്നു ഇപ്പൊൾ അവ നിന്റെ കണ്ണുകൾക്കു മറഞ്ഞിരിക്കുന്നു ദർശനകാലം
അറിയായ്കകൊണ്ടു ശത്രുക്കൾ ചുറ്റും കിടങ്ങുണ്ടാക്കി വളഞ്ഞു കൊണ്ടു നി
ന്നെ നാലുപാടവും ഞെരുക്കി നിന്നെയും നിന്റെ മക്കളെയും നിലത്തൊടു സമമാ
ക്കി നിന്നിൽ ഒരു കല്ലിന്മെൽ മറ്റൊരു കല്ലും ശെഷിക്കാതെ ഇരിക്കും നാളു
കൾ വരും എന്നരുളി യെശു ദൈവാലയത്തിലെക്ക ചെന്നു അവിടെ
ക്രയവിക്രയങ്ങൾ ചെയ്യുന്നവരെ പുറത്താക്കി നാണിഭക്കാരുടെ മെശപ്പ
ലകകളെയും പ്രാക്കളെ വില്ക്കുന്നവരുടെ കൂട്ടുകളെയും മറിച്ചിട്ടു എന്റെ
ഭവനം എല്ലാ ജനങ്ങൾക്കും പ്രാർത്ഥനാഭവനം എന്നെഴുതിയിരിക്കുന്നതി
ങ്കൽ നിങ്ങൾ അതിനെ കള്ളന്മാരുടെ ഗുഹയാക്കി തീർത്തു എന്നു പറഞ്ഞു-

അനന്തരം ദൈവാലയത്തിൽ നിന്നു കുട്ടികൾ ദാവീദിൻപുത്രന്നു
ഹൊശന്നാ എന്നു വിളിക്കുന്നതു മഹാചാര്യന്മാരും ശാസ്ത്രികളും കെട്ടു കൊപി
ച്ചു ഇവർ പറയുന്നതു കെൾക്കുന്നുവൊ എന്നു ചൊദിച്ചതിന്നു യെശു ശിശുക്കളുടെ
യും മുലകുടിക്കുന്നവരുടെയും വായിൽ നിന്നു സ്തുതിയെ തികച്ചിരിക്കുന്നു
എന്ന വെദവാക്യം നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലയൊ എന്നു പറഞ്ഞു
ബെത്തന്യായിലെക്ക പൊയി രാത്രിയിൽ ... പട്ടണത്തിലെക്ക

മടങ്ങിചെല്ലുമ്പൊൾ വിശന്നു വഴിയരികെ ഒരു അത്തിവൃക്ഷം ഫലങ്ങൾ കൂടാ
തെ ഇലകൾ മാത്രമായി കണ്ടാറെ ഇനിമെലാൽ ഒരുത്തനും നിങ്കൽനി
ന്നു ഫലം ഭക്ഷിക്കരുതെന്നു ശപിച്ചു ഉടനെ ആ വൃക്ഷം ഉണങ്ങിപ്പൊക
യും ചെയ്തു—

൩൭. മുന്തിരിങ്ങാതോട്ടവും രാജകല്യാണവും—

പിന്നെ ഒരു ദിവസം അവൻ ദൈവാലയത്തിൽ വെച്ചു ജനങ്ങളെ പഠിപ്പി
ക്കുമ്പൊൾ പ്രധാനാചാൎയ്യന്മാരും ഉപാദ്ധ്യായന്മാരും മൂപ്പന്മാരെല്ലാരും വ
ന്നു അവനൊടു പല ചൊദ്യങ്ങൾ കഴിച്ചശെഷം അവൻ ജനങ്ങളൊട്ടേററ
ഉപമ പറഞ്ഞുതുടങ്ങി—ഒരു മനുഷ്യൻ ഒരു മുന്തിരിങ്ങാത്തോട്ടമുണ്ടാക്കി
ചുററിലും വെലികെട്ടി നടുവിലൊരു ചക്കും കുഴിച്ചിട്ടു ഗൊപുരവും പണി
ചെയ്തു സകലത്തെയും തൊട്ടക്കാൎക്ക ഏല്പിച്ചു ദൂരദെശത്തെക്ക പൊയി വളരെ
കാലം പാൎത്തു തൽസമയത്ത തൊട്ടക്കാരൊടു ഫലങ്ങളെ വാങ്ങുവാൻ
ഭൃത്യന്മാരെ അയച്ചു—എന്നാറെ അവർ അവരെ പിടിച്ചു ഒരുത്തനെ അടി
ച്ചു വെറൊരുത്തനെ കൊന്നു മറെറാരുത്തനെ കല്ലെറിഞ്ഞു മററു ചിലരെ
പലപ്രകാരം ഹിംസിച്ചു വധിക്കയും ചെയ്തു—അനന്തരം എൻ പുത്രനെ കണ്ടാൽ
അവർ ശങ്കിക്കുമെന്നു വിചാരിച്ചു അവനെയും പറഞ്ഞയച്ചു തൊട്ടക്കാർ പു
ത്രനെ കണ്ടപ്പൊൾ ഇവൻ അവകാശിയാകുന്നു നമുക്ക അവകാശമാക്കെ
ണ്ടതിന്നു ഇവനെ കൊല്ലേണം എന്ന് അന്യൊന്യം ആലൊചിച്ചു പറഞ്ഞു
അവനെ തൊട്ടത്തിൽനിന്നു പുറത്താക്കി കൊന്നുകളകയും ചെയ്തു—അനന്ത
രം തൊട്ടത്തിന്റെ ഉടയവൻ വരുമ്പൊൾ അവരൊടു എന്തു ചെയ്യുമെന്നു
ചൊദിച്ചാറെ അവൻ വന്നു അവരെ നശിപ്പിച്ചു മുന്തിരിങ്ങാത്തൊട്ടം
തക്കാലത്ത ഫലം കൊണ്ടുവരുന്ന തൊട്ടക്കാൎക്ക ഏല്പിക്കും എന്ന് അവർ പ
റഞ്ഞാറെ യെശു അവരൊടു ഇപ്രകാരം ദൈവരാജ്യം നിങ്കൽ
നിന്നെടുത്ത ഫലങ്ങളെ തരുന്ന ജാതിക്കു ഏല്പിക്കപ്പെടും എന്നു പറഞ്ഞു
വെറെ ഒരു ഉപമ കെട്ടിൻ ഒരു രാജാവ് പുത്രന്നു കല്യാണം കഴിപ്പാൻ ഭാ
വിച്ചു കല്യാണക്കാരെ വിളിപ്പാൻ ഭൃത്യന്മാരെ പറഞ്ഞയച്ചാറെ അവ

ക്ക് വരുവാൻ മനസ്സില്ലായ്കയാൽ അവൻ വേറെയുള്ള ഭൃത്യന്മാരെ അയച്ചു വി
ളിച്ച കല്യാണക്കാരോടു ചൊല്ലു തടിച്ച മാട്ടുകാളകളെ കൊന്നു പാകം ചെയ്തു സകല
വും ഒരുങ്ങിയിരിക്കുന്നു വേഗം വരേണം എന്നു പറവിൻ എന്നു കല്പിച്ചു എന്നാ
റെ അവർ നിരസിച്ചു ഒരുത്തൻ തന്റെ വിളഭൂമിക്കൊണ്ടെന്നും
മറ്റൊരുത്തൻ തന്റെ വ്യാപാരത്തിന്നും പൊയിക്കളഞ്ഞു മറ്റെവർ
രാജദൂതന്മാരെ പിടിച്ചു അപമാനിച്ചു കൊല്ലുകയും ചെയ്തു — അപ്പൊൾ രാജാ
വ് കൊപിച്ചു സെനകളെ അയച്ചു ആ ദുഷ്ടരെ നശിപ്പിച്ചു അവ
രുടെ പട്ടണത്തെയും ചുട്ടുകളഞ്ഞു പിന്നെ അവൻ ഭൃത്യന്മാരോടു കല്യാണത്തി
ന്നു ഒക്കയും ഒരുങ്ങിയിരിക്കുന്നു എങ്കിലും കല്യാണക്കാർ അതിന്നു യൊഗ്യ
ന്മാരല്ല നിങ്ങൾ പൊയി വഴിക്കൽ ആരെ എങ്കിലും കണ്ടാൽ വിളിപ്പിൻ എന്നു
കല്പിച്ചു ശെഷം അവർ പുറപ്പെട്ടു ദുഷ്ടന്മാരെയും ശിഷ്ടന്മാരെയും കൂട്ടിവ
ന്നതിനാൽ കല്യാണശാല ഇരുന്നവരെക്കൊണ്ടു നിറഞ്ഞു അപ്പൊൾ
കല്യാണക്കാരെ കാണ്മാൻ രാജാവ് അകത്തു ചെന്നു കല്യാണവസ്ത്രം
ധരിക്കാത്ത ഒരു മനുഷ്യനെ കണ്ടു സ്നെഹിത കല്യാണവസ്ത്രം ധരിക്കാതെ
നീ എങ്ങിനെ ഇവിടെ വന്നു എന്നു ചൊദിച്ചു എന്നാറെ അവൻ മിണ്ടാതെ
ഇരുന്നപ്പൊൾ രാജാവ് ഭൃത്യന്മാരെ വിളിച്ചു ഇവന്റെ കൈകാലുകളെ
കെട്ടി പുറത്തെ അന്ധകാരത്തിലെക്കു തള്ളുവിൻ അവിടെ കരച്ചലും പ
ല്ലുകടിയും ഉണ്ടാകും എന്നു കല്പിച്ചു വിളിക്കപ്പെട്ടവർ പലരും തിരഞ്ഞെ
ടുക്കപ്പെട്ടവർ ചുരുക്കം തന്നെ പിന്നെ ഉപാ[illegible]ക്കാരുടെയും ശാ
സ്ത്രികളുടെയും ദുഷ്ടതയെ ശാസിച്ചു നിന്ദിച്ചിട്ടു യറുശലെ യെറുശലെമെ ദീ
ർഘദർശിമാരെ കൊന്നു നിന്റെ അടുക്കെ അയച്ചവരെ കല്ലെറിഞ്ഞു
വളെ ഒരു പിട കൊഴിക്കുഞ്ഞുങ്ങളെ തന്റെ ചിറകുകളുടെ കീഴിൽ കൂട്ടിച്ചെർക്കു
ന്നതുപൊലെ നിന്റെ മക്കളെ കൂട്ടിച്ചെർപ്പാൻ ഞാൻ എത്ര പ്രാവശ്യം ഇ
ച്ഛിച്ചു എങ്കിലും നിങ്ങൾ മനസ്സില്ലാഞ്ഞു നിങ്ങളുടെ ഭവനം പാഴായിക്കിടക്കും
കർത്താവിന്റെ നാമത്തിൽ വരുന്നവൻ വന്ദ്യൻ എന്നു നിങ്ങൾ പറവൊ
ളം നിങ്ങൾ എന്നെ കാണ്കയില്ല എന്നു പറകയും ചെയ്തു —

൨൬. അവസാനകാൎയ്യങ്ങളുടെ വിവരം

അനന്തരം യെശു ദൈവാലയത്തിൽനിന്നു പുറപ്പെട്ടു പോകുമ്പോൾ ശിഷ്യന്മാരുടെ ൟ ദൈവാലയത്തിന്റെ വിശെഷകല്ലുകളെയും രത്നാലങ്കാരത്തെയും കാണിച്ചാറെ അവൻ പറഞ്ഞു നിങ്ങൾ ൟ വസ്തുക്കളെ എല്ലാം കാണുന്നുവൊ ഇടിച്ചുകളയാത്ത കല്ലു ഒരു കല്ലിന്മെലും ഇവിടെ ശെഷിക്കയില്ല നിശ്ചയം യറുശലെം സെനകളാൽ ചുറ്റപ്പെട്ടിരിക്കുന്നത് നിങ്ങൾ കാണുമ്പൊൾ അതിന്റെ നാശം സമീപിച്ചിരിക്കുന്നു എന്നറിക യഹൂദദെശത്തുള്ളവർ മലകളിലെക്ക പട്ടണത്തിലുള്ളവർ പുറത്തെക്കും ഓടിപ്പൊകെണ്ടു നാട്ടിലുള്ളവർ പട്ടണത്തിൽ ചെല്ലരുത് എഴുതിയിരിക്കുന്ന കാൎയ്യങ്ങൾ നിവൃത്തിവരുത്തുന്ന കാലം അത് തന്നെ എന്നറിക ജനങ്ങളിന്മെൽ ദെവകൊപം ഉഗ്രമായി ജ്വലിക്ക കൊണ്ടു നാട്ടിൽ പലവിധ ഞെരിക്കവും അതിക്രമിച്ചുണ്ടാകും ആ നാളുകളിൽ ഗൎഭിണികൾക്കും മുലകുടിപ്പിക്കുന്നവൎക്കും ഹാ കഷ്ടം ജനങ്ങൾ വാളിനാൽ വീഴും പലരാജ്യങ്ങളിലും അടിമകളായി പൊകെണ്ടിവരും പുറജാതികളുടെ സമയം തികയുവൊളം അവർ യറുശലെമിനെ ചവിട്ടിക്കളകയും എന്നു പറഞ്ഞു പിന്നെ അവൻ ഒലിവമലമെൽ ഇരിക്കുമ്പൊൾ പെത്രു യൊഹനാൻ യാക്കൊബ് അന്ത്രയാ എന്നീ നാലു ശിഷ്യന്മാർ അവനൊടെ നിന്റെ വരവിന്റെയും ലൊകാവസാനത്തിന്റെയും അടയാളം എന്തെന്നു ചൊദിച്ചാറെ യെശു പലരും എന്റെ നാമത്തിൽ വന്നു ഞാൻ ക്രിസ്തുവാകുന്നു എന്നു പറഞ്ഞു പലരെയും വഞ്ചിക്കും നിങ്ങൾ പടയൊഴവും യുദ്ധവൎത്തമാനവും കെൾക്കും ജാതിക്കെതിരെ ജാതിയും രാജ്യത്തൊടു രാജ്യവും ദ്രൊഹിക്കും ക്ഷാമവും പകരുന്ന വ്യാധികളും ഭൂകമ്പവും പലെടവും ഉണ്ടാകും ദുഷ്ടജനങ്ങൾ നിങ്ങളെ ഉപദ്രവിച്ചു കൊല്ലുകയും ചെയ്യും സകല ജാതികൾക്കും സാക്ഷിയായിട്ടു സുവിശെഷം ഭൂമിയിൽ എല്ലാടവും ഘൊഷിക്കപ്പെടും അപ്പൊൾ അവസാനം വരും ലൊകാരംഭം മുതൽ ഇത്രവരെയും സംഭവിക്കാത്തതും ഇനിമെൽ ഉണ്ടാകിവരാത്തതുമായ മഹാകഷ്ടങ്ങൾ ഉണ്ടാകും ആ കാലത്തിൽ യ

ൽ ഒരുത്തൻ ഉൾമുറികളിൽ ഇരിക്കുന്നു എന്നു പറഞ്ഞാൽ വിശ്വസിക്കരുത്. മിന്നൽ കിഴക്കുനിന്നു പടിഞ്ഞാറോളവും പ്രകാശിക്കുന്നതുപോലെ മനുഷ്യപുത്രന്റെ വരവുണ്ടാകിരിക്കും. ശവം എവിടെ അവിടെ കഴുകന്മാർ വന്നുകൂടും. ആ കഷ്ടകാലം കഴിഞ്ഞ ഉടനെ സൂൎയ്യചന്ദ്രാദിഗ്രഹങ്ങൾ പ്രകാശിക്കാതെ ഇരുണ്ടുപോകും. നക്ഷത്രങ്ങൾ വീഴും. ആകാശത്തിലെ ശക്തികൾ ഇളകും. അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ഉയരഭാഗത്തിങ്കൽ ശോഭിക്കും. ഭൂമിയിലെ ഗോത്രങ്ങൾ പ്രലപിച്ചു മനുഷ്യപുത്രൻ വലിയ ശക്തിയോടും മഹത്വത്തോടും കൂടെ മേഘങ്ങളിൽ വരുന്നതിനെ കാണും. അവൻ ഭൂമിയിൽ സൎവ്വദിക്കിൽനിന്നും തന്റെ തിരഞ്ഞെടുത്തവരെ കൂട്ടിച്ചേൎക്കേണ്ടതിന്നു ദൂതന്മാരെ മഹാശബ്ദമുള്ള കാഹളത്തോടു കൂടെ അയക്കും. എന്നാൽ ആ ദിനത്തെയും നാഴികയെയും എന്റെ പിതാവു മാത്രം അല്ലാതെ മനുഷ്യരിലും ദൈവദൂതരിലും ഒരുത്തനും അറിയുന്നില്ല. നിങ്ങളുടെ കൎത്താവ് എപ്പോൾ വരും എന്നു അറിയായ്കകൊണ്ടു നിങ്ങൾ എപ്പോഴും ഉണൎന്നു ഒരുങ്ങി ഇരിപ്പിൻ എന്നു പറഞ്ഞു.

൧൯. അവസാനകാൎയ്യങ്ങളുടെ വിവരം (തുടൎച്ച)

അനന്തരം സ്വൎഗ്ഗരാജ്യം തങ്ങളുടെ വിളക്കുകളെ എടുത്തു മണവാളനെ എതിരേല്പാൻ പുറപ്പെട്ട പത്തു കന്യകമാരോടു സമമാകും എന്നു പറഞ്ഞു. അവരിൽ അഞ്ചുപേർ ബുദ്ധിയുള്ളവരും അഞ്ചുപേർ ബുദ്ധിയില്ലാത്തവരുമായിരുന്നു. ബുദ്ധിയില്ലാത്തവർ തങ്ങളുടെ വിളക്കുകളെ എടുത്തപ്പോൾ എണ്ണ എടുത്തില്ല. ബുദ്ധിയുള്ളവർ വിളക്കുകളോടു എണ്ണയും എടുത്തു. മണവാളൻ താമസിക്കകൊണ്ടു അവരെല്ലാവരും ഉറങ്ങിപ്പോയി. അൎദ്ധരാത്രിയിൽ മണവാളൻ വരുന്നു അവനെ എതിരേല്പാൻ പുറപ്പെടുവിൻ എന്നൊരു ഘോഷം ഉണ്ടായാറെ അവരെല്ലാവരും എഴുന്നേറ്റു തങ്ങളുടെ വിളക്കുകളെ തെളിയിച്ചു. ബുദ്ധിയില്ലാത്തവർ മറ്റവരോടു ഞങ്ങളുടെ വിളക്കുകൾ കെട്ടുപോകകൊണ്ടു കുറെ എണ്ണ തരുവിൻ എന്നു ചോദിച്ചപ്പോൾ ബുദ്ധിയുള്ളവർ ഞങ്ങൾക്കും നിങ്ങൾക്കും മുട്ടുണ്ടാകാതിരിപ്പാൻ നി-

ങ്ങൾ തന്നെ പൊയി വാങ്ങിക്കൊൾവിൻ എന്ന പറഞ്ഞു അവർ വാങ്ങുവാൻ
പൊയപ്പൊൾ മണവാളൻ വന്നു ഒരുങ്ങിയിരിക്കുന്നവർ അവനൊടുകൂട
കല്യാണത്തിന്നു പൊയി വാതിൽ അടെച്ചു ശെഷം മറെറവരും വന്നു കർത്താവെ
കർത്താവെ തുറക്കെണമെന്ന വിളിച്ചാറെ അവൻ ഞാൻ നിങ്ങളെ
അറിയുന്നില്ല എന്ന പറഞ്ഞു അപ്രകാരം മനുഷ്യപുത്രൻ വരുന്ന ദിവസമെ
ങ്കിലും നാഴികയെങ്കിലും നിങ്ങൾ അറിയായ്കകൊണ്ടു ഉണർന്നിരിപ്പിൻ. സ്വ
രാജ്യം ഭൃത്യന്മാരെ വിളിച്ചു സമ്പത്തുകളെ അവരിൽ ഏല്പിച്ചു പരദെശ
ത്തെക്ക യാത്രയാകുന്ന ഒരു മനുഷ്യന്ന സമം അവൻ അവരുടെ പ്രാപ്തിപ്പൊലെ
ഒരുത്തന്ന അഞ്ചും മറെറാരുത്തന്ന രണ്ടും മറെറാരുത്തന്ന ഒന്നും റാത്ത
ൽ ദ്രവ്യം കൊടുത്തു ഉടനെ യാത്ര പുറപ്പെട്ടുകയും ചെയ്തു എന്നാറെ അ
ഞ്ചുറാത്തൽ വാങ്ങിയവൻ പൊയി വ്യാപാരം ചെയ്തു വെറെ അഞ്ചുറാത്ത
ൽ ലാഭം വരുത്തി രണ്ടുറാത്തൽ വാങ്ങിയവനും അപ്രകാരം രണ്ടു ലാ
ഭം വരുത്തി ഒരു റാത്തൽ വാങ്ങിയവൻ അതിനെ ഭൂമിയിൽ കുഴിച്ചി
ട്ടു. വളരെ കാലം കഴിഞ്ഞാറെ അവരുടെ യജമാനൻ വന്നു കണ
ക്കു നൊക്കിയപ്പൊൾ അഞ്ചുറാത്തൽ വാങ്ങിയവൻ വെറെ അഞ്ചുറാത്ത
ൽ ധനം കൂടി കൊണ്ടുവന്നു കർത്താവെ എനിക്ക അഞ്ചുറാത്തൽ ധനം തന്നു
വല്ലൊ ഞാൻ വ്യാപാരം ചെയ്തതുകൊണ്ടു അഞ്ചുറാത്തൽ ലാഭം
വരുത്തി എന്ന പറഞ്ഞതിന്നു കർത്താവു നന്നായി ഭക്തി വിശ്വാസമു
ള്ള ശുശ്രൂഷക്കാരനെ അല്പകാര്യത്തിൽ വിശ്വസ്തനായിരുന്നതുകൊ
ണ്ടു ഞാൻ നിന്നെ വളരെ അധികാരിയാക്കും നിന്റെ കർത്താവിന്റെ
സന്തൊഷത്തിലെക്ക പ്രവെശിക്ക എന്ന പറഞ്ഞു അപ്രകാരം രണ്ടു
റാത്തൽ വാങ്ങിയവനും വന്നു കർത്താവെ നീ തന്ന രണ്ടുറാത്തൽ ധനം
കൊണ്ടു ഞാൻ രണ്ടുറാത്തൽ ലാഭം വരുത്തി എന്ന പറഞ്ഞശെഷം
കർത്താവു പ്രസാദിച്ചു ഭക്തിയും വിശ്വാസവുമുള്ള ശുശ്രൂഷക്കാരനെ അല്പ
കാര്യത്തിൽ വിശ്വസ്തനായിരുന്നതിനാൽ നിന്നെ ബഹു കാര്യങ്ങളി
ൽ അധികാരിയാക്കും നിന്റെ കർത്താവിന്റെ സന്തൊഷത്തിലെക്ക

പ്രവെശിക്ക എന്നു പറഞ്ഞു— അനന്തരം ഒരു റാത്തൽ വാങ്ങിയവൻ വന്നു
കർത്താവെ നീ വിതെക്കാത്തിടത്തിനെ കൊയ്കയും ചിതറിക്കാത്തതിനെ
കൂട്ടുകയും ചെയ്യുന്ന കഠിനമനുഷ്യനെന്ന ഞാൻ അറിഞ്ഞു പെടിച്ചു നി
ന്റെ ദ്രവ്യം ഭൂമിയിൽ കുഴിച്ചിട്ടു സൂക്ഷിച്ചു വെച്ചിരിക്കുന്നു ഉള്ളത ഇതാ
എന്നു പറഞ്ഞപ്പോൾ കർത്താവ് കോപിച്ചു മടിയനായ ദുഷ്ടശുശ്രൂഷക്കാ
രാ ഞാൻ വിതെക്കാത്തിടത്തിനെ കൊയ്കയും ചിതറിക്കാത്തതിനെ കൂട്ടു
കയും ചെയ്യുന്നു എന്നു അറികകൊണ്ടു നീ എന്റെ ദ്രവ്യം പൊൻവാണിഭ
ക്കാർക്കു കൊടുത്തു ലാഭം ഉണ്ടാക്കെണ്ടതായിരുന്നുവല്ലൊ എന്നു പറഞ്ഞു
അവനൊടു ദ്രവ്യം വാങ്ങി പത്തു റാത്തൽ ഉള്ളവന്നു കൊടുപ്പാനും നി
സ്സാരനായ ഭൃത്യനെ അന്ധകാരത്തിലെക്കു തള്ളിക്കളവാനും കല്പിച്ചു അ
വിടെ കരച്ചലും പല്ലുകടികളും ഉണ്ടാകും എന്നു കല്പിച്ചു—

പിന്നെ മനുഷ്യപുത്രൻ മഹത്വത്തൊടും സകല പരിശുദ്ധ മാലാഖമാ
രൊടും കൂടവന്നു മഹത്വസിംഹാസനത്തിന്മെൽ ഇരിക്കുമ്പൊൾ സകലജാ
തികളും അവന്റെ മുമ്പിൽ കൂട്ടി വരുത്തപ്പെടും ഇടയൻ ആട്ടുകൂട്ടത്തിൽനിന്നു കൊ
ലാട്ടുകളെ വെർതിരിക്കുന്ന പ്രകാരം അവൻ അവരെ വെർതിരിച്ചു ആ
ട്ടുകളെ വലത്തു ഭാഗത്തും കൊലാട്ടുകളെ ഇടത്തു ഭാഗത്തും നിർത്തും വലത്തു
ള്ളവരൊടു എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ വരുവിൻ
ലൊകാരംഭം മുതൽ നിങ്ങൾക്കു ഒരുക്കിയ രാജ്യം അവകാശമാക്കുവിൻ എന്തെ
ന്നാൽ ഞാൻ വിശന്നിരുന്നപ്പൊൾ എനിക്കു നിങ്ങൾ ഭക്ഷണം തന്നു ദാ
ഹിച്ചിരുന്നപ്പൊൾ കുടിപ്പാനും തന്നു പരദെശിയായിരുന്നു എന്നെ
ചെർത്തുകൊണ്ടു നഗ്നനായിരുന്നു എന്നെ ഉടുപ്പിച്ചു രൊഗിയായും തടവുകാ
രനായും ഇരുന്നു നിങ്ങൾ എന്നെ വന്നു കണ്ടു എന്നു പറയുമ്പൊൾ നീതി
മാന്മാർ കർത്താവെ ഞങ്ങൾ എപ്പൊൾ നിന്നെ ഇപ്രകാരം ശുശ്രൂഷിച്ചു എ
ന്നു ചൊദിക്കും അപ്പൊൾ നിങ്ങൾ എന്റെ സഹൊദരന്മാരായ ചെറിയവരെല്ലാ
രിലും ഒരുത്തന്നു ചെയ്തതൊക്കെയും എനിക്കു തന്നെ ചെയ്തു നിശ്ചയം എ
ന്നു കല്പിക്കും. അനന്തരം അവൻ ഇടത്തുള്ളവരൊടു ശപിക്കപ്പെട്ടവരെ

ഇപ്പൊൾ എന്നെ വിട്ട പിശാചിനും അവന്റെ ദൂതന്മാൎക്കും ഒരുക്കിയ നിത്യനരകാ
ഗ്നിയിലെക്ക് പൊകുവിൻ എന്ന് വിധിക്കുന്നപ്പൊൾ നിങ്ങൾ എനിക്ക ഭക്ഷണം തന്നി
ല്ല ദാഹിച്ചിരുന്നു എനിക്ക കുടിപ്പാനും തന്നില്ല പരദെശിയായ എന്നെ പാ
ൎപ്പിച്ചില്ല നഗ്നനായ എന്നെ ഉടുപ്പിച്ചില്ല രൊഗിയും തടവുകാരനുമായ എന്നെ
വന്നു കണ്ടതുമില്ല എന്ന് പറഞ്ഞാറെ അവരും കൎത്താവെ ഞങ്ങൾ എപ്പൊ
ൾ നിന്നെ ഇങ്ങിനെ ഉള്ളവനായി കണ്ടു ശുശ്രൂഷ ചെയ്യാതെ ഇരുന്നു എന്ന്
ചൊദ്യത്തിന്നു രാജാവ് നിങ്ങൾ എന്റെ സഹൊദരന്മാരായ ഇവരിൽ അല്പന്മാ
രിൽ ഒരുത്തന്നെങ്കിലും ഒന്നും ചെയ്യാതെ ഇരുന്നതിനാൽ എനിക്കും ചെ
യ്തിട്ടില്ല നിശ്ചയം എന്നു കല്പിക്കും അവർ നിത്യനരകത്തിലെക്കും നീതിമാ
ന്മാർ നിത്യജീവങ്കലെക്കും പൊകും —

൫൮. ശിഷ്യന്മാരുടെ കാലു കഴുകലും രാഭൊജ്ജവും

പിന്നെ യെശു ദെവാലയത്തിൽ ചെന്ന് ജനങ്ങളെ പഠിപ്പിച്ചു വൈകു
ന്നെരമായപ്പൊൾ ബെത്താന്യായിൽ പൊയി പാൎത്തു അത്താഴം കഴിച്ച ശെഷം വ
സ്ത്രങ്ങളെ അഴിച്ചു വെച്ചു ഒരു ശീല അരയിൽ കെട്ടി ശിഷ്യന്മാരുടെ കാലു
കളെ കഴുകുവാനും ശീലകൊണ്ടു തുവൎത്തുവാനും ആരംഭിച്ചു പെത്രൊന്റെ
അരികെ വന്നപ്പൊൾ അവൻ കൎത്താവെ നീ എന്റെ കാലുകളെ കഴുകുമൊ
എന്നു ചൊദിച്ചാറെ കൎത്താവ് ഞാൻ ചെയ്യുന്നത് എന്തെന്നു നീ ഇ
പ്പൊൾ അറിയുന്നില്ല വഴിയെ അറികയും ചെയ്യും എന്നു പറഞ്ഞതിന്നു അ
വൻ കൎത്താവെ ഒരുനാളും എന്റെ കാലുകളെ കഴുകരുത് എന്നു വി
രൊധിച്ച ശെഷം ഞാൻ കഴുകുന്നില്ല എങ്കിൽ നിനക്ക എന്നൊടു കൂടെ
ഓഹരിയില്ല എന്നു കല്പിച്ചപ്പൊൾ പെത്രൊൻ കൎത്താവെ കാലുകളെ മാത്രമ
ല്ല കൈകളെയും തലയെയും കൂടെ കഴുകെണമെ എന്ന് അപെക്ഷിച്ചാ
റെ യെശു കുളിച്ചവന്നു കാലുകളെ മാത്രമല്ലാതെ ഒന്നും കഴുകുവാൻ ആവ
ശ്യമില്ല അവൻ മുഴുവനും ശുദ്ധൻ തന്നെ നിങ്ങളും ഇപ്പൊൾ ശുദ്ധരാകുന്നു
എല്ലാവരുമല്ല താനും തന്നെ കാണിച്ചു കൊടുക്കുന്നവനെ അറിഞ്ഞിട്ടു
കൊണ്ട് എല്ലാവരും ശുദ്ധരല്ല എന്നു പറഞ്ഞു അതിന്റെ ശെഷം യെ

ശുവന്ത്രങ്ങളൊട്ടു ഞാൻ ഇരുന്ന ശിഷ്യന്മാരൊടു ഞാൻ നിങ്ങൾക്കു ചെയ്തതു ഇ
ന്നതെന്നു അറിയുന്നുവൊ നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വി
ളിക്കുന്നു ഞാൻ അപ്രകാരം ആകകൊണ്ടു നിങ്ങൾ പറഞ്ഞതു ശരി തന്നെ
കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാലുകളെ കഴുകീട്ടുണ്ടെങ്കിൽ
നിങ്ങളും അന്യൊന്യം കാലുകളെ കഴുകെണം ഞാൻ ചെയ്ത പ്രകാരം
നിങ്ങളും അന്യൊന്യം ചെയ്യെണ്ടതിന്നു ഞാൻ ഒരു ദൃഷ്ടാന്തം കാണിച്ചു
ശുശ്രൂഷക്കാരൻ തന്റെ യജമാനനെക്കാളും ദൂതൻ അയച്ചവനെക്കാ
ളും വലിയവനല്ല നിശ്ചയം ഈ കാര്യങ്ങളെ അറിഞ്ഞു അപ്രകാരം
ചെയ്താൽ നിങ്ങൾ ഭാഗ്യവാന്മാരാകും എന്നു പറഞ്ഞു—

പിന്നെ പുളിക്കാത്ത അപ്പങ്ങളുടെ ഒന്നാം ദിവസത്തിൽ ശിഷ്യ
ന്മാർ യെശുവൊടു നിണക്കു പെസഹ ഭക്ഷിക്കെണ്ടതിന്നു എവിടെ ഒരു
ക്കെണമെന്നു ചൊദിച്ചാറെ അവൻ രണ്ടാളൊടു നിങ്ങൾ യരുശലെമിൽ
പൊയി പട്ടണത്തിന്നകത്തു ചെല്ലുമ്പൊൾ ഒരു കുടം വെള്ളം ചുമന്ന ഒരു
മനുഷ്യൻ നിങ്ങളെ എതിരെല്ക്കും അവൻ പൊകുന്ന വീട്ടിലെക്കു നി
ങ്ങളും പ്രവെശിച്ചു യജമാനനൊടു എന്റെ കാലം സമീപിച്ചിരിക്കുന്നു
ശിഷ്യരൊടു കൂടെ പെസഹ കഴിപ്പാൻ വെണ്ടുന്ന മുറി എവിടെ എന്നു ഗുരു നി
ന്നൊടു ചൊദിക്കുന്നു എന്നു പറവിൻ അപ്പൊൾ അവൻ നിങ്ങൾക്കു ഒരു
വലിയ മാളികമുറി കാണിക്കും അവിടെ നമുക്കു വെണ്ടി ഒരുക്കുവിൻ
എന്നു അവരെ പറഞ്ഞയച്ചു. അവർ പൊയി കർത്താവിന്റെ വചന
പ്രകാരം കണ്ടു പെസഹ ഒരുക്കി വെച്ചു വൈകുന്നെരം ആയപ്പൊൾ
അവൻ പന്ത്രണ്ടു ശിഷ്യന്മാരൊടു കൂടി നഗരത്തിലെക്കു യാത്രയായി
ഒരു മുന്തിരിങ്ങത്തൊട്ടം കടന്ന സമയം ഞാൻ സത്യമുന്തിരിവള്ളിയും
എൻ പിതാവു തൊട്ടക്കാരനും ആകുന്നു ഫലം തരാത്ത കൊമ്പുക
ളെ ഒക്കയും അവൻ ഛെദിച്ചു കളയും ഫലം തരുന്ന കൊമ്പുകളെ അ
ധികം ഫലം തരെണ്ടതിന്നു ശുദ്ധിവരുത്തും എന്നിൽ വിശ്വസിച്ചാൽ ഞാ
ൻ നിങ്ങളിൽ വസിക്കും കൊമ്പു മുന്തിരിക്കിൽ വസിക്കുന്നില്ലെങ്കിൽ താ

നാക്കിട്ടുഫലം തനിക്കില്ലാത്തപ്രകാരം എന്നിൽ വസിക്കുന്നില്ലെങ്കിൽ നി
ങ്ങൾക്കും കഴികയില്ല എന്നിൽ വസിക്കാത്തവൻ ഒരു കൊമ്പുപോലെ പു
റത്തു തള്ളിനര കാനിക്കപ്പെട്ടു ദഹിപ്പിക്കപ്പെടുകയും എന്നും മറ്റും ശിഷ്യന്മാ
രോടു ഉപദെശിച്ചു കല്പിക്കയും ചെയ്തു — അനന്തരം യെശു പന്ത്രണ്ടു ശിഷ്യന്മാ
രോടു കൂടെ പന്തിയിൽ ഇരുന്നു ഭക്ഷിക്കുമ്പോൾ നിങ്ങളിൽ ഒരുത്തൻ എ
ന്നെ കാണിച്ചു കൊടുക്കും നിശ്ചയം എന്നു വ്യാകുലനായി പറഞ്ഞാറെ അ
വർ വളരെ ദുഃഖിച്ചു ഞെരെ വിചാരിച്ചു പറഞ്ഞു എന്നെ സംശയിച്ചു ത്രെ
മണ ഞാനൊ ഞാനൊ എന്നു ചൊദിച്ചതിന്നു ഞാൻ അപ്പഖണ്ഡം മുക്കി
കൊടുക്കുന്നവൻ തന്നെ എന്നു അവൻ പറഞ്ഞു ഖണ്ഡം മുക്കി ഇസ്കരിയോത്താ
രനായ യഹൂദാവിന്നു കൊടുത്തു മനുഷ്യപുത്രൻ തന്നെ കുറിച്ചു എഴു
തിയിരിക്കുന്ന പ്രകാരം പൊകുന്നുവെങ്കിലും അവനെ കാണിച്ചു കൊ
ടുക്കുന്നവന്നു ഹാ കഷ്ടം അവൻ ജനിക്കാതിരുന്നെങ്കിൽ നന്നായിരു
ന്നു എന്നു പറഞ്ഞു — പിന്നെ അവർ ഭക്ഷിക്കുമ്പോൾ യെശു അപ്പം എടുത്തു
വാഴ്ത്തി മുറിച്ചു ശിഷ്യന്മാൎക്കു കൊടുത്തു നിങ്ങൾ വാങ്ങി ഭക്ഷിപ്പിൻ ഇത് എ
ന്റെ വെണ്ടി നുറുക്കപ്പെടുന്ന എന്റെ ശരീരമാകുന്നു എന്റെ ഒൎമ്മക്കാ
യി ഇതിനെ ചെയ്യിൻ അപ്രകാരം പാനപാത്രവും എടുത്തു വാഴ്ത്തി കൊടുത്തു
നിങ്ങൾ എല്ലാവരും ഇതിൽനിന്നു കുടിപ്പിൻ ഇത് എന്റെ ര[illegible]
പുതിയ നിയമമാകുന്നു ഇത് നിങ്ങൾക്കും എല്ലാവൎക്കും വെണ്ടി പാപമൊചനത്തി[illegible]
ന്നായി ഒഴിച്ചു എന്റെ രക്തം ഇത് കുടിക്കുമ്പോൾ ഒക്കയും എന്റെ ഒൎമ്മക്കാ
യി ചെയ്യിൻ ഇത് മുതൽ എൻ പിതാവിന്റെ രാജ്യത്തിൽ വെച്ചു നിങ്ങ
ളോടു കൂടെ പിന്നെ പുതിയതായി ഈ രസം കുടിക്കുംവരെയും ഞാൻ ഇനി കുടിക്ക
യില്ല എന്നു പറകയും ചെയ്തു —

൬൩. ഗെഥ്സമനിയിൽ യെശുക്രിസ്തുവിന്റെ
മനഃപീഡ

പിന്നെ അവർ ഒരു സങ്കീൎത്തനം പാടി സ്തുതിച്ചു [illegible]
ങ്ങളെ പറഞ്ഞു പ്രാൎത്ഥിച്ചശെഷം കിദ്രൊൻ നദിക്ക [illegible]

ലയിൽ കയെറിപ്പൊയപ്പൊൾ ശിഷ്യന്മാരൊട്ടു ഞാൻ ഇടയനെ അടിക്കുമ്പൊ
ൾ ആട്ടിൻകൂട്ടം ചിതറിപ്പൊകുമെന്ന എഴുതിയിരിക്കുന്ന പ്രകാരം നിങ്ങൾ എ
ല്ലാവരും ഈ രാത്രിയിൽ എന്നിൽ ഇടറും എങ്കിലും ഞാൻ ഉയിർത്തെഴുനി
റ്റ ശെഷം നിങ്ങളുടെ മുമ്പെ ഗലിലെയായിൽ പൊകുമെന്നരുളിച്ചെയ്തു പെത്രു എ
ല്ലാവരും നിന്നെക്കുറിച്ചു ഇടറിയാലും ഞാൻ ഒരുനാളും ഇടറുകയില്ല എന്ന
പറഞ്ഞു - അപ്പൊൾ ഈശൊ അവനൊട്ടു ഈ രാത്രിയിൽ പൂവൻകൊഴി ര
ണ്ടുവട്ടം കൂകും മുമ്പെ നീ മൂന്നുവട്ടം എന്നെ തള്ളിപ്പറയും എന്നപ്പൊഴു
ടനെ പെത്രു നിന്നൊടുകൂടെ മരിക്കെണ്ടിവന്നാലും ഞാൻ നിന്നെ തള്ളി
പ്പറകയില്ല എന്നു പറഞ്ഞു ശിഷ്യന്മാർ എല്ലാവരും അപ്രകാരം തന്നെ
പറഞ്ഞു - പിന്നെ ഗെത്സെമനി എന്ന സ്ഥലത്ത് എത്തിയപ്പൊൾ ഈശൊ അ
വരൊട്ടു ഞാൻ അങ്ങൊട്ടു പൊയി പ്രാർത്ഥിച്ചുവരുവൊളം നിങ്ങൾ ഇവി
ടെ ഇരിപ്പിൻ എന്നു പറഞ്ഞു പെത്രുവിനെയും യൊഹന്നാനെയും യാ
ക്കൊബിനെയും കൂട്ടിക്കൊണ്ടു പൊയി വിഷണ്ണനായി വളരെ വ്യസന
പ്പെട്ടു തുടങ്ങി എന്റെ ആത്മാവ് മരണൊളം പരവശമായിരിക്കുന്നു നി
ങ്ങൾ ഇവിടെ പാർത്ത് എന്നൊടു കൂടെ ഉണർന്നിരിപ്പിൻ എന്നു പറഞ്ഞു ഒ
രു കല്ലെറു ദൂരം പൊയി കമ്പിട്ടു വീണു അബ്ബാ പിതാവെ സകലവും നി
നക്കു കഴിയും മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നു നീ
ക്കണമെ എന്നാൽ എന്റെ ഇഷ്ടം പൊലെ അല്ല നിന്റെ ഇഷ്ടം പൊ
ലെ ആകട്ടെ എന്നു പ്രാർത്ഥിച്ചു ശെഷം വന്നു ശിഷ്യർ ഉറങ്ങുന്നത് ക
ണ്ടു പെത്രുവിനൊടു നിങ്ങൾ ഒരു മണിനെരം എന്നൊടു കൂടെ ഉണർന്നിരി
പ്പാൻ കഴികയില്ലയൊ പരീക്ഷയിൽ അകപ്പെടാതെ ഇരിപ്പാൻ ഉണ
ർന്നു കൊണ്ടു പ്രാർത്ഥിപ്പിൻ മനസ്സ് ഉത്സാഹമുള്ളത് ജഡം ക്ഷീണമുള്ള
താകുന്നു എന്നു പറഞ്ഞു - പിന്നെയും പൊയി എൻ പിതാവെ ഈ പാത്ര
ം ഞാൻ കുടിക്കാതെ അത് എന്നിൽ നിന്നു നീങ്ങിപ്പൊവാ
ൻ കഴിയുന്നതല്ലെങ്കിൽ നിന്റെ ഇഷ്ടപ്രകാരം ആകട്ടെ എന്നു പ്രാർത്ഥി
ച്ചപ്പൊൾ സ്വർഗ്ഗത്തിൽ നിന്നു ഒരു ദൈവദൂതൻ പ്രത്യക്ഷനായി അവ

നിലവിളിച്ചു അവൻ പ്രാണവ്യാകുലനായപ്പൊൾ അതിശ്രദ്ധയൊടെ പ്രാർത്ഥിച്ചു അവന്റെ വിയർപ്പു ചൊരത്തുള്ളികളാകെ നിലത്തു വീണു അവൻ മടങ്ങി വന്നു അവരെ ഉറങ്ങുന്നതു കണ്ടു അവർ നിദ്രാഭാരം കൊണ്ടിരുന്നു അവനൊടു ഉത്തരം പറയെണമെന്നറിഞ്ഞില്ല യെശു പിന്നെയും പൊയി മൂന്നാം പ്രാവശ്യം ആ വചനം തന്നെ പറഞ്ഞു പ്രാർത്ഥിച്ചു ശിഷ്യരുടെ അരികെ വന്നു ഇനി ഉറങ്ങി ആശ്വസിച്ചുകൊൾവിൻ മതി സമയം അടുത്തു മനുഷ്യപുത്രൻ പാപികളുടെ കൈകളിൽ എല്പിക്കപ്പെടുന്നു എഴുന്നെല്പിൻ നാം പൊക എന്നെ കാണിച്ചു കൊടുക്കുന്നവൻ സമീപിച്ചിരിക്കുന്നു എന്നു പറഞ്ഞു—

൩൯. യെശു ശത്രുകൈവശമായതും പെത്രു തള്ളിപ്പറഞ്ഞതും.

അനന്തരം അവന്റെ ശിഷ്യനായ യൂദാവും അവനൊടു കൂടെ പ്രധാനാചാൎയ്യന്മാരുടെ പുരുഷാരവും ദീപട്ടികളൊടും ആയുധങ്ങളൊടും കൂടെ വന്നു യെശു തനിക്കു വരുവാനുള്ളതൊക്കെയും അറിഞ്ഞു പുറപ്പെട്ടു ചെന്നു അവരൊടു നിങ്ങൾ ആരെ അന്വെഷിക്കുന്നു എന്നു ചൊദിച്ചു നെചറായക്കാരനായ യെശുവിനെ എന്നു പറഞ്ഞപ്പൊൾ അവൻ ഞാൻ തന്നെ എന്നു പറഞ്ഞതു കെട്ടു അവർ പിന്നൊക്കം വാങ്ങി നിലത്തു വീണു യെശു രണ്ടാമതും നിങ്ങൾ ആരെ അന്വെഷിക്കുന്നു എന്നു ചൊദിച്ചപ്പൊൾ നചറായക്കാരനായ യെശുവിനെ തന്നെ എന്നു പിന്നെയും പറഞ്ഞു- അവൻ ഞാൻ തന്നെ എന്നു പറഞ്ഞുവല്ലൊ എന്നെ അന്വെഷിക്കുന്നെങ്കിൽ ഇവരെ വിടുവിൻ എന്നു പറഞ്ഞു- ഞാൻ ചുംബിക്കുന്നവനെ പിടിച്ചുകൊൾവിൻ എന്നുള്ള ലക്ഷണം പറഞ്ഞതു കൊണ്ടു യൂദാ ഉടനെ വന്നു യെശുവൊടു ഗുരൊ സലാം എന്നു പറഞ്ഞു ചുംബിച്ചാറെ യെശു സ്നെഹിതാ എന്തിന്നു വന്നു യൂദാവെ ചുംബനം കൊണ്ടൊ മനുഷ്യപുത്രനെ കാണിച്ചു കൊടുക്കുന്നതു എന്നു പറഞ്ഞാറെ അതിന്റെ ശെഷം അവർ അരികെ വന്നു യെശുവിന്മെൽ കൈകളെ

ച്ചുപിടിച്ചുതുടങ്ങിയത് ശിഷ്യന്മാർ കണ്ടപ്പൊൾ യെശുവൊടു കർത്താവെ വാൾ
കൊണ്ടു വെട്ടാമൊ എന്നു ചൊദിച്ചു ഉടനെ പെത്രു വാൾ ഊരി പ്രധാനാ
ചാൎയ്യന്റെ ഭൃത്യനായ മല്ക്കി എന്നവനെ വെട്ടി വലത്തെ ചെവി മുറിച്ചു ക
ളഞ്ഞു - അപ്പൊൾ യെശു ഇനി വിടുവിൻ എന്നു കല്പിച്ചു അവന്റെ ചെവി
യെ തൊട്ടു സൌഖ്യമാക്കി പെത്രുവൊടു വാൾ ഉറക്കിലിട്ടുകാ വാളെടുക്കുന്ന
വരെല്ലാം വാളിനാൽ വീഴും എൻ പിതാവ് എനിക്ക തന്നതു ഞാൻ
കുടിക്കാതിരിക്കുമൊ എന്നു പറഞ്ഞതശെഷം ശിഷ്യരെല്ലാവരും അവനെ
വിട്ടൊടിപ്പൊയി ഒരു വസ്ത്രം പുതെച്ചു അവന്റെ വഴിയെ ചെന്നൊരു
ബാല്യക്കാരനെ ആയുധക്കാർ പിടിച്ചപ്പൊൾ അവൻ പുതെപ്പു വിട്ടു
നഗ്നനായി ഓടിപ്പൊകയും ചെയ്തു - പിന്നെ അവർ യെശുവിനെ പിടിച്ചു
കെട്ടി ആചാൎയ്യന്മാരും ഉപാദ്ധ്യായന്മാരും മൂപ്പന്മാരും കൂടിയിരിക്കുന്ന
പ്രധാനാചാൎയ്യന്റെ അരമനയിലെക്കു കൊണ്ടുപൊയി കൎത്താവിനെ
ഒരു നാളും വിടുകയില്ലെന്നു പറഞ്ഞവനായ പെത്രുവും ദൂരെ അ
വന്റെ പിന്നാലെ കാൎയ്യതീൎപ്പറിയെണ്ടതിന്നു അരമനയിൽ പുക്കു
ശീതം നിമിത്തം തീക്കാഞ്ഞുകൊണ്ടിരിക്കുന്ന ഉദ്യൊഗസ്ഥന്മാരൊടു കൂട
ത്തിൽ ഇരുന്നപ്പൊൾ ഒരു വെലക്കാരത്തി അവനൊടു നീയും യെശുവി
ന്റെ കൂടയുള്ളവൻ അല്ലയൊ എന്നു ചൊദിച്ചാറെ അവൻ ഞാൻ അ
റിയുന്നില്ല നീ പറയുന്നതു തിരിച്ചറിയുന്നതുമില്ല എന്നു മറുത്തു പറഞ്ഞു പു
റത്തു ചെന്നാറെ പൂവൻകൊഴി കൂകി അപ്പൊൾ വെറെ ഒരു വെലക്കാ
രത്തി അവനെ കണ്ടു അവിടെ ഉള്ളവരൊടു ഇവനും യെശുവിനൊ
ടു കൂട ഉള്ളവനാകുന്നു - എന്നു പറഞ്ഞാറെ അവൎക്കി അവന്റെ ശി
ഷ്യന്മാരിൽ ഒരുത്തനല്ലയൊ എന്നു ചൊദിച്ചപ്പൊൾ അവൻ ആ മ
നുഷ്യനെ ഞാൻ അറിയുന്നില്ല എന്നു പിന്നെയും സത്യം ചെയ്തു തള്ളിപ്പ
റഞ്ഞു - പിന്നെ അല്പനെരം കഴിഞ്ഞശെഷം അരികെ നിന്നവർ നീ അ
വരിൽ ഒരുത്തൻ സത്യം നീ ഗലിലെയൻ ആകുന്നു നിന്റെ ഭാഷ തന്നെ
അറിയിക്കുന്നുവല്ലൊ എന്നു പറഞ്ഞപ്പൊൾ പെത്രു പിന്നെയും ശപ

നുഷ്യനെ ഞാൻ അറിയുന്നില്ല എന്നു ശപിക്കയും ആണയിടുകയും ചെ
യ്തുതുടങ്ങി ഉടനെ പൂവൻ കൊഴി രണ്ടാമതും കൂകി ആറെ കൎത്താവ് തിരിഞ്ഞു
പെത്രുവിനെ നൊക്കി പൂവൻ കൊഴി രണ്ടുവട്ടം കൂകും മുമ്പെ മൂന്നുവട്ടം
നീ എന്നെ തള്ളിപ്പറയും എന്ന വാക്കുകൾ ഓൎത്തു പുറത്തു പൊയി വളരെ വിഷാ
ദിച്ചു കരകയും ചെയ്തു-

൩൭. സഭാമുമ്പെ ഈശൊയിന്റെ വിസ്താരം

പിന്നെ പ്രധാനാചാൎയ്യൻ ഈശൊവൊടു ശിഷ്യരെയും ഉപദെശത്തെയും കു
റിച്ചു ചൊദിച്ചു- ഈശൊ ഞാൻ സ്പഷ്ടമായി ലൊകത്തൊടു പറഞ്ഞുവല്ലൊ
എല്ലാ യെഹൂദന്മാർ കൂടുന്ന പള്ളികളിലും ദൈവാലയത്തിലും എപ്പൊഴും ഉപ
ദെശിച്ചു രഹസ്യമായി ഒന്നും പറഞ്ഞിട്ടില്ല നീ എന്നൊടു ചൊദിക്കുന്നത് എന്തി
ന്നു കെട്ടവരൊടു തന്നെ ഞാൻ എന്തു പറഞ്ഞു എന്നു ചൊദിക്ക ഞാൻ
പറഞ്ഞത് അവർ അറിയുന്നുവല്ലൊ എന്നു പറഞ്ഞാറെ അരികെ
നില്ക്കുന്ന ഒരു സെവകൻ നീ പ്രധാനാചാൎയ്യനൊടു ഈ പ്രകാരം ഉത്ത
രം പറയുന്നുവൊ എന്നു ഈശൊവിന്റെ കവിളത്ത് അടിച്ചു-
അപ്പൊൾ ഈശൊ ഞാൻ ദൊഷം പറഞ്ഞിട്ടുണ്ടെങ്കിൽ പറക എല്ലെങ്കി
ൽ എന്തിന്നു നീ എന്നെ അടിക്കുന്നു എന്നു പറഞ്ഞു അതിന്റെ ശെഷം
പ്രധാനാചാൎയ്യന്മാരും മന്ത്രിസഭ ഒക്കയും ഈശൊവിനെ കൊല്ലെണ്ടതിന്നു
കള്ളസാക്ഷ്യം അന്വെഷിച്ചും അനെകം കള്ളസാക്ഷികൾ വന്നിട്ടും
അവർ പറഞ്ഞ സാക്ഷ്യം ഒത്തുവന്നതും ഇല്ല- അപ്പൊൾ പ്രധാനാചാൎയ്യൻ
എഴുനീറ്റു ഈശൊവിനൊടു ഒന്നും ഉത്തരം പറയുന്നില്ലയൊ ഇവർ നിന്റെ
നെരെ എന്തെല്ലാം സാക്ഷിപ്പെടുത്തുന്നു എന്നു ചൊദിച്ചാറെ അവൻ ഒ
ന്നും ഉത്തരം പറയാതെ ഇരുന്നു- പിന്നെയും പ്രധാനാചാൎയ്യൻ അ
വനൊടു നീ ദൈവപുത്രനായ ക്രിസ്തുവാകുന്നുവൊ എന്നു ഞങ്ങളൊ
ടു പറയെണ്ടതിന്നു ജീവനുള്ള ദൈവത്തെ കൊണ്ട് ആണയിട്ടു ഞാൻ നിന്നൊടു
ചൊദിക്കുന്നു എന്നു പറഞ്ഞാറെ ഈശൊ നീ പറഞ്ഞുവല്ലൊ ഞാൻ ത
ന്നെ അവൻ ആകയാൽ ഇന്നുമുതൽ മനുഷ്യപുത്രൻ ദൈവവല്ലഭത്തി

ത്തിന്റെ വലഭാഗത്തു വാഴുന്നതും മെഘങ്ങളിൽ വരുന്നതും നിങ്ങൾ കാ
ണും നിശ്ചയം എന്നു പറഞ്ഞതു കെട്ടു പ്രധാനാചാൎയ്യൻ വസ്ത്രങ്ങളെ കീ
റി ഇവൻ ദൈവത്തെ ദുഷിച്ചു ഇനി സാക്ഷികൾ കൊണ്ടു എന്താവശ്യം ഇ
വന്റെ ദൈവദൂഷണം കെട്ടുവല്ലൊ നിങ്ങൾക്ക എന്തു തൊന്നുന്നു എ
ന്നു പറഞ്ഞപ്പൊൾ അവൻ മരണശിക്ഷക്ക യൊഗ്യൻ എന്ന എല്ലാവരും
പറകയും ചെയ്തു - പിന്നെ യെശുവിനെ പിടിച്ചു നിൎത്തുന്നവർ അവനെ പരിഹ
സിച്ചു മുഖത്തു തുപ്പി കണ്ണു മൂടി കെട്ടി അടിച്ചു ക്രിസ്തുവെ നിന്നെ അടിച്ചവൻ
ആരെന്നു ജ്ഞാനദൃഷ്ടി കൊണ്ടു പറക എന്നും മറ്റും പലവിധെന അപമാ
നിച്ചു പറഞ്ഞു - പുലർകാലമായപ്പൊൾ എല്ലാ പ്രധാനാചാൎയ്യന്മാരും യെ
ശുവിനെ കൊല്ലെണ്ടതിന്നു നിശ്ചയിച്ചു അവനെ കെട്ടി കൊണ്ടുപൊയി
റൊമ്മ വാഴിയായ പിലാതന്നു എല്പിച്ചു - അപ്പൊൾ അവന്നു മരണശിക്ഷ
വിധിച്ചു എന്നു യൂദാ കണ്ടു അനുതപിച്ചു ആ മുപ്പത വെള്ളിക്കാശു പ്രധാനാചാ
ൎയ്യന്മാൎക്കും മൂപ്പന്മാൎക്കും മടക്കി കൊണ്ടുവന്നു കുറ്റമില്ലാത്ത രക്തം കാണി
ച്ചു കൊടുത്തതിനാൽ ഞാൻ ദൊഷം ചെയ്തു എന്നു പറഞ്ഞാറെ അവർ
അതു ഞങ്ങൾക്ക എന്തു നീ തന്നെ നൊക്കികൊൾക എന്നു പറഞ്ഞപ്പൊ
ൾ അവൻ ആ വെള്ളിക്കാശു ആട്ടുത്തു ദൈവാലയത്തിൽ ചാടി മാറി
പ്പൊയി ഞാന്നു മരിക്കയും ചെയ്തു - പ്രധാനാചാൎയ്യന്മാർ ആ ദ്രവ്യമെടുത്തു
ഇതു രക്തവിലയാക കൊണ്ടു ഭണ്ഡാരത്തിലിടുന്നതു ന്യായമല്ല എന്നു
പറഞ്ഞതിനെ കൊണ്ടു കുശവന്റെ നിലം വാങ്ങിയതിനാൽ ആ നി
ലത്തിന്നു ഇന്നും രക്തനിലമെന്നു പെർ പറഞ്ഞുവരുന്നു -

൩൪. പിലാതന്മുമ്പെയുള്ള വ്യവഹാരം

പിന്നെ പ്രധാനാചാൎയ്യന്മാരും മൂപ്പന്മാരും ഇവൻ സ്വജാതിയെ വഷളാക്കുന്നവ
നെന്നും കൈസരിന്നു വരിപ്പണം കൊടുക്കെണ്ട എന്നും പറഞ്ഞു
ജാതിയെ കലഹിപ്പിക്കുന്നതു ഞങ്ങൾ കണ്ടു എന്നും കുറ്റം ചുമത്തി
തുടങ്ങിയപ്പൊൾ പിലാതൻ യെശുവിനെ വിളിച്ചു അവനൊടു നീ യ
ഹൂദരാജാവ് തന്നെയൊ എന്നു ചൊദിച്ചാറെ യെശു എന്റെ രാജ്യം

ഈലൊകത്തിൽനിന്നുള്ളതല്ലലൌകികമെങ്കിൽഎന്നെയൂദരിൽ
എല്പിക്കാതിരിക്കെണ്ടതിന്നുഎന്റെസെവകർപൊരുവുമായിരുന്നു
ആകയാൽഎന്റെരാജ്യംഐഹികമല്ലംഎന്നുപറഞ്ഞാറെപിലാത
ൻഎന്നാൽനീരാജാവ്തന്നെയൊഎന്നുചൊദിച്ചശെഷംനീപറ
ഞ്ഞപ്രകാരംഞാൻരാജാവ്തന്നെഞാൻജനിച്ചിട്ടുള്ളതുസ
ത്യത്തിന്നുസാക്ഷ്യംപറയെണ്ടതിന്നുഈലൊകത്തിലെക്കവന്നുസത്യ
ത്തിൽനിന്നുള്ളവനെല്ലാംഎന്റെവചനംകെൾക്കുന്നുഎന്നുപറഞ്ഞപ്പൊ
ൾസത്യംഎന്തെന്നുചൊദിച്ചുപുറത്തുപൊയിയഹൂദരൊടുഅവനിൽ
ഞാൻഒരുകുറ്റംകാണുന്നില്ലഎന്നുപറഞ്ഞു-എന്നാറെഅവർഇവ
ൻഗലിലദെശംമുതൽഇവിടംവരെയുംയഹൂദയിൽഎല്ലാടവുംഉപദെ
ശിച്ചുജനങ്ങളെഇളക്കുന്നവനെന്നുപറഞ്ഞത്കെട്ടുപിലാതൻഇവ
ൻഗലീല്യനൊഎന്നുചൊദിച്ചുഹെരൊദരാജാവിന്റെഅധികാരത്തി
ലുള്ളവനെന്നറിഞ്ഞുആസമയത്തയരുശലെമിൽപാർത്തഹെരൊദാ
വിന്റെഅടുക്കലെക്ക്അയച്ചു-ഹെരൊദാഈശൊചെയ്തതിശയങ്ങെ
ളകെട്ടതിനാൽഅവനെകാണ്മാൻആഗ്രഹിച്ചിരുന്നു-ഇതുകൊണ്ടുഅവനെ
കണ്ടപ്പൊൾവല്ലഅത്ഭുതവുംകാട്ടുമെന്നുവിചാരിച്ചുസന്തൊഷിച്ചുഅവ
നൊടുവളരെചൊദിച്ചുവെങ്കിലുംഈശൊഒന്നുംമിണ്ടായ്കകൊണ്ടുതന്റെ
ആയുധക്കാരൊട്കൂടിഅവനെനിന്ദിച്ചുപരിഹാസത്തിന്നായിമാനി
ച്ചുവെള്ളവസ്ത്രംഉടുപ്പിച്ചുപിലാതന്നുതന്നെതിരിച്ചയച്ചുമുമ്പെഅന്യൊ
ന്യംവൈരികളായപിലാതനുംഹെരൊദാവുംഅന്നുസ്നെഹിതന്മാരു
മായിവന്നുപെസ്സഉത്സവംതൊറുംജനങ്ങളുടെഅപെക്ഷപ്രകാരം
തടവുകാരിൽഒരുവനെവിട്ടയക്കുന്നത്ആചാരമായിരുന്നു-ആകാല
ത്തകലഹത്തിൽകൊലകുറ്റക്കാരനായബറബ്ബാഎന്നൊരുവിശെഷ
തടവുകാരനുണ്ടായിരുന്നു-അന്നുപിലാതൻജനങ്ങളൊട്ആരെവെണ
വിട്ടുവിക്കെണംബറബ്ബാവെയൊയഹൂദരാജാവായഈശൊവിനെ
യൊഎന്നുചൊദിച്ചു-അവൻഇങ്ങിനെന്യായാസനത്തിൽഇരുന്നസമ

യം അവന്റെ ഭാൎയ്യ ആളെ അയച്ചു ഇന്നു സ്വപ്നത്തിൽ ആ നീതിമാന്റെ നിമിത്തം ഞാൻ വളരെ കഷ്ടപ്പെട്ടതുകൊണ്ടു അവനോടു ഒന്നും ചെയ്യണ്ട എന്നു പറയിച്ചു— പ്രധാനാചാൎയ്യന്മാരും മൂപ്പന്മാരും ബറബ്ബാവെ വിടുവിക്കപ്പാനും ഈശോവെ കൊല്ലുവാനും കല്പിക്കേണ്ടതിന്നു ജനങ്ങളെ വശീകരിച്ചു സമ്മതിപ്പിച്ചതുകൊണ്ടു ഈശോയിനെ താനോ ബറബ്ബാവെ വിടുവിക്കെണം എന്നെല്ലാവരും ഒന്നിച്ചു നിലവിളിച്ചു പറഞ്ഞു പിലാതൻ ഈശോയിനെ വിട്ടയപ്പാൻ ഭാവിച്ചു ഈശോയിന്നു ഞാൻ എന്തു ചെയ്യേണ്ടു എന്നു ചോദിച്ചാറെ അവനെ ക്രൂശിൽ തറെക്ക ക്രൂശിൽ തറെക്ക എന്നു വിളിച്ചുകൊണ്ടിരുന്നു— സാധിക്കയില്ല കലഹം അധികമായിപ്പോകുമെന്നു കണ്ടപ്പോൾ വെള്ളം മേടിച്ചു ജനങ്ങളുടെ മുമ്പാകെ കൈകളെ കഴുകി ഈ നീതിമാന്റെ രക്തത്തിന്നു ഞാൻ കുറ്റമില്ലാത്തവൻ നിങ്ങൾ തന്നെ നോക്കിക്കൊൾവിൻ എന്നു പറഞ്ഞാറെ ജനസമൂഹമെല്ലാം അവന്റെ രക്തം ഞങ്ങളുടെയും സന്തതികളുടെയും മേൽ വരട്ടെ എന്നു നിലവിളിച്ചു പറകയും ചെയ്തു—

൩൯. ഈശോവിന്റെ മരണവിധി—

അപ്പോൾ പിലാതൻ ഈശോയിനെ കെട്ടി അടിപ്പിച്ചശേഷം ചേവകക്കാർ അവന്റെ വസ്ത്രങ്ങളെ നീക്കി ചുവന്ന അങ്കി ഉടുപ്പിച്ചു മുള്ളുകൾകൊണ്ടു ഒരു കിരീടം മെടഞ്ഞു അവന്റെ തലമേൽ വെച്ചു വലങ്കൈക്കിൽ ഒരു കോലും കൊടുത്തു അവന്റെ മുമ്പാകെ മുട്ടുകുത്തി യഹൂദന്മാരുടെ രാജാവേ ജയ ജയ എന്നു പരിഹസിച്ചു പറഞ്ഞു മുഖത്തു തുപ്പി കോൽകൊണ്ടു തന്നെ തലമേൽ അടിക്കയും ചെയ്തു—

പിന്നെ പിലാതൻ പുറത്തു വന്നു ഇതാ ഞാൻ അവനിൽ ഒരു കുറവും കാണുന്നില്ല എന്നു നിങ്ങൾ അറിയേണ്ടതിന്നു അവനെ നിങ്ങളുടെ പുറത്തു കൊണ്ടുവരുന്നു എന്നു പറഞ്ഞു— ഈശോ മുൾക്കിരീടവും ചുവന്ന അങ്കിയും ധരിച്ചു പുറത്തു വന്നു— അപ്പോൾ പിലാതൻ അവരോടു ഇതാ മനുഷ്യൻ എന്നു പറഞ്ഞു— പ്രധാനാചാൎയ്യന്മാരും സേവകന്മാരും കണ്ടപ്പോൾ

അവനെ ക്രൂശിൽ തറെക്ക എന്നു നിലവിളിച്ചാറെ പിലാത്തൻ അവനെ കൊണ്ടു
പൊയി ക്രൂശിൽ തറെപ്പിൻ ഞാൻ അവനിൽ ഒരു കുറവും കാണുന്നില്ല
എന്നതു കെട്ടു യഹൂദന്മാർ ഞങ്ങൾക്ക് ഒരു ന്യായപ്രമാണമുണ്ടു അതിനാ
ൽ ദൈവപുത്രനായി തീൎത്തതിനാൽ അവൻ ഞങ്ങളുടെ ന്യായപ്രകാരം
മരിക്കെണം എന്നു പറഞ്ഞാറെ പിലാത്തൻ അത്യന്തം ഭയപ്പെട്ടു പി
ന്നെയും ന്യായസ്ഥലത്തെക്ക പൊയി യെശുവിനൊടു നീ എവിടെനിന്നാ
കുന്നു എന്നു ചൊദിച്ചപ്പൊൾ യെശു അവനൊടു ഒരുത്തരവും പറഞ്ഞില്ല
നീ എന്നൊടു പറകയില്ലയൊ നിന്നെ ക്രൂശിൽ തറെപ്പാനും വിടീപ്പാനും
എനിക്ക അധികാരമുണ്ടെന്നു നീ അറികുന്നില്ലയൊ എന്നു കെട്ടാറെ
യെശു മെലിൽനിന്നു തന്നിട്ടില്ലെങ്കിൽ എനിക്ക നിന്റെ നെരെ ഒരധികാ
രവും ഉണ്ടാകയില്ലയായിരുന്നു അതുകൊണ്ടു എന്നെ നിന്റെ കൈ
യിൽ ഏല്പിച്ചവന്നു അധികം പാപമുണ്ടു എന്നു പറഞ്ഞു— അന്നു തൊട്ടു പിലാ
ത്തൻ അവനെ വിടീപ്പാൻ നൊക്കി എന്നാറെ യഹൂദർ ഇവനെ വിടീച്ചാൽ
നീ കൈസരിന്റെ ഇഷ്ടനല്ല തന്നെത്താൻ രാജാവാക്കുന്നവൻ
എല്ലാം കൈസരിന്റെ ദ്രൊഹിയാകുന്നു എന്നു ഇങ്ങിനെ നിലവിളിച്ചു പറഞ്ഞ
ത് കെട്ടു പിലാത്തൻ അവരുടെ ഇഷ്ടപ്രകാരം ചെയ്വാൻ മനസ്സായി ബ
റബ്ബാസയെ വിടീച്ചു യെശുവിനെ ക്രൂശിൽ തറെക്കെണ്ടതിന്നു ഏല്പിച്ചു
കല്പിക്കയും ചെയ്തു— അനന്തരം യെശു തന്റെ ക്രൂശ് ചുമന്നുകൊണ്ടു ഗൊ
ല്ഗൊഥാ എന്ന കപാലസ്ഥലത്തെക്ക പുറപ്പെട്ടു പൊയി അനെകം ജനങ്ങ
ളും അവനെ ചൊല്ലി മാറത്തടിച്ചും നിലവിളിച്ചുമിരിക്കുന്ന സ്ത്രീകളും പി
ന്തുടൎന്നു അവരെ യെശു തിരിഞ്ഞു നൊക്കി പറഞ്ഞു യറുശലെം പുത്രി
മാരെ എന്നെ ചൊല്ലി കരയാതെ നിങ്ങളെക്കും നിങ്ങളുടെ മക്കൾക്കും വെ
ണ്ടി കരവിൻ പച്ചവൃക്ഷത്തിൽ ഇതിനെ ചെയ്താൽ ഉണങ്ങിയ
വൃക്ഷത്തിൽ എന്തെല്ലാം ചെയ്യുമെന്നു പറകയും ചെയ്തു—

൩൮. യെശുവിനെ ക്രൂശിൽ തറെച്ചത്—

പിന്നെ അവർ കപാലമെന്നു പറയുന്ന സ്ഥലത്ത എത്തിയപ്പൊൾ [illegible]

കൊടുത്താറെ യെശു അതിനെ വാങ്ങാതെ ഇരുന്നു- അവിടെ വെച്ചു- അ-
ഷിന്ന സമയത്ത അവനെയും ഇരുപുറവും രണ്ടു കള്ളന്മാരെയും ക്രൂശക-
ളിൽ തറെച്ചു- അപ്പൊൾ അവൻ അതിക്രമക്കാരൊടു കൂടെ എണ്ണപ്പെ-
ട്ടു എന്നുള്ള വെദവാക്യം നിവൃത്തിയാക്കി തല്ക്കാലത്ത യെശു പിതാവെ ഇവ-
ർ തങ്ങൾ ചെയ്യുന്നതിന്ന തെന്ന അറിയായ്ക കൊണ്ടു ക്ഷമിച്ചു കൊള്ളെ-
ണമെ എന്ന പ്രാർത്ഥിച്ചു- അതിന്റെ ശെഷം ആയുധക്കാർ അവന്റെ വ-
സ്ത്രങ്ങളെ എടുത്ത ഒരൊരുത്തന്ന ഒരൊ അംശം വരെണ്ടതിന്നായി നാലംശമാ-
ക്കി വിഭാഗിച്ചു- കുപ്പായം തെക്കാതെ മുഴുവനും നെയ്ക്കുത്തതാക കൊ-
ണ്ടു അവർ നാം ഇത് കീറാതെ ആർക്ക വരുമെന്ന അറിവാനായി ചീട്ടിടെണ-
മെന്ന പറഞ്ഞു ഇതിനെ ആയുധക്കാർ ചെയ്തു- എന്നാൽ പീലാത്തൻ നസറാ-
യക്കാരനായ യെശു യഹൂദന്മാരുടെ രാജാവെന്ന എബ്രായ യവന റൊ-
മ ഭാഷകളിൽ അവന്റെ അപരാധസൂചകമായ ഒരു പരസ്യം എഴുതി
ക്രൂശിന്മെൽ പതിപ്പിച്ചു അയത്ഞങ്ങൾ നൊക്കി കൊണ്ടു നിന്നു- ആവഴി-
യായി വന്നവർ തല കുലുക്കി പരിഹസിച്ചു നീ ദൈവപുത്രനാകുന്നെങ്കിൽ ഇ-
പ്പൊൾ ക്രൂശിൽ നിന്ന ഇറങ്ങി വാ എന്നാൽ ഞങ്ങൾ നിന്നെ വിശ്വസിക്കും എ-
ന്ന നിന്ദിച്ചു പറഞ്ഞു- ഒരുമിച്ചു തൂക്കിയ കള്ളന്മാരിൽ ഒരുവൻ നീ ക്രിസ്തുവാകു-
ന്നെങ്കിൽ നിന്നെയും ഞങ്ങളെയും രക്ഷിക്ക എന്ന ദുഷിച്ചാറെ മറ്റെവ-
ൻ ഈ ശിക്ഷയിൽ അകപ്പെട്ട നീയും ദൈവത്തെ ഭയപ്പെടുന്നില്ലയൊ നാം
നടത്തിയ ക്രിയകൾക്കു തക്കവണ്ണം ഇത് അനുഭവിക്കെണ്ടി വന്നു ഇവനൊ
അന്യായമായിട്ടുള്ളതൊന്നും ചെയ്തില്ല എന്ന അവനെ ശാസിച്ച ശെഷം
യെശുവിനൊടു കർത്താവെ നിന്റെ രാജ്യത്ത എത്തിയാൽ എന്നെ ഓ-
ർത്തു കൊള്ളെണമെ എന്ന അപെക്ഷിച്ചാറെ യെശു ഇന്നു തന്നെ നീ
എന്നൊടു കൂടെ പരദീസിൽ ഇരിക്കും സത്യം എന്ന പറഞ്ഞു- വിശെഷി-
ച്ചു യെശുവിന്റെ അമ്മയും അവളുടെ സഹൊദരിയും മഗ്ദലന മറിയയും
അവന്റെ ക്രൂശിന്നരികെ നിന്നു കൊണ്ടിരുന്നു- അപ്പൊൾ യെശു ത-
ന്റെ അമ്മയെയും താൻ സ്നെഹിച്ച ശിഷ്യനെയും അരികെ നില്ക്കുന്ന

ൻ യാണ്ടെ അമ്മയോട് സ്ത്രീയെ ഇതാ നിന്റെ മകനെന്നും ശിഷ്യനോ
ട് ഇതാ നിന്റെ അമ്മ എന്നും കല്പിച്ചു. ആ നേരം മുതൽ ആ ശിഷ്യൻ
അവളെ സ്വഗൃഹത്തിൽ ചേർത്തു കൊള്ളുകയും ചെയ്തു- അനന്ത
രം ഉച്ച മുതൽ മൂന്നു മണിയോളവും ആ നാട്ടിൽ എങ്ങും അന്ധകാരം പ
രന്നിരുന്നു ഏകദേശം മൂന്നു മണിനേരത്ത് ഈശോ എന്റെ ദൈവ
മെ എന്റെ ദൈവമെ എന്നെ കൈവിട്ടത് എന്ത് എന്നു നിലവിളിച്ചു-
അതിന്റെ ശേഷം സകലവും നിവൃത്തിയായി എന്നറിഞ്ഞു എനിക്കു ദാ
ഹിക്കുന്നു എന്നു പറഞ്ഞു- അപ്പോൾ അവർ ഒരു സ്പോങ്ങിൽ കാടി നിറ
ച്ചു ഈസോപ്പിൽ കെട്ടി അവന്റെ വായിൽ കൊടുത്തു കൊടുത്തപ്പോ
ൾ അതിനെ ഈശോ വാങ്ങിക്കുടിച്ച ശേഷം നിവൃത്തിയായി ഹെ പിതാവെ
നിന്റെ കൈകളിൽ എന്റെ ആത്മാവിനെ ഭരമേല്പിക്കുന്നു എന്നു
ഉറക്കെ വിളിച്ചു പറഞ്ഞു തല ചായിച്ചു പ്രാണനെ വിടുകയും ചെയ്തു- അ
പ്പോൾ ദൈവാലയത്തിലെ തിരശ്ശീല രണ്ടായി കീറിപ്പോയി ഭൂമി കു ൩.
ലുങ്ങി കല്ലുകൾ പിളർന്നു ശവക്കുഴികൾ തുറന്നു ഉറങ്ങിയിരുന്ന പ
രിശുദ്ധന്മാർ അവന്റെ ഉയിർത്തെഴുന്നേറ്റ ശേഷം ശ്മശാനം വിട്ടു വിശുദ്ധ
പട്ടണത്തിൽ ചെന്നു പലർക്കും പ്രത്യക്ഷരായതുമുണ്ട്- ശതാധിപനും ത
നോടുകൂടെ ഈശോവിനെ കാത്തിരുന്നവരും ഭൂകമ്പവും അവന്റെ പ്രകാ
രം നിലവിളിച്ചു പ്രാണനെ വിട്ടതും മറ്റും കണ്ടപ്പോൾ ഏറ്റവും ഭയ
പ്പെട്ടു ഈ മനുഷ്യൻ നീതിമാനും ദൈവപുത്രനുമായിരുന്നു സത്യ
മെന്നു പറഞ്ഞു ദൈവത്തെ സ്തുതിച്ചു കൂടി വന്നിരുന്ന ജനങ്ങളും കണ്ടപ്പോ
ൾ മാറിടങ്ങളിൽ അടിച്ചു കൊണ്ടു തിരിച്ചു പോകയും ചെയ്തു-

൩൭. ഈശോവിന്റെ ശരീരം അടക്കുന്നത്—

ആ നാൾ മഹാ ശബ്ബത്ത് ദിവസത്തിന്നൊരുക്കുന്ന സമയമാകകൊണ്ടു
ശവങ്ങളെ ക്രൂശിന്മേൽനിന്നു അവരുടെ കാലുകളെ ഒടിച്ചു ഇറക്കപ്പെടേണ്ട
തിന്നു യഹൂദർ പീലാത്തൊസിനോട് അപേക്ഷിച്ച ശേഷം ആയുധക്കാർ വ
ന്നു ഈശോവിനോടുകൂടെ ക്രൂശിൽ തറെച്ചവരിൽ ഒന്നാമന്റെ കാലുക

ളെ ഒടിച്ചുകളഞ്ഞു യെശുവിന്റെ അരികെ വന്ന അവൻ മരിച്ചുവെന്ന കണ്ടിട്ട കാലുകളെ ഒടിച്ചില്ല ഒരുത്തൻ കുന്തം കൊണ്ട അവന്റെ വിലാപ്പുറത്തു കുത്തി ഉടനെ രക്തവും വെള്ളവും പുറത്തുവന്നു. അവന്റെ അസ്ഥികളിൽ ഒന്നും ഒടിക്കയില്ല എന്നുള്ള വെദവാക്യം ഇതിനാൽ നിവൃത്തിയാകുവാനും അതല്ലാതെ അവർ കുത്തിയവനെ നൊക്കും എന്നുള്ള വെറെ വെദവാക്യത്തിൽ പറഞ്ഞിരിക്കുന്നതും ഇതു സംഭവിക്കെണ്ടു—

അനന്തരം നീതിമാനും ദൈവരാജ്യപ്രതീക്ഷകനും യൂദരിലെ ഭയവശാൽ യെശുവിന്റെ ഉൾശിഷ്യനും അവരുടെ ദുരാലൊചനകളിൽ അസമ്മതനുമായ യൊസെഫ എന്നൊരു മെധാവി ധൈര്യപ്പൂണ്ടു വൈകുന്നെരത്ത പിലാതനെ ചെന്നു കണ്ടു യെശുവിന്റെ ശരീരം എടുത്തുകൊണ്ടു പൊകെണ്ടതിന്ന അപെക്ഷിച്ചു. യെശു വെഗത്തിൽ മരിച്ചു എന്നു കെട്ടു അവൻ ആശ്ചര്യപ്പെട്ടു ശതാധിപനെ വിളിച്ചു അവൻ മരിച്ചിട്ട എത്ര നെരമായി എന്നു ചൊദിച്ചറിഞ്ഞു ശരീരം യൊസെഫിന്നു കൊടുക്കെണമെന്നും കല്പിച്ചു. പിന്നെ യൊസെഫ നെത്ത വസ്ത്രം വാങ്ങി വന്ന അവനെ ഇറക്കി മുമ്പെ ഒരു സമയം രാത്രിയിൽ യെശുവിനെ കാണ്മാൻ വന്ന നിക്കൊദെമൂസും എത്തി കണ്ടിവെണ്ണയും കററവാഴരസവും ചെർത്തുണ്ടാക്കിയ ഒരു കൂട്ടു ഏകദെശം ൧൦൦ റാത്തൽ കൊണ്ടുവന്നു യെശുവിൻ ശരീരം എടുത്തു യൂദർ ശവങ്ങളെ മറെക്കുന്ന മര്യാദപ്രകാരം ആ സുഗന്ധവർഗ്ഗങ്ങളൊടു കൂടെ നെത്തവസ്ത്രങ്ങളിൽ കെട്ടി ആ സ്ഥലത്ത ഒരു തൊട്ടവും അതിൽ യൊസെഫ തനിക്കായി വെണ്ടി പാറ വെട്ടിതീർപ്പിച്ചൊരു പുതിയ ഗുഹയുണ്ടായിരുന്നു. ആ ഗുഹ സമീപമാകകൊണ്ടു അവർ ഉടനെ യെശുവിൻ ശരീരം അതിൽ വെച്ചടെക്കയും ചെയ്തു—

അതിന്റെ ശെഷം പ്രധാനാചാര്യന്മാരും പറിശന്മാരും പിലാതന്റെ അടുക്കൽ വന്ന അവനൊടു ഈ വഞ്ചകനായവൻ ജീവിച്ചിരിക്കുന്ന സമയം മൂന്നു ദിവസത്തിന്നകം ഞാൻ ഉയിർത്തെഴുനീല്ക്കുമെ

ന്ന പറഞ്ഞതിനെ ഞങ്ങൾ ഒർക്കുന്നു അത്രെ കൊണ്ടു അവന്റെ ശിഷ്യന്മാ
ർ രാത്രിയിൽ വന്നു ശവം കട്ടുകൊണ്ടുപൊയിട്ടു ജനങ്ങളൊടു അവൻ
ജീവിച്ചെഴുനീറ്റു എന്നു പറഞ്ഞാൽ പിന്നത്തെതിൽ ചതി ഒന്നാമത്ത
തിൽ കാൾ മാക്കിവരാതിരിക്കെണ്ടതിന്നായി മൂന്നു ദിവസത്തൊളം ഗുഹ
യെ കാപ്പാൻ കല്പിക്കെണം എന്നു വെക്കിച്ചാറെ പിലാതൻ ഒട്ടു
കാവല്ക്കാരുണ്ടല്ലൊ കഴിയുന്നെടത്തൊളം അതിന്നു ഉറപ്പു വരുത്തുവി
ൻ എന്നതു കെട്ടു അവർ പൊയി കല്ലിന്നു മുദ്രകുത്തിട്ടു കാവല്ക്കാരെയും വെ
ച്ചു ഉറപ്പു വരുത്തുകയും ചെയ്തു

൬൩. ക്രിസ്തുവിന്റെ പുനരുത്ഥാനം

ശബ്ബത്ത ദിവസത്തിന്റെ പിറെറന്നാൾ ഉഷസ്സിങ്കൽ കർത്താവിന്റെ
ദൂതൻ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വന്നു ഗുഹാമുഖത്തെ വെച്ച കല്ലു ഉരുട്ടികള
ഞ്ഞു അതിന്മെൽ ഇരുന്നു അപ്പൊൾ ഒരു മഹാഭൂകമ്പമുണ്ടായി- ആ ദൂത
ന്റെ രൂപം മിന്നൽ പൊലെയും ഉടുപ്പു ഉറച്ച മഞ്ഞു പൊലെയും വെണ്മയാ
യിരുന്നു- കാവല്ക്കാർ അവനെ കണ്ടു ഭയപ്പെട്ടു വിറെച്ചു ചത്തവരെ
പൊലെ ആയി തീർന്നു അനന്തരം മഗ്ദലെന മറിയയും. യാക്കൊബിന്റെ
അമ്മയായ മറിയയും ശലൊമെയും. അവന്റെ ശരീരത്തിന്മെൽ സുഗ
ന്ധദ്രവ്യം. പൂശെണ്ടതിന്നായി ഗുഹയുടെ അരികെ വന്നു- ഗുഹാമുഖത്തി
ന്നു കല്ലു ആരു ഉരുട്ടികളയുമെന്നു തമ്മിൽ പറഞ്ഞു നൊക്കിയാറെ കല്ലു
ഉരുട്ടികളഞ്ഞതു കണ്ടു മഗ്ദലെന മറിയ പെത്രുവിനെയും. യൊഹന്നാനെ
യും ചെന്നു കണ്ടു കർത്താവിന്റെ ശരീരം ഗുഹയിൽ നിന്നെടുത്തുകള
ഞ്ഞു എവിടെ വെച്ചു എന്നറികുന്നില്ല എന്നു പറഞ്ഞു മറെറവർ അക
ത്തു കടന്നു നൊക്കി യെശുവിന്റെ ശരീരം കാണാതെ വിഷാദി
ച്ചപ്പൊൾ മിന്നുന്ന വസ്ത്രങ്ങൾ ധരിച്ച രണ്ടു പുരുഷന്മാരെ കണ്ടു വള
രെ ഭയപ്പെട്ടാറെ ദൂതർ അവരൊടു ഭ്രമിക്കരുതു ക്രൂശിൽ തറെച്ച
യെശുവിനെ നിങ്ങൾ അന്വെഷിക്കുന്നു എന്നറികുന്നു അവൻ ഇവി
ടെ ഇല്ല മുമ്പെ പറഞ്ഞ പ്രകാരം ഉയിർത്തെഴുനീറ്റു ഇതാ അവൻ [illegible]

ണസ്ഥലം കണ്ടു വെഗം പൊയി ശെമൊനക്കും അവന്റ ശിഷ്യന്മാ
രൊടും ചെന്നിക്കില്ലെന്നു പറഞ്ഞാറെ അവർ ഭയവും മഹാസന്തൊ
ഷവും പൂണ്ടു ഗുഹയെ വിട്ടൊടിപ്പൊകയും ചെയ്തു—

അനന്തരം പെത്രുവും യൊഹന്നാനും പുറപ്പെട്ടു ഗുഹയുടെ അ
കത്തിൽ എത്തി അതാത്തു വെച്ചിട്ടുള്ള ശീലകളെയും തലശ്ശീലകളെ
യും വെറിട്ടൊരു സ്ഥലത്തു ചുരുട്ടിവെച്ചതും കണ്ടു ശരീരം കണ്ടില്ലതാനും
അവൻ മരിച്ചവരിൽ നിന്നു എഴുനീല്ക്കണമെന്നുള്ള വെദവാക്യം
എവർക്കു സമയത്തൊളം ഗ്രഹിക്കായ്കകൊണ്ടു മടങ്ങി ചെല്ലുകയും
ചെയ്തു—മറിയ ഗുഹയുടെ പുറത്തു നിന്നു കൊണ്ടു കരഞ്ഞു കുനിഞ്ഞു
നൊക്കിയപ്പൊൾ യെശുവിൻ ശരീരം വെച്ച സ്ഥലത്തു ശുഭ്രവസ്ത്രങ്ങളെ
ധരിച്ചവരായ രണ്ടു ദൈവദൂതന്മാരെ തലെക്കലും കാല്ക്കലും ഇരിക്കുന്നത്
കണ്ടു ആയവർ അവളൊടു സ്ത്രീയെ നീ എന്തിന്നു കരയുന്നു എന്നു
ചൊദിച്ചതിന്നു അവൾ എന്റ കർത്താവിനെ എടുത്തു കൊണ്ടു പൊ
യി എവിടെ വെച്ചു എന്നു അറിയായ്കകൊണ്ടാകുന്നു എന്നു ചൊല്ലി തി
രിഞ്ഞു നൊക്കിയപ്പൊൾ യെശുവിനെ കണ്ടു അവനെ യെശു എന്നു
അറിഞ്ഞില്ല. സ്ത്രീയെ നീ എന്തിന്നു കരയുന്നു ആരെ അന്വെഷിക്കുന്നു എ
ന്നു യെശു ചൊദിച്ചാറെ അവനെ തൊട്ടക്കാരനെന്നു വിചാരിച്ചു അ
വൾ അയ്യാ മാനനെ താൻ അവനെ എടുത്തു കൊണ്ടു പൊയിട്ടുണ്ടെ
ങ്കിൽ എവിടെ വെച്ചു എന്നു പറഞ്ഞാൽ ഞാൻ ചെന്നു എടുത്തുകൊള്ളാം.
എന്നു പറഞ്ഞ ശെഷം യെശു മറിയ എന്നു വിളിച്ചു ഉടനെ അവൾ തി
രിഞ്ഞു നൊക്കി ഗുരൊ എന്നർത്ഥമാകുന്ന റബ്ബൂനി എന്നു വിളിച്ചു-
യെശു അവളൊടു എന്നെ തൊടരുത് ഞാൻ ഇതുവരെയും എൻ പിതാവി
ന്നടുക്കൽ കരെറിട്ടില്ല നീ എന്റ സഹൊദരന്മാരെ ചെന്നു കണ്ടു
ഞാൻ എനിക്കും നിങ്ങൾക്കും പിതാവായ ദൈവത്തിന്റ അടുക്കൽ
കരെറിപ്പൊകുന്നു എന്നു ചൊല്ലുക എന്നു പറഞ്ഞു അവളങ്ങു പൊയി-
പിന്നെ മറിയയും മറ്റവരും ചെന്നു കെട്ടത് ശിഷ്യന്മാരൊടു അറിയിക്ക

ന്തിന്നു പൊകുമ്പൊൾ യെശു അവരെ എതിരെറ്റു സലാം പറഞ്ഞു ഉടനെ അവർ കാല്ക്കൽ വീണു നമസ്കരിച്ചു സംഭവിച്ചതെല്ലാം ഭ്രമത്തൊടും സന്തൊഷത്തൊടും അറിയിച്ചപ്പൊൾ ശിഷ്യർ വിശ്വസിച്ചില്ല—

൩൧. എമ്മാവുസ്സിലെക്ക രണ്ടു ശിഷ്യന്മാരുടെ പ്രയാണം.

ആ ദിവസത്തിൽ തന്നെ ശിഷ്യന്മാരിൽ രണ്ടു പെർ യെറുശലെമിൽനിന്നു രണ്ടു നാഴിക ദൂരമുള്ള എമ്മാവുസ്സിലെക്ക പൊകും വഴിയിൽ വെച്ചു സംഭവിച്ചതൊക്കെയും വിചാരിച്ചു സംസാരിച്ചു കൊണ്ടിരിക്കുമ്പൊൾ യെശു അടുത്തു ചെന്നു കൂടെ നടന്നു അവനെ യെശു എന്നറിഞ്ഞില്ല അപ്പൊൾ അവൻ നിങ്ങൾ വിഷണ്ണന്മാരായി വഴിയിൽ ചെയ്യുന്ന സംഭാഷണം ഏതു നടക്കുന്നു എന്ന ചൊദിച്ചാറെ ക്ലെയൊപാ എന്നവൻ യെരുശലെമിൽ പാർക്കുന്നവരിൽ നീ മാത്രം ഈ ദിവസങ്ങളിൽ അവിടെ സംഭവിച്ച കാര്യങ്ങൾ അറിയാതെ വന്നൊ എന്ന പറഞ്ഞാറെ ഏവ എന്ന അവൻ ചൊദിച്ചതിന്ന അവർ നസറായക്കാരനായ യെശുവിന്ന സംഭവിച്ചത തന്നെ— അവൻ ദൈവത്തിന്റെയും സകല ജനങ്ങളുടെയും മുമ്പാകെ ക്രിയയിലും വചനത്തിലും ശക്തനായ പ്രവാചകനായിരുന്നു— നമ്മുടെ പ്രധാനാചാര്യന്മാരും മൂപ്പന്മാരും അവനെ മരണത്തിന്നു ഏല്പിച്ചു ക്രൂശിൽ തറെപ്പിച്ചു എന്നാലും ഇസ്രയെലരെ ഉദ്ധരിക്കുന്നവൻ അവൻ തന്നെ എന്ന ഞങ്ങൾ വിശ്വസിച്ചിരുന്നു ഇതൊക്കെയും സംഭവിച്ചിട്ട ഇന്ന മൂന്നു ദിവസമായി. ഞങ്ങളുടെ സ്ത്രീകളിൽ ചിലർ അതി കാലത്ത ഗുഹയുടെ അടുക്കൽ ചെന്നു അവന്റെ ശരീരം കാണാതെ മടങ്ങി വന്നു അവൻ ജീവിച്ചിരിക്കുന്നു എന്ന പറയുന്ന സ്വർഗ്ഗദൂതരെ കണ്ടു എന്ന അറിയിച്ചു ഞങ്ങളെ ഭ്രമിപ്പിച്ചു— ഞങ്ങളിലും ചിലർ ഗുഹയുടെ അരികെ ചെന്നു സ്ത്രീകൾ പറഞ്ഞ പ്രകാരം കണ്ടു അവനെ കണ്ടില്ലതാനും എന്ന പറഞ്ഞതിന്റെ ശെഷം അവൻ [illegible]

കന്മാർ അറിയിച്ചത് വിശ്വസിക്കെണ്ടതിന്നു വിവെകഹീനരും മന്ദ
മനസ്സുകളുമായുള്ളൊരെ ക്രിസ്തു ഇപ്രകാരം കഷ്ടമനുഭവിച്ചിട്ടു തന്റെ
മഹത്വത്തിലെക്കു പ്രവെശിക്കെണ്ടതാകുന്നുവല്ലൊ എന്നു ചൊല്ലി മൊ
ശമുതലായ സകല പ്രവാചകരുടെ എഴുത്തുകളിൽ തന്നെ കുറിച്ചു പറ
ഞ്ഞതിനെ തെളിയിച്ചറിയിച്ചു- അവർ പൊകുന്ന ഗ്രാമത്തിന്നു സ
മീപിച്ചപ്പൊൾ അവൻ അപ്പുറം പൊകുന്ന ഭാവം നടിച്ചാറെ അ
വർ സന്ധ്യയായല്ലൊ നെരവും അസ്തമിപ്പാറായി ഞങ്ങളൊടു കൂടെ
പാൎക്ക എന്നു വളരെ അപെക്ഷിച്ച ശെഷം അവൻ പാൎപ്പാനായി അ
കത്തു ചെന്നു- അവരൊടു കൂടെ പന്തിയിൽ ഇരുന്നു അപ്പമെടുത്തു വാ
ഴ്ത്തി നുറുക്കി അവൎക്കു കൊടുത്തതിനാൽ അവനെ അറിഞ്ഞപ്പൊൾ അ
വൻ ക്ഷണത്തിൽ അപ്രത്യക്ഷനായി പിന്നെ അവർ വഴിയിൽ വെ
ച്ചു അവൻ നമ്മൊടു സംസാരിച്ചു വെദവാക്യങ്ങൾ തെളിയിച്ചതിൽ ന
മ്മുടെ ഹൃദയം ജ്വലിച്ചിരുന്നില്ലയൊ എന്നു പറഞ്ഞു എഴുനീറ്റു യറുശ
ലെമിലെക്കു മടങ്ങിപ്പൊയി ശിഷ്യന്മാരെയും അവനൊടു ചെൎന്നവ
രെയും കണ്ടു കൎത്താവു ഉയിൎത്തെഴുനീറ്റു ശിമൊനു പ്രത്യക്ഷനായി
എന്നും വഴിയിൽ സംഭവിച്ചതും അപ്പം നുറുക്കി വാഴ്ത്തിയപ്പൊൾ തങ്ങ
ൾ അവനെ അറിഞ്ഞ പ്രകാരവും വിവരമായി പറകയും ചെയ്തു-

അനന്തരം ശിഷ്യന്മാർ യഹൂദരിലെ ഭയം നിമിത്തം വാതിലുക
ളടച്ചിട്ടിരിക്കുമ്പൊൾ യെശു വന്നു മദ്ധ്യെ നിന്നു നിങ്ങൾക്കു സമാധാനം ഭവി
ക്കട്ടെ എന്നു പറഞ്ഞു- അവർ ഒരു ഭൂതത്തെ കണ്ടു എന്നു നിരൂപിച്ചു
ഭയപ്പെട്ടാറെ അവൻ നിങ്ങൾ എന്തിനു ചഞ്ചലപ്പെടുന്നു നിങ്ങളുടെ
ഹൃദയങ്ങളിൽ സംശയം തൊന്നുന്നത് എന്ത് ഞാൻ തന്നെ ആകുന്നു എ
ന്റെ കൈകാലുകളെ നൊക്കി എന്നെ തൊട്ടറിവിൻ എങ്കൽ കാണു
ന്നപ്രകാരം ഒരു ഭൂതത്തിന്നു മാംസാസ്ഥികൾ ഇല്ലല്ലൊ എന്നതു കെ
ട്ടു അവർ കൎത്താവിനെ കണ്ടിട്ടു സന്തൊഷിച്ചു- പിന്നെയും ഭ്രമവും
സംശയവും ഉളവായാറെ അവൻ ആഹാരം വല്ലതും ഉണ്ടൊ എന്നു ചൊ

ദിച്ചപ്പൊൾ അവർ വറുത്ത മീനും തെനകട്ടയും കൊടുത്തു അവൻ വാങ്ങി അവർ കാൺകെ ഭക്ഷിക്കയും ചെയ്തു-

൩൯. യെശു തൊമ്മെക്കും ഗണെസരത്ത സരസ്സിന്റെ അരികത്തും പ്രത്യക്ഷനായത്-

യെശു വന്നിരുന്ന സമയം തൊമ്മ എന്നവൻ ശിഷ്യന്മാരൊടു കൂടെ ഇല്ലായ്കയാൽ അവർ അവനൊടു ഞങ്ങൾ കൎത്താവിനെ കണ്ടു എന്നു പറഞ്ഞാറെ അവൻ ഞാൻ അവന്റെ കൈകളിൽ ആണികളുടെ പഴുതു കണ്ടു അതിൽ എന്റെ വിരലിട്ടു അവന്റെ പാൎശ്വത്തിൽ എൻ കൈ വെക്കാഞ്ഞാൽ ഞാൻ വിശ്വസിക്കയില്ല എന്നു പറഞ്ഞു- എട്ടു ദിവസം കഴിഞ്ഞ ശെഷം ശിഷ്യന്മാർ പിന്നെയും അകത്തു കൂടി തൊമ്മയും അവരൊടു ചെൎന്നു വാതിലുകൾ പൂട്ടിയിരിക്കുമ്പൊൾ യെശു വന്നു മദ്ധ്യെ നിന്നു നിങ്ങൾക്കു സമാധാനം ഭവിക്കട്ടെ എന്നു ചൊല്ലി തൊമ്മയൊടും നിന്റെ വിരൽ ഇങ്ങൊട്ടു നീട്ടി എൻ കൈകളെ തൊട്ടു നൊക്ക നിന്റെ കൈ എൻ പാൎശ്വത്തിൽ ഇടുക അവിശ്വാസിയാകാതെ വിശ്വാസിയായിരിക്ക എന്നു പറഞ്ഞാറെ തൊമ്മ എന്നവൻ എന്റെ കൎത്താവും ദൈവവുമായവനെ എന്നു വിളിച്ചു- യെശു തൊമ്മയൊടും നീ എന്നെ കണ്ടതിനാൽ വിശ്വസിച്ചിരിക്കുന്നു കാണാതെ കണ്ടു വിശ്വസിക്കുന്നവർ തന്നെ ഭാഗ്യവാന്മാർ എന്നു പറഞ്ഞു-

മറ്റൊരു സമയത്ത പെത്രു മുതലായ ചില ശിഷ്യന്മാർ കൂടി ഇരുന്നപ്പൊൾ പെത്രു ഞാൻ മീൻ പിടിപ്പാൻ പൊകുന്നു എന്നു പറഞ്ഞാറെ മറ്റവർ ഞങ്ങളും കൂടെ വരും എന്നു ചൊല്ലി എല്ലാവരും ഒരു പടകിൽ കരെറി രാത്രി മുഴുവൻ പണി ചെയ്തുവന്നാറെയും ഒന്നും സാധിച്ചില്ല- ഉദയകാലത്ത യെശു കരക്കു നിന്നു അവരൊടു കുട്ടികളെ നിങ്ങൾക്കു വല്ല ആഹാരവും ഉണ്ടൊ എന്നു ചൊദിച്ചപ്പൊൾ ഇല്ല കൎത്താവെ എന്നവർ പറഞ്ഞു- എന്നാൽ പടകിന്റെ വലഭാഗത്ത് വല വീശിയാൽ കിട്ടും എന്നു കെട്ടു അവർ വീശി ൧൫൩ വലിയ മത്സ്യങ്ങളെ

പിടിച്ചതിനെയുള്ള അതിശയം കണ്ടപ്പൊൾ യൊഹന്നാൻ പെത്രു
വിനൊടു അവൻ കർത്താവുതന്നെ എന്നു പറഞ്ഞു- കർത്താവാകുന്നു എ
ന്നു കെട്ടു കടലിൽ ചാടി ശിഷ്യരൊത്തു പിന്നെറ്റു കൂട്ടക്കാർ
വർ പടകിൽ തന്നെ വന്നു കരക്കിറങ്ങുമ്പൊൾ അപ്പവും തീക്ക
നലും കൂടെ മെൽ മീനും കണ്ടു- പിന്നെ കർത്താവു അവരൊടു ഭക്ഷണം ക
ഴിച്ചു കൊള്ളുവിൻ എന്നു പറഞ്ഞു- ഭക്ഷിച്ചശെഷം ശിമൊൻ പെത്രുവിനെ
നൊക്കി യൊനാ പുത്രനായ ശിമൊനെ ഇവരെക്കാൾ എന്നെ
അധികം സ്നെഹിക്കുന്നുവൊ എന്നു ചൊദിച്ചാറെ അവൻ കർത്താവെ
ഞാൻ നിന്നെ സ്നെഹിക്കുന്നു എന്നു നീ തന്നെ അറിയുന്നുവല്ലൊ എ
ന്നു പറഞ്ഞാറെ കർത്താവു എന്റെ ആട്ടിൻകുട്ടികളെ മെയ്ക്ക എന്നു പ
റഞ്ഞു- പിന്നെ അവൻ രണ്ടാം മുറ നീ എന്നെ സ്നെഹിക്കുന്നുവൊ എ
ന്നു ചൊദിച്ചാറെ പെത്രു ഞാൻ നിന്നെ സ്നെഹിക്കുന്നു എന്നു നീ ത
ന്നെ അറിയുന്നു എന്നു ചൊന്നശെഷം കർത്താവു എന്റെ ആടുകളെ
മെയ്ക്ക എന്നു പറഞ്ഞു- പിന്നെ അവൻ മൂന്നാം പ്രാവശ്യം അങ്ങിനെ ത
ന്നെ ചൊദിച്ചപ്പൊൾ പെത്രുവിന്നു ദുഃഖമുണ്ടാക്കി കർത്താവെ നീ സ
കലവും അറിയുന്നു ഞാൻ നിന്നെ സ്നെഹിക്കുന്നു എന്നുള്ളതും നീ അ
റിയുന്നു എന്നു പറഞ്ഞാറെ കർത്താവു എന്റെ ആട്ടിൻകുട്ടികളെ മെയ്ക്ക
നീ ബാലനായിരുന്നപ്പൊൾ അരകെട്ടി നിനക്കിഷ്ടമുള്ള സ്ഥലത്തു
സഞ്ചരിച്ചു വൃദ്ധനായി വന്നാൽ നീ കൈ നീട്ടി മറ്റൊരുത്ത
ൻ നിന്നെ കെട്ടി അനിഷ്ടമുള്ള സ്ഥലത്തെക്കു കൊണ്ടുപൊകും സത്യം എ
ന്നു പറഞ്ഞു പെത്രു ഏതു പ്രകാരമുള്ള മരണം കൊണ്ടു ദൈവത്തെ മഹ
ത്വപ്പെടുത്തും എന്നു കാണിക്കെണ്ടതിന്നു കർത്താവു ഇതിനെ അറിയി
ച്ചത്-

നമ്മുടെ ക്രിസ്തുവിന്റെ സ്വർഗ്ഗാരൊഹണം

കർത്താവു തന്റെ ശിഷ്യന്മാരെ വിട്ടു സ്വർഗ്ഗാരൊഹണം ചെയ്യും മുമ്പെ അവർ
ക്കു ... പല കല്പനകളും വാഗ്ദത്തങ്ങളും കൊടുത്തു- സ്വർഗ്ഗത്തിലും ഭൂമിയിലും

സകലാധികാരവും എനിക്ക തന്നപ്പെട്ടിരിക്കുന്നു- ആകയാൽ നിങ്ങൾ ഭൂമിയിൽ എല്ലാടവും സഞ്ചരിച്ചു സൎവ്വസൃഷ്ടികൾക്കും സുവിശെഷം പ്രസംഗിച്ചിട്ട പിതാ പുത്രൻ പരിശുദ്ധാത്മാവ് എന്നീനാമത്തിൽ സ്നാനം ചെയ്യിച്ചും ഞാൻ നിങ്ങളൊടു കല്പിച്ചതൊക്കയും പ്രമാണിച്ചു ചരിക്കെണ്ടതിന്ന ഉപദെശിച്ചും സകലജാതികളെയും ശിഷ്യരാക്കികൊള്ളുവിൻ വിശ്വസിച്ചു സ്നാനം എല്ക്കുന്നവർ രക്ഷയെ പ്രാപിക്കും- വിശ്വസിക്കാത്തവന്ന ശിക്ഷാവിധിയുണ്ടാകും- വിശ്വസിപ്പവരൊടു കൂടെ നടന്നുവരുന്ന അടയാളങ്ങൾ ഇവ- അവർ എൻ്റെ നാമത്തിൽ പിശാചുകളെ പുറത്താക്കും പുതുഭാഷകളെ പറയും സൎപ്പങ്ങളെ പിടിച്ചെടുക്കും പ്രാണഹരമായതൊന്ന കുടിച്ചാലും അവൎക്ക ഒരു ഉപദ്രവവും വരികയില്ല ദീനക്കാരുടെ മെൽ കൈകളെ വെച്ചാൽ അവർ സ്വസ്ഥരായിരിക്കും ഞാനും ലൊകാവസാനത്തൊളം നിങ്ങളൊടു കൂടെ ഇരിക്കുമെന്ന പറഞ്ഞു—

ഇങ്ങിനെ അവൻ മരിച്ചവരിൽനിന്നു ഉയിൎത്തെഴുനീറ്റ ശെഷം ൪൦ ദിവസം കൂടക്കൂട തന്റെ ശിഷ്യരൊടു സംസാരിച്ചും ഉപദെശിച്ചും പാൎത്താറെ അവരെ ഒലിവ് മലമെൽ വരുത്തി നിങ്ങൾ യരുശലെം പട്ടണം വിട്ടു പൊകാതെ പിതാവിന്റെ വാഗ്ദത്തമായ ആത്മസ്നാനത്തിന്നായി കാത്തിരിക്കണമെന്ന കല്പിച്ചു- അന്ന അവർ കൎത്താവെ നീ ഇക്കാലത്തു ഇസ്രയെൽ രാജ്യത്തെ യഥാസ്ഥാനമാക്കി നടത്തുകമൊ എന്ന ചൊദിച്ചാറെ അവൻ പിതാവ് തന്റെ അധികാരത്തിൽ നിശ്ചയിച്ചു വെച്ചിട്ടുള്ള കാലത്തെയും നാഴികയെയും അറിവാൻ നിങ്ങൾക്ക ആവശ്യമുള്ളതല്ല നിങ്ങൾ പരിശുദ്ധാത്മാവിനെ ലഭിച്ചു ശക്തിമാന്മാരായി യരുശലെമിലും യഹൂദയിലും ഭൂമിയുടെ അവസാനത്തൊളം എന്റെ സാക്ഷികളായിരിക്കും എന്ന കല്പിച്ച ശെഷം അവർ കാൺകെ മെല്പെട്ടു കരെറി ഒരു മെഘം അവനെ കൈക്കൊണ്ട അവൻ ആകാശത്തിൽ കൂടി കരെറി പൊകുന്നത് അവർ നൊ

ക്കിച്ചുനൊക്കികൊണ്ടിരിക്കുമ്പൊൾ വെള്ളവസ്ത്രം ധരിച്ചരണ്ടുപുരുഷന്മാർ അടുക്കെവന്നു ഗലീലക്കാരെ നിങ്ങൾ ആകാശത്തിലെക്കു നൊക്കിനില്ക്കുന്നതെന്തു ഈ യെശു നിങ്ങളെ വിട്ടു സ്വൎഗ്ഗത്തിലെക്കു കരെറുന്ന പ്രകാരം പിന്നെയും വരുമെന്നു പറഞ്ഞു- അനന്തരം അവർ സന്തൊഷിച്ചു യറുശലെമിലെക്കു മടങ്ങി ചെന്നു നിരന്തരമായി പ്രാൎത്ഥിച്ചുകൊണ്ടിരിക്കയും ചെയ്തു—

൫൦. പെന്തെകൊസ്തു പെരുന്നാൾ

ക്രിസ്തുസ്വൎഗ്ഗാരോഹണമായശെഷം ശിഷ്യന്മാർ കൎത്താവിന്റെ കല്പനപ്രകാരം പരിശുദ്ധാത്മാവിനെ പ്രാപിപ്പാനായി യറുശലെമിൽ കാത്തിരുന്നു ഇസ്കരിയൊതാവായ യഹൂദാവിന്റെ സ്ഥാനത്തു മത്ഥിയാ എന്നവനെ തെരിഞ്ഞശെഷമുള്ള വിശ്വാസികളൊടും കൂട പ്രാൎത്ഥിച്ചുകൊണ്ടിരുന്നു- അവരുടെ എണ്ണം അന്ന ൧൨൦ ആയിരുന്നു പെസ്സഹ പെരുന്നാൾ കഴിഞ്ഞിട്ട അമ്പതാം ദിവസമായ പെന്തെകൊസ്ത പെരുന്നാളിൽ അവരെല്ലാവരും ഒന്നിച്ചു ഐകമനസ്സൊടെ പ്രാൎത്ഥിക്കുമ്പൊൾ ഉടനെ ആകാശത്തിൽനിന്നു കാറ്റൊട്ടം പൊലെ ഒരു മഹാശബ്ദം ഉണ്ടായി അവർ ഇരുന്ന ഭവനം നിറഞ്ഞു അഗ്നിജ്വാലകളെപൊലെ അവരുടെ മെലിറങ്ങുന്നത കണ്ടു പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരായി ആത്മാവ അവൎക്കു ഉച്ചാരണം ചെയ്വാൻ ദാനം ചെയ്ത പ്രകാരം മറു ഭാഷകളിൽ സംസാരിച്ചു തുടങ്ങി ആ സമയത്ത സകല ദെശങ്ങളിൽനിന്നു വന്ന ദൈവഭക്തിയുള്ള യഹൂദർ യറുശലെമിൽ പാൎത്തുകൊണ്ടായിരുന്നു- ആ ശബ്ദമുണ്ടായപ്പൊൾ പുരുഷാരം വന്നുകൂടി ചഞ്ചലപ്പെട്ടു എല്ലാവരും താന്താങ്ങടെ ഭാഷകളിൽ സംസാരിക്കുന്നതു കെട്ട അവർ ഭ്രമിച്ചു ആശ്ചൎയ്യപ്പെട്ടു പറയുന്നത ഇവരെല്ലാവരും ഗലീലക്കാരല്ലയൊ പിന്നെ നാം ഒരൊരുത്തൻ അവനവന്റെ ഭാഷയിൽ പറഞ്ഞു കെൾക്കുന്നതെന്തു അത്ഭുതം എന്നു പറഞ്ഞു ഭ്രമിച്ചു പലരും പരിഹസിച്ചു ഇവർ പുതുവീഞ്ഞു കുടിച്ചു ലഹരിയായിരിക്കുന്നു എന്നു പറഞ്ഞു- അപ്പൊൾ പെത്രൊ പതിനൊന്നു പെരൊടു കൂട എഴുനീറ്റു ഉറക്കെ വിളിച്ചു പറഞ്ഞു ഹെ

യഹൂദരും യറുശലെമിൽ വാഴുന്നവരെല്ലാം മനുഷ്യരുമായുള്ളൊരെ എ
ന്റെ വചനങ്ങളെ കെട്ടിൻ നിങ്ങൾ വിചാരിക്കുന്ന പ്രകാരം ഇവർ മദ്യപാ
നം ചെയ്തവരല്ല പകൽ ഒമ്പത് മണി നെരം മാത്രമെ ആയിട്ടുള്ളു അവ
സാന നാളുകളിൽ ഇപ്രകാരമുണ്ടാകും ഞാൻ സകല ജഡത്തിന്മെലും എ
ന്റെ ആത്മാവിൽനിന്ന പകരും നിങ്ങളുടെ പുത്രിപുത്രന്മാരും ദീർഘദർ
ശനം പറയും നിങ്ങളുടെ ബാലന്മാർ ദർശനങ്ങളെയും വൃദ്ധന്മാർ സ്വപ്നങ്ങളെ
യും കാണും- ആ നാളുകളിൽ ഞാൻ എന്റെ ദാസിദാസന്മാരുടെമെ
ൽ എന്റെ ആത്മാവിൽനിന്ന പകരുമ്പൊൾ അവർ ദീർഘദർശനം പ
റയും എന്ന ദൈവം യൊവെൽ പ്രവാചകനാൽ അറിയിച്ച പ്രകാരം ഇ
ന്ന സംഭവിച്ചു ഇസ്രായെലരെ ഈ വചനങ്ങളെ കെട്ടിൻ ദൈവമനു
ഷ്യനും നചറായക്കാരനുമായ യെശു അവൻ മൂലമായി ദൈവം നിങ്ങ
ളുടെ ഇടയിൽ ചെയ്ത അതിശയപ്രവൃത്തികളും അത്ഭുതങ്ങളും കൊണ്ട
നിങ്ങളിൽ സമ്മതനായി വന്നുവല്ലൊ അവനെ നിങ്ങൾ പിടിച്ച ക്രൂശി
ൽ തറച്ചു കൊന്നുവെങ്കിലും ദൈവം അവനെ ഉയിർപ്പിച്ചതിന്ന ഞങ്ങ
ൾ എല്ലാവരും സാക്ഷികൾ ആകുന്നു- ആകയാൽ അവൻ ദൈവശക്തി
യാൽ ഉന്നതപ്പെട്ടിരിക്ക കൊണ്ട ഞങ്ങളിൽ പരിശുദ്ധാത്മാവിനെ പ
കർന്നു ഇതിന്റെ നിശ്ചയം നിങ്ങൾ കണ്ടു കെട്ടുവല്ലൊ ഈ യെശുവിനെ ദൈ
ദവം കർത്താവായും ക്രിസ്തുവായും ആക്കിയിരിക്കുന്നു എന്ന സകല ഇസ്രാ
യെലരും അറിഞ്ഞുകൊള്ളട്ടെ എന്നത് കെട്ടവർ മനൊദുഃഖം ജനി
ച്ചു ഹാ സഹൊദരന്മാരെ ഞങ്ങൾ എന്ത ചെയ്യെണ്ടു
എന്ന പറഞ്ഞാറെ പെത്രു അനുതപിച്ച എല്ലാവരും യെശുവിന്റെ നാ
മത്തിൽ സ്നാനം ചെയ്യിൻ എന്നാൽ നിങ്ങൾക്കും പരിശുദ്ധാത്മദാനം ലഭി
ക്കും നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നമ്മുടെ കർത്താവായ ദൈവം ദൂരത്തുനി
ന്ന വിളിക്കുന്ന എല്ലാവർക്കും ഈ വാഗ്ദത്തം ഉള്ളത എന്ന പറഞ്ഞു.
ഈ വാക്യം സന്തൊഷത്തൊടെ കൈക്കൊണ്ടവരൊക്കെയും സ്നാനം ലഭി
ച്ചു ആ ദിവസത്തിൽ തന്നെ ഏകദെശം മൂവായിരം ആത്മാക്കൾ ചെർന്നു

വന്നു- പിന്നെ അവർ അപൊസ്തലരുടെ ഉപദെശത്തിലും അപ്പം നുറുക്കുന്നതിലും പ്രാൎത്ഥനയിലും സ്ഥിരപ്പെട്ടിരുന്നു ധനവാന്മാർ തങ്ങളുടെ സമ്പത്തുകളെ ദരിദ്രന്മാൎക്ക ഉപകാരമാക്കി കൊടുത്തു അവിശ്വാസികൾ സകലജനങ്ങളും ഇഷ്ടന്മാരാക്കുന്ന കൎത്താവും ദിവസെന സഭയെ വൎദ്ധിപ്പിക്കയും ചെയ്തു—

൫൬. ഹനന്യാവും സഫീരയും

ഹനന്യാ എന്നവൻ തന്റെ ഭാൎയ്യയായ സഫീരയൊടു കൂടി ഒരു അവകാശം വിറ്റു വിലയിൽ നിന്നു എതാനും വഞ്ചിച്ചു എടുത്തു ശെഷമുള്ളതു കൊണ്ടുവന്നു അപൊസ്തലരുടെ അരികെ വെച്ചപ്പൊൾ പെത്രു ഹനന്യാവിനൊടു പറഞ്ഞു: ആത്മാവൊടു അസത്യം പറവാനും നിലത്തിന്റെ വിലയിൽ നിന്നു എതാനും വഞ്ചിച്ചു വെപ്പാനും സാത്താൻ നിന്റെ ഹൃദയത്തിൽ തൊന്നിച്ചതെന്തു അത് നിണക്ക തന്നെ ഇരുന്നെങ്കിൽ കൊള്ളാമായിരുന്നു വിറ്റശെഷവും നിന്റെ അധികാരത്തിൽ തന്നെ ആയിരുന്നുവല്ലൊ ഇക്കാൎയ്യം നിന്റെ ഹൃദയത്തിൽ വെച്ചതെന്തു നീ മനുഷ്യരൊടല്ല ദൈവത്തൊടത്രെ അസത്യം പറഞ്ഞത് എന്ന വാക്യം കെട്ടു ഹനന്യാ വീണു പ്രാണനെ വിട്ടു- പിന്നെ ബാല്യക്കാർ ശവത്തെ മൂടിക്കെട്ടി പുറത്തു കൊണ്ടുപൊയി കുഴിച്ചിടുകയും ചെയ്തു- അനന്തരം ഏകദെശം മൂന്നു മണിനെരം കഴിഞ്ഞ ശെഷം അവന്റെ ഭാൎയ്യയും സംഭവിച്ചതറിയാതെ അകത്തു വന്നാറെ പെത്രു അവളൊടു നിലത്തിന്നു നിങ്ങൾ ഇത്രെക്കൊ വിറ്റത് എന്നു ചൊദിച്ചപ്പൊൾ അവളും അത്രെക്ക തന്നെ എന്നു പറഞ്ഞു- അപ്പൊൾ പെത്രു കൎത്താവിന്റെ ആത്മാവിനെ പരീക്ഷിപ്പാൻ നിങ്ങൾ തമ്മിൽ നിശ്ചയിച്ചതെന്തിനെ കണ്ടാലും നിന്റെ പുരുഷനെ കുഴിച്ചിട്ടവർ വാതില്ക്കലുണ്ടു നിന്നെയും കൊണ്ടുപൊകും നിശ്ചയം എന്നു പറഞ്ഞ ഉടനെ അവളും വീണു ചത്തു- ബാല്യക്കാർ അകത്തു വന്നു അവളെയും കുഴിച്ചിടുകയും ചെയ്തു—

പിന്നെ സഭെക്കും ഈ അവസ്ഥ കെട്ട എല്ലാവൎക്കും മഹാ ഭയ

ഉണ്ടാക്കി—

൫൧. എസ്തപ്പാന്റെ മരണം

പിന്നെ സഭക്കിലെ ലെന്തിക്കാക്കാരുടെ വിചാരണത്തിന്നു എഴുത്തു-
ഷക്കാരെ തെരിഞ്ഞെടുത്തപ്പൊൾ അവരിൽ എസ്തപ്പാൻ വിശ്വാസശ-
ക്തികൊണ്ടു വിളങ്ങി ജനങ്ങളുടെ ഇടയിൽ വലിയ അതിശയ പ്രവൃ-
ത്തികളെ ചെയ്തു കൊണ്ടിരുന്നാറെ പല യഹൂദമതക്കാർ വന്നു ശാസ്ത്രം
കൊണ്ടു തർക്കിച്ചു അവൻ കാണിച്ച ബുദ്ധിയും ആത്മശക്തിയും
കാണ്കയാൽ തൊറ്റു പൊയാറെ കൃത്രിമിച്ചു ജനങ്ങളെയും മൂപ്പന്മാരെയും
ശാസ്ത്രികളെയും ഇളക്കി അവനെ പിടിച്ചു വിസ്താരസഭക്കിലെക്ക് കൊ-
ണ്ടുപൊയി ഇവൻ ഈ പരിശുദ്ധസ്ഥലത്തിന്നും വെദപ്രമാണത്തിന്നും
വിരൊധമായി ഇടവിടാതെ ദൂഷണവാക്കുകളെ സംസാരിച്ചു നസ-
റായക്കാരനായ യെശു ഈ സ്ഥലം നശിപ്പിച്ചു മൊശ നമുക്കു കല്പിച്ച
മര്യാദകളെ ഭെദം വരുത്തും എന്നു പറഞ്ഞത് ഞങ്ങൾ കെട്ടു എന്നു
ബൊധിപ്പിച്ചു കള്ളസാക്ഷിക്കാരെയും നിറുത്തി അപ്പൊൾ വിസ്താ-
രസഭക്കിലുള്ളവർ എല്ലാവരും അവനെ സൂക്ഷിച്ചു നൊക്കി അവ-
ന്റെ മുഖം ഒരു ദൈവദൂതന്റെ മുഖം പൊലെ കണ്ടു മഹാചാര്യൻ കാ-
ര്യം ഇപ്രകാരം തന്നെയൊ എന്നു ചൊദിച്ചാറെ അവൻ ദൈവം ഇ-
സ്രയെൽ ജാതിക്ക ചെയ്ത നന്മകളെയും അത്ഭുതപ്രവൃത്തികളെയും
അവർ കാട്ടിയ അനുസരണക്കെട്ടുകളെയും മഹാപാപങ്ങളെയും
വർണ്ണിച്ചശെഷം കഠിനകണ്ഠക്കാരും ഹൃദയത്തിലും ചെവികളി-
ലും ചെല [illegible] ഇല്ലാത്തവരുമായവരെ നിങ്ങൾ എപ്പൊഴും പരിശുദ്ധാ-
ത്മാവിനെ വിരൊധിക്കുന്നു നിങ്ങളുടെ പിതാക്കന്മാർ ചെയ്ത പ്രകാ-
രം നിങ്ങളും ചെയ്യുന്നു നീതിമാനായ ക്രിസ്തുവിന്റെ വരവിനെ മുന്ന-
റിയിച്ച പ്രവാചകന്മാരെ അവർ പീഡിപ്പിച്ചു കൊന്നു - നിങ്ങളും ആ
നീതിമാനെ ദ്രൊഹിച്ചു വധിച്ചു വല്ലൊ - ദൈവദൂതന്മാരുടെ പ്ര-
വൃത്തിയാൽ നിങ്ങൾക്ക ന്യായപ്രമാണം വന്നു എങ്കിലും ആ

യതിനെ പ്രമാണിച്ചില്ല എന്നതു കെട്ടാറെ അവരുടെ ഹൃദയങ്ങൾ കൊ
പം കൊണ്ടു ഇരിക പല്ലു കടിച്ചാറെ അവൻ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ
വനായി ആകാശത്തെക്കു നൊക്കി ദൈവമഹത്വത്തെയും ദൈവത്തി
ന്റെ വലഭാഗത്തു യെശു നില്ക്കുന്നതിനെയും കണ്ടു ഇതാ സ്വർഗ്ഗം തുറന്നു
മനുഷ്യപുത്രൻ ദൈവത്തിന്റെ വലഭാഗത്തു നില്ക്കുന്നതു ഞാൻ കാ
ണുന്നു എന്നു പറഞ്ഞപ്പൊൾ അവർ ഘൊരമായി നിലവിളിച്ചു ചെ
വികളെ പൊത്തി അവന്റെ നെരെ പാഞ്ഞു ചെന്നു അവനെ നഗ
രത്തിൽ നിന്നു പുറത്തു തള്ളിക്കളഞ്ഞു കല്ലെറിഞ്ഞു- സാക്ഷിക്കാരും
തങ്ങളുടെ വസ്ത്രങ്ങളെ ശൗൽ എന്നൊരു ബാല്യക്കാരന്റെ അരി
കെ വെച്ചു സ്തെഫാനെ കല്ലെറിയുമ്പൊൾ അവൻ കർത്താവായ യെശു
വെ എന്റെ ആത്മാവിനെ കൈക്കൊള്ളെണമെ എന്നും കർത്താവെ
ഈ പാപം അവരുടെ മെൽ വെക്കരുതെ എന്നും പ്രാർത്ഥിച്ചും വി
ളിച്ചും ഉറങ്ങിപ്പൊകയും ചെയ്തു—

൮൩. എത്യൊപ്യമന്ത്രി

ശൗൽ സ്തെഫാന്റെ മരണത്തിൽ പ്രസാദിച്ചതല്ലാതെ അവൻ സ
ഭയെ നശിപ്പിച്ചു വീടുകൾ തൊറും ചെന്നു സ്ത്ര്യാദികളെ പിടിച്ചു തട
വിൽ വെപ്പിച്ചു- ഇങ്ങിനെയുള്ള ഉപദ്രവത്താൽ ചിതറിപ്പൊയ വി
ശ്വാസികൾ എല്ലാടവും സഞ്ചരിച്ചു ദൈവവചനം പ്രസംഗിച്ചു- ശുശ്രൂഷ
ക്കാരനായ ഫിലിപ്പൊസ് ശമര്യനഗരത്തിലെക്കു ചെന്നു ക്രിസ്തുവിനെ ജ
നങ്ങളൊടറിയിച്ചപ്പൊൾ എറിയ ആളുകൾ വിശ്വസിച്ചു ക്രിസ്ത്യാനിക
ളായി കുറെക്കാലം അവിടെ പാർത്തതിന്റെ ശെഷം കർത്താവിന്റെ
ദൂതൻ അവനൊടു നീ എഴുനീറ്റു തെക്കൊട്ടു പൊയി യറുശലെമിൽ നി
ന്നു ഘസ്സെക്കു പൊകുന്ന വഴിയിൽ ചെല്ലുക എന്നു കല്പിച്ചു- അവൻ
അനുസരിച്ചപ്പൊൾ എത്യൊപ്യരാജ്ഞിയുടെ മന്ത്രിയും അവ
ളുടെ ഭണ്ഡാരത്തിന്റെ വിചാരിപ്പുകാരനുമായ ഒരുത്തൻ യറുശലെ
മിലെക്കു വന്ദിപ്പാൻ ചെന്നിട്ടു നാട്ടിലെക്കു മടങ്ങിപ്പൊവാൻ യാത്ര

യാക്കി- അവൻ രഥത്തിൽ കരെറി ഇരുന്ന യശെക്കു പ്രവാചകൻെറ പുസ്തകം വാക്കിച്ചു കൊണ്ടിരുന്നാറെ ഫിലിപ്പുസ് അരൂപിയൊട പ്രകാരം അവന്റൊടു ചെന്ന് നടന്ന മന്ത്രി വാക്കിക്കുന്നത് കെട്ടപ്പൊൾ നീ വാക്കിക്കുന്നതിൻെറ അൎത്ഥം തിരിയുന്നുണ്ടൊ എന്ന ചൊദിച്ച ശെഷം തെളിയിച്ചു കൊടുക്കുന്നവർ ഇല്ലായ്കയാൽ എങ്ങിനെ കഴിയും നീ കരെറി കൂടിരിക്ക എന്ന അപെക്ഷിച്ചു- അവൻ വാക്കിച്ച വെദവാക്യമാകിൽ ആവനെ ഒരാടിനെ പൊലെ കുലെക്കു കൊണ്ടു പൊകി കത്രിക്കുന്നവെന്റെ മുമ്പാകെ ശബ്ദിക്കാത്ത ആട്ടിൻകുട്ടി എന്ന പൊലെ അവൻ വായ് തുറക്കാതെ ഇരുന്നു- എന്നാറെ മന്ത്രി പ്രവാചകൻ ആരെ കുറിച്ചാണിച്ചു ഇത് പറഞ്ഞു തന്നെയൊ മറ്റൊരുത്തനെയൊ എന്ന ചൊദിച്ചാറെ ഫിലിപ്പുസ് ആ വെദവാക്കിൻെറ അൎത്ഥം ഗ്രഹിപ്പിച്ചു യെശുവിനെ അറിയിച്ചു പിന്നെ അവർ വഴി പൊകുമ്പൊൾ വെള്ളമുള്ളൊരു സ്ഥലത്ത് എത്തിയാറെ മന്ത്രി ഇതാ വെള്ളം എന്നെ ജ്ഞാനസ്നാനം ചെയ്യുന്നതിന് എന്ത് വിരൊധം എന്ന പറഞ്ഞപ്പൊൾ ഫിലിപ്പുസ് നീ പൂൎണ്ണ ഹൃദയത്തൊടെ വിശ്വസിച്ചാൽ ചെയ്യാമല്ലൊ എന്നത് കെട്ട മന്ത്രി യെശു ക്രിസ്തു ദൈവപുത്രനാകുന്നു എന്ന ഞാൻ വിശ്വസിക്കുന്നു എന്ന പറഞ്ഞു രഥം നിൎത്തി ഇരുവരും വെള്ളത്തിൽ ഇറങ്ങി ഫിലിപ്പുസ് അവന്ന ജ്ഞാനസ്നാനം കഴിച്ചു വെള്ളത്തിൽ നിന്ന കരെറിയപ്പൊൾ കൎത്താവിൻെറ ആത്മാവ് ഫിലിപ്പിനെ മറ്റൊരു ദിക്കിലെക്ക് നടത്തി മന്ത്രിയൊ സന്തൊഷിച്ചു തൻെറ വഴിക്കെ പൊകയും ചെയ്തു-

൪൪. ശൌലിൻെറ മാനസാന്തരം

അനന്തരം ശൌൽ കൎത്താവിൻെറ ശിഷ്യന്മാരെ ഹിംസിച്ചു വരുമ്പൊൾ ഒരു മ്പെട്ട മഹാചാൎയ്യൻെറ അടുക്കൽ ചെന്നു താൻ ക്രിസ്ത്യാനിക്കാരെ വല്ലവരെയും പിടിച്ചു യരുശലെമിലെക്ക് കൊണ്ടു വരുവാന്തക്കവണ്ണം ദമസ്കു പട്ടണത്തിലെ പള്ളിപ്രമാണിക്കാൎക്കു എഴുത്തു വാങ്ങി യാത്രയായി ദമസ്കിന്നു സമീപിച്ചപ്പൊൾ ഉടനെ ആകാശത്തിൽ നിന്ന

ഒരുവെളിച്ചംഅവനെചുററിപ്രകാശിച്ചു-എന്നാറെഅവൻനില
ത്തുവീണെശൌലെശൌലെനീഎന്തിനെന്നെഉപദ്രവിക്കുന്നുഎന്ന
പറയുന്നൊരുശബ്ദംകെട്ടുകൎത്താവെനീആരാകുന്നുഎന്നുചൊദി
ച്ചപ്പൊൾനീഉപദ്രവിക്കുന്നയെശുതന്നെ-മുള്ളിന്റെനെരെഉതെ
ക്കുന്നത്നിണക്കവിഷമമുള്ളതാകുംഎന്നെവാക്കുംകെട്ടശെഷംഅവ
ൻഭ്രമിച്ചുംവിറെച്ചുംകൊണ്ടുകൎത്താവെഞാൻചെയ്യെണ്ടുന്നതിനെ
ന്റെഇഷ്ടമെന്തുഎന്നുചൊദിച്ചാറെകൎത്താവ്നീഎഴുനീററുനഗരത്തി
ലെക്ക്പൊകനീചെയ്യെണ്ടുന്നതൊക്കയുംനിണക്കപറഞ്ഞുതരും
എന്നുകല്പിച്ചുഅപ്പൊൾഅവൻഎഴുനീററുകണ്ണുകൾതുറന്നുഒരുത്ത
നെയുംകാണാഞ്ഞുകൊണ്ടുകൂടയുള്ളവർഅവനെതാങ്ങിപട്ടണത്തി
ലെക്ക്കൂട്ടിക്കൊണ്ടുപൊയി-പിന്നെഅവൻമൂന്നുദിവസംകണ്ണുകാ
ണാതെയുംഒന്നുംഭക്ഷിച്ചുകുടിക്കാതെയുംപാൎത്തശെഷംകൎത്താവു
ഹനന്യാഎന്നശിഷ്യനെഒരുദൎശനത്തിൽവിളിച്ചുനീഎഴുനീററുയു
ഹൂദാഎന്നവന്റെഭവനത്തിൽചെന്നുതൎസുക്കാരനായശൌലി
നെഅന്വെഷിക്കകണ്ടാലുംഅവൻപ്രാൎത്ഥിച്ചുകൊണ്ടിരുന്നുസമ
യത്ത്ദൎശനത്തിലുംഹനന്യാഎന്നൊരുമനുഷ്യൻഅകത്തുവരുന്ന
തുംതനിക്കകാഴ്ചലഭിക്കെണ്ടതിന്നുതന്മെൽകൈവെക്കുന്നതും
കണ്ടിരിക്കുന്നുഎന്നുകല്പിച്ചത്കെട്ടുഹനന്യാകൎത്താവെയറുശലെ
മിൽവെച്ചുനിന്റെപരിശുദ്ധന്മാൎക്ക്വളരെകഷ്ടങ്ങളെവരുത്തിമ
ഹാചാൎയ്യരുടെഅധികാരത്താൽഇവിടെയുംവന്നുനിന്റെനാമ
ത്തിൽവിശ്വസിക്കുന്നഎല്ലാവരെയുംകെട്ടിയറുശലെമിലെക്ക്കൊ
ണ്ടുപൊകുന്നതുഅവൻതന്നെഎന്നുഞാൻപലരിൽനിന്നും
കെട്ടിട്ടുണ്ടുഎന്നുപറഞ്ഞാറെകൎത്താവ്നീപൊകഎന്റെനാമംപുറ
ജാതികൾക്കുംരാജാക്കന്മാൎക്കുംഇസ്രയെൽപുത്രരുടെമുമ്പാകെയും
അറിയിക്കെണ്ടതിന്നുഇവൻഎനിക്കകൊള്ളുന്നപാത്രംതന്നെ
എന്റെനാമംനിമിത്തംഎന്തെല്ലാംകഷ്ടങ്ങൾഅനുഭവിക്കെ

ണം എന്നു ഞാൻ അവനു കാണിക്കും എന്നു പറഞ്ഞു- അനന്തരം ആന
ന്ത്രൊസിൽ ചെന്നു അവരെ മെൽ കൈകളെ വെച്ചു ക്രിസ്തുസഭൊദ
രനായ ശൌലെ നീ കാഴ്ചയെയും പരിശുദ്ധാത്മദാനവും പ്രാപിപ്പാൻ തക്ക
വണ്ണം കർത്താവു എന്നെ അയച്ചിരിക്കുന്നു എന്നു പറഞ്ഞപ്പൊൾ
അവൻ കാഴ്ച പ്രാപിച്ചു എഴുനീറ്റു സ്നാനപ്പെട്ടു ഭക്ഷിച്ചു ആശ്വസി
ച്ചു അനന്തരം തുടങ്ങി ശൌൽ ദമസ്കിലും യറുശലെമിലും യെശുക്രിസ്തു ദൈ
വപുത്രനാകുന്നു എന്നതിനെ ധൈര്യത്തൊടെ കാണിച്ചിരിക്കയും ചെയ്തു

൫൭, ശതാധിപനായ കൊർന്നെല്യൻ

യഹൂദദെശത്തെ കൈസരെയ എന്ന പട്ടണത്തിൽ രൊമപട്ടാളനായ
കനായ കൊർന്നെല്യൻ പാർത്തിട്ടുണ്ടായിരുന്നു- ആയവൻ തന്റെ കുഡും
ബത്തൊടും കൂടെ ദൈവത്തെ ഭയപ്പെട്ടു ദരിദ്രന്മാർക്കു വളരെ ധർമ്മം ചെ
ച്ചു സർവ്വദാ പ്രാർത്ഥിച്ചു കൊണ്ടിരുന്നു ഒരു ദിവസം മൂന്നാമത്തെ മണി
ക്കു അവൻ പ്രാർത്ഥിച്ചു കൊണ്ടിരിക്കുമ്പൊൾ ഒരു ദൈവദൂതൻ പ്രത്യ
ക്ഷനായി അവനൊടു കൊർന്നെല്യ നിന്റെ പ്രാർത്ഥനകളും ധർമ്മങ്ങളും
ദൈവത്തിന്റെ മുമ്പാകെ എത്തിയിരിക്കുന്നു യൊപ്പനഗരത്തിലെ
ഒരു തൊൽക്കൊല്ലന്റെ വീട്ടിൽ പാർത്തു വരുന്ന ശിമൊൻ പെത്രൊ
സിനെ വരുത്തുക നീ ചെയ്യെണ്ടുന്നതൊക്കയും അവൻ നിന്നൊടു പറ
യും എന്നു ചൊല്ലി മറകയും ചെയ്തു

അനന്തരം കൊർന്നെല്യൻ ദൂതവചനപ്രകാരം തന്റെ വീട്ടു
കാരിൽ മൂന്നു പെരെ യൊപ്പാനഗരത്തിലെക്കു നിയൊഗിച്ചയച്ചു
പിറെറനാൾ ഉച്ചസമയത്ത് ഭക്ഷണം കഴിക്കും മുമ്പെ പെത്രൊസ് വീട്ടിന്മു
കളിലിരുന്നു പ്രാർത്ഥിച്ചശെഷം വിശന്നു ഭക്ഷിപ്പാൻ ആഗ്രഹിച്ചപ്പൊൾ അ
വന്നു ഒരു ദർശനമുണ്ടായി സ്വർഗ്ഗത്തിൽ നിന്നു നാലു കൊണും കെട്ടിയ
ഷീട്ടി പൊലെയുള്ളൊരു പാത്രം തന്റെ അരികിൽ ഇറങ്ങുന്നതും
അതിന്റെ അകത്തു സകലവിധമായ ചതുഷ്പാദമൃഗാദികളുണ്ടാ
യിരിക്കുന്ന പ്രകാരവും കണ്ടു പെത്രൊ എഴുനീറ്റു കൊന്നു ഭക്ഷി

ക്കഎന്നൊരുശബ്ദംകെട്ടപ്പൊൾഅവൻഅയ്യൊകൎത്താവെനിന്ദ്യ
മായുംഅശുദ്ധമായുമുള്ളതൊന്നുംഞാൻഒരുനാളുംഭക്ഷിച്ചില്ലഎ
ന്നുപറഞ്ഞാറെദൈവംശുദ്ധമെന്നുകല്പിച്ചതിനെഅശുദ്ധമെന്നുവിചാ
രിക്കരുത്എന്നിങ്ങിനെമൂന്നുവട്ടംദൈവകല്പനയുണ്ടായശെഷംആ
പാത്രംസ്വൎഗ്ഗത്തിലെക്ക്കരെറിപ്പൊകയുംചെയ്തു—ഈദൎശനത്തി
ന്റെഅൎത്ഥംഎന്തെന്നുപെത്രുവിചാരിച്ചുകൊണ്ടിരിക്കുമ്പൊൾകൊൎന്നെ
ല്യൻഅയച്ചആളുകൾവീട്ടിൽവന്നുപെത്രുഎന്നവൻഇവിടെയൊ
പാൎക്കുന്നുഎന്നുചൊദിച്ചസമയംകൎത്താവിന്റെആത്മാവ്പെത്രുവി
നൊടുഇതാമൂന്നാൾനിന്നെഅന്വെഷിക്കുന്നുനീസംശയിക്കാതെഅവ
രൊടുകൂടപ്പൊകഞാൻതന്നെഅവരെഅയച്ചുഎന്നുകല്പിച്ചു—ഉടനെ
അവൻഇറങ്ങിച്ചെന്നുഅവരെകണ്ടുനിങ്ങൾഅന്വെഷിക്കുന്നവൻ
ഞാൻതന്നെ—വന്നസംഗതിഎന്തെന്നുചൊദിച്ചാറെഅവർയജമാ
നന്റെഅവസ്ഥബൊധിപ്പിച്ചുപെത്രുഅവരെരാത്രിയിൽപാൎപ്പി
ച്ചുഉഷസ്സിങ്കൽഎഴുനീറ്റുഅവരൊടുംമറ്റെചിലസഹൊദരന്മാ
രൊടുംകൂടപുറപ്പെട്ടു—പിറ്റെദിവസംകൈസരയ്യപട്ടണത്തിലെത്തി
വീട്ടിലെക്ക്വന്നപ്പൊൾകൊൎന്നെല്യൻഎതിരെറ്റുഅവന്റെകാ
ല്ക്കൽവീണുവന്ദിച്ചാറെഇതരുതെന്നുംഞാനുംഒരുമനുഷ്യനാകുന്നെ
ന്നുംപെത്രുപറഞ്ഞുഅവൻകൊൎന്നെല്യൻവരുത്തിയബന്ധുജനങ്ങ
ളെയുംചങ്ങാതികളെയുംകണ്ടപ്പൊൾഅവരൊടുഅന്യജാതിക്കാ
രൊടുചെൎന്നുകൊള്ളുന്നതുംഅടുക്കെവരുന്നതുംയഹൂദന്മാൎക്കുന്യായ
മല്ലല്ലൊഎങ്കിലുംയാതൊരുമനുഷ്യനെയുംനിന്ദ്യനെന്നുംഅശുദ്ധ
നെന്നുംവിചാരിക്കരുത്എന്നുദൈവംഎനിക്കകാണിച്ചത്കൊണ്ടു
നീഅയച്ചആളുകളൊടുകൂടഞാൻസംശയിക്കാതെപുറപ്പെട്ടുവന്നതെ
ന്തുകാൎയ്യത്തിനായിട്ടുഎന്നെവരുത്തിഎന്നുചൊദിച്ചു—കൊൎന്നെ
ല്യൻദൈവദൂതൻപ്രത്യക്ഷനായതുംതന്നൊടുപറഞ്ഞിട്ടുള്ളതൊ
ക്കെയുംവിവരമായിഅറിയിച്ചശെഷംപെത്രുദൈവംപക്ഷപാ

ദിയല്ലൊ സർവ്വജാതികളിലും അവനെ ഭയപ്പെട്ടു അവന്റെ ഇഷ്ടത്തെ പ്ര
വൃത്തിക്കുന്നവനെ കൈക്കൊള്ളുന്നു എന്നു ഞാൻ ഇപ്പൊൾ അറിയു
ന്നു എന്നു പറഞ്ഞു സുവിശെഷത്തെ പ്രസംഗിച്ചു കൊണ്ടിരിക്കുമ്പൊ
ൾ വചനം കെട്ടവരെല്ലാവരുടെ മെൽ പരിശുദ്ധാത്മാവ് ഇറങ്ങി വന്നു-
അവർ പലഭാഷകളിലും സംസാരിച്ചു ദൈവത്തെ സ്തുതിച്ചതിനാൽ വിശ്വാ
സമുള്ള യഹൂദർ കണ്ടു ഈ പുറജാതിക്കാർക്കും കൂടെ പരിശുദ്ധാത്മദാ
നം ലഭിച്ചിട്ടുണ്ടെന്നു ചൊല്ലി ആശ്ചര്യപ്പെട്ടു ഇങ്ങിനെ സംഭവിച്ച
ത് പെത്രു കണ്ടപ്പൊൾ ഞങ്ങളെ പൊലെ പരിശുദ്ധാത്മാവിനെ ലഭി
ച്ചു ഇവർക്ക് ജ്ഞാനസ്നാനം കഴിക്കുന്നതിന്നു വെള്ളം വിരൊധിക്കുന്ന
വനാർ എന്നു പറഞ്ഞു- അവർക്കെല്ലാവർക്കും കർത്താവായ യെശുക്രി
സ്തുവിന്റെ നാമത്തിൽ സ്നാനം കഴിപ്പാൻ കല്പിച്ചു അവരുടെ അപെ
ക്ഷപ്രകാരം ചില ദിവസം അവരൊടു കൂടെ പാർക്കയും ചെയ്തു-

൫൩. പെത്രുവിനെ തടവിൽ നിന്നു വിടീച്ചത്

ഹെരൊദരാജാവ് യൊഹന്നാന്റെ സഹൊദരനായ യാക്കൊബിനെ
വാളുകൊണ്ടു കൊല ചെയ്തു- അത് യഹൂദന്മാർക്കു വളരെ ഇഷ്ടമെന്നു
കണ്ടപ്പൊൾ പെത്രുവിനെയും പിടിച്ചു തടവിൽ വെച്ചു പെസഹാപെരു
നാൾ കഴിഞ്ഞ ശെഷം അവനെയും കൊല്ലുവാൻ വിചാരിച്ചു പെത്രു
ഇങ്ങിനെ തടവിലായ സമയം സഭക്കാരെല്ലാം ഇടവിടാതെ അവ
ന്നു വെണ്ടി പ്രാർത്ഥിച്ചു അവന്റെ വധത്തിന്നായി നിശ്ചയിച്ച ദിവസ
ത്തിന്നു മുമ്പെത്ത രാത്രിയിൽ രണ്ടു ചങ്ങല ഇട്ടു അവൻ രണ്ടു പട്ടാളക്കാ
രുടെ നടുവിൽ ഉറങ്ങി വാതിലിന്റെ പുറത്തും കാവല്ക്കാർ കാത്തി
മ്പൊൾ കാരാഗ്രഹത്തിൽ ഒരു പ്രകാശമുണ്ടായി കർത്താവിന്റെ ദൂതൻ
അവന്റെ അരികെ വന്നു അവനെ തട്ടി ഉണർത്തി വെഗം എഴുനീ
ല്ക്ക എന്നു പറഞ്ഞു- ഉടനെ ചങ്ങലകൾ വീണാറെ ദൈവദൂതൻ അ
വനൊടു നീ അരകെട്ടി ചെരിപ്പുകളുമിട്ടു നിന്റെ വസ്ത്രം പുതെച്ചു
എന്റെ പിന്നാലെ വരിക എന്നു കല്പിച്ചു അവനെ കൊണ്ട്

ക്കാരുടെ നടുവിൽ ക്കൂടെ കടന്നു നഗരത്തിലെക്ക പൊകുന്ന ഇരിമ്പു
വാതില്ക്കൽ വന്നപ്പൊൾ അത തന്നാലെ തുറന്നു കടന്നു അവർ തെ
രുവിലെത്തിയാറെ ദൈവദൂതൻ മറകയും ചെയ്തു— ഇങ്ങിനെ സം
ഭവിച്ചതൊക്കയും പെത്രുവിന്ന ഒരു സ്വപ്നം പൊലെ തൊന്നി സുബൊ
ധം വന്ന ശെഷം കർത്താവ തന്റെ ദൂതനെ അയച്ചു എന്നെ ഹെ
രൊദാവിന്റെ കൈയിൽനിന്നും രക്ഷിച്ചു സത്യം എന്നു പറഞ്ഞു
ഉടനെ യൊഹന്നാൻ മർക്കന്റെ വീട്ടിലെക്ക ചെന്നു അവിടെ വളരും
ക്കൂടെ പ്രാർത്ഥിച്ചു കൊണ്ടിരിക്കുമ്പൊൾ വാതില്ക്കൽ മുട്ടിയാറെ ഒരുവൻ
പെത്രു തന്നെ എന്നൊരു വലിക്കാരത്തി അറിഞ്ഞപ്പൊൾ സന്തൊ
ഷത്താലെ വാതിൽ തുറക്കാതെ അകത്തു ചെന്നു പെത്രു വന്നിട്ടുണ്ട
എന്ന അറിയിച്ചാറെ അവർ വിശ്വസിച്ചില്ല പെത്രുവിനെയും മുട്ടി
കൊണ്ടിരുന്നപ്പൊൾ അവർ വന്നു വാതിൽ തുറന്നു അവനെ കണ്ടു
ഭ്രമിച്ചു— എന്നാറെ അവൻ മിണ്ടാതെ ഇരിക്കെണ്ടതിന്നു അംഗികം കാ
ട്ടി കർത്താവു അവനെ കാരാഗൃഹത്തിൽനിന്ന രക്ഷിച്ച പ്രകാരം വി
വരമാക്കി അറിയിച്ചു ഇതൊക്കയും യാക്കൊബിന്നും സകല സഹൊദര
ന്മാൎക്കും അറിയിക്കെണമെന്ന പറഞ്ഞു വെറെ ഒരു സ്ഥലത്തു പൊ
യി പിറ്റെന്നാൾ പെത്രു തടവിൽനിന്ന പൊയി എന്നു രാജാ
വ് അറിഞ്ഞാറെ കാവല്ക്കാരെ കൊല്ലിക്കയും ചെയ്തു—

൪൧ പൌൽ ലുസ്ത്രയിൽ വാർത്ത—

മുമ്പെ ശൌൽ എന്ന പെർ ധരിച്ച പൌൽ പിറൊസ്യ പ്രദെശങ്ങളിൽ
സഞ്ചരിച്ചപ്പൊൾ അവൻ ലുസ്ത്രാപട്ടണത്തിൽ പ്രവെശിച്ചു സുവിശെ
ഷം പ്രസംഗിച്ചു— അവിടെ ജനനം മുതൽ മുടവനായ ഒരു മനുഷ്യൻ പൌ
ലിന്റെ പ്രസംഗം കെട്ട പൌൽ അവനെ സൂക്ഷിച്ചു നൊക്കിയാറെ വി
ശ്വാസമുണ്ടെന്ന നിശ്ചയിച്ചു നീ എഴുനില്ക്ക എന്നത്യുച്ചം വിളിച്ചു പറഞ്ഞ
ശെഷം അവൻ എഴുനീറ്റു ചാടി നടന്നു— പൌൽ ചെയ്തത ഒക്കെയും ജന
ങ്ങൾ കണ്ടപ്പൊൾ ദെവന്മാർ മനുഷ്യരൂപം ധരിച്ചു നമ്മുടെ അടുക്കൽ ഇ

ങ്ങിവന്നു എന്നു പറഞ്ഞു ദെവെന്ദ്രക്ഷെത്രത്തിലെ പൂജാക്കാർ കാ
ളകളെയും പൂമാലകളെയും വാതില്ക്കൽ കൊണ്ടുവന്നു ജനങ്ങളൊടു കൂടെ
ബലികഴിപ്പാൻ ഭാവിച്ചപ്പോൾ അപ്പൊസ്തലരായ ബർന്നബാവും പൌ
ലും തങ്ങളുടെ വസ്ത്രങ്ങളെ കീറി ജനങ്ങളുടെ ഇടയിൽ ഓടിച്ചെന്നു ഹെ
മനുഷ്യരെ നിങ്ങൾ എന്തിന്നു ഇക്കാര്യം ചെയ്യുന്നു ഞങ്ങളും നിങ്ങളെ
പോലെയുള്ള മനുഷ്യരല്ലൊ നിങ്ങൾ ഈ വ്യർത്ഥകാര്യങ്ങളെ വിട്ടു ആ
കാശ ഭൂമി സമുദ്രങ്ങളെയും അവറ്റിലുള്ള സകലത്തെയും ഉണ്ടാക്കി
യ ജീവനുള്ള ദൈവത്തിലെക്ക് തിരിഞ്ഞുകൊള്ളെണമെന്നു നിങ്ങ
ളൊടു പറയുന്നു എന്നു ഘൊഷിച്ചു ചൊല്ലി അവരെ വിലക്കി — പി
ന്നെ അന്ത്യൊക്യയിൽ നിന്നും ഇക്കൊന്യയിൽ നിന്നും യഹൂദന്മാർ അ
വിടെക്കും വന്നു ജനങ്ങളെ വശീകരിച്ചു പൌലിനെ കല്ലെറിഞ്ഞു അവ
ൻ മരിച്ചു എന്നു വിചാരിച്ചു പട്ടണത്തിൽ നിന്നു വലിച്ചുകളഞ്ഞു എന്നാ
റെ ശിഷ്യന്മാർ അവനെ ചുറ്റി നിന്നപ്പോൾ അവൻ എഴുനീറ്റു നഗര
ത്തിലെക്ക് ചെന്നു - പിറ്റെ ദിവസം ബർന്നബാവൊടു കൂടി ദെർബ്ബെ
ക്ക് യാത്രയായി അവിടെയും സുവിശെഷം പ്രസംഗിച്ചു പലരെയും ശി
ഷ്യന്മാരാക്കുകയും ചെയ്തു —

൪൯. ലുദ്യയും കാരാഗൃഹപ്രമാണിയും

പൌൽ മിറ്റാസ്യയിലെ ത്രൊവ പട്ടണത്തിൽ പാർത്ത സമയത്ത് ഒരു
ദർശനത്തിൽ മക്കെദൊന്യക്കാരനായ ഒരുവൻ നീ മക്കെദൊന്യയിലെ
ക്ക് കടന്നുവന്നു നമുക്ക് സഹായിക്കെണം എന്നു പറഞ്ഞത് കെട്ടു
അത് ഗ്രഹിച്ചു മക്കെദൊന്യക്ക് യാത്രയായി ഫിലിപ്പ പട്ടണത്തിലെ
ത്തി ശബ്ബത്ത ദിവസത്തിൽ നഗരത്തിൻ പുറത്തു യഹൂദന്മാർ പ്രാർത്ഥി
ക്കുന്ന സ്ഥലത്ത് ചെന്നു പല സ്ത്രീകൾ കൂടിയപ്പോൾ ദൈവവചനത്തെ
അവരൊടു അറിയിച്ചു - അപ്പോൾ പൌൽ പറയുന്ന കാര്യങ്ങളെ താല്പ
ര്യമാക്കി കെട്ടുകൊണ്ടിരുന്ന കർത്താവ് ത്തുയതിരക്കാരത്തിയായ ലൂദ്യ
എന്നവളുടെ ഹൃദയം തുറന്നു പിന്നെ അവളും കുഡുംബവും ജ്ഞാന

സ്നാനം ഏറ്റശെഷം അപൊസ്തലരെ തന്റെ വീട്ടിൽ വന്നു പാർപ്പാ
ൻ അപെക്ഷിച്ചു നിർബ്ബന്ധിക്കയും ചെയ്തു— അനന്തരം പിന്നെ ഒരു മന്ത്ര
വാദിനിയുടെ ദുരാത്മാവിനെ പുറത്താക്കിയപ്പൊൾ അവളുടെ യജമാ
നന്മാർ നമ്മുടെ ലാഭം പൊയല്ലൊ എന്നു വിചാരിച്ചു കൊപിച്ചു അപൊ
സ്തലരെ പിടിച്ചു അധികാരികളുടെ അടുക്കലെക്ക് വലിച്ചുകൊണ്ടു ചെ
ന്നു ഇവർ ഒരു പുതുവെദം ഉപദെശിക്കുന്നു എന്നു അന്യായം ബൊ
ധിപ്പിച്ചാറെ അധികാരികൾ അവരുടെ വസ്ത്രങ്ങളെ അഴിപ്പിച്ചു ചൊ
ര ഒലിക്കുവൊളം അടിപ്പിച്ചു ശെഷം തടവിൽ വെപ്പിച്ചു- അർദ്ധരാ
ത്രിയിൽ പൌലുവും സീലാവും പ്രാർത്ഥിച്ചു വെദനകളെ വിചാരിയാതെ
ദൈവത്തെ സ്തുതിച്ചപ്പൊൾ ഉടനെ ഒരു ഭൂകമ്പം ഉണ്ടായി കാരാ
ഗൃഹത്തിന്റെ അടിസ്ഥാനങ്ങൾ ഇളകി വാതിലുകൾ തുറന്നു എല്ലാവരു
ടെയും ചങ്ങലകളും അഴിഞ്ഞു വീണു എന്നാറെ കാരാഗൃഹപ്രമാണി ഉണർന്നു
വാതിലുകൾ ഒക്ക തുറന്നത് കണ്ടപ്പൊൾ തടവുകാർ എല്ലാവരും പൊയിക്ക
ളഞ്ഞു എന്നു വിചാരിച്ചു തന്റെ വാളിനാൽ തന്നെത്താൻ വെട്ടി മരിപ്പാൻ
പുറപ്പെട്ടാറെ നിനക്ക് ഒരു ദൊഷവും ചെയ്യരുതെ ഞങ്ങൾ എല്ലാ
വരും ഇവിടെ ഉണ്ടല്ലൊ എന്നു പൌൽ ഉറക്കെ വിളിച്ചു പറഞ്ഞത് കെട്ടു
അവൻ ഒരു വിളക്കു വരുത്തി അകത്തെക്ക് ഓടി ചെന്നു വിറെച്ചുകൊ
ണ്ടു അപൊസ്തലരുടെ മുമ്പിൽ വീണു അവരെ പുറത്തു കൊണ്ടുവന്നു ശ്രീ
യ കർത്താക്കന്മാരെ രക്ഷ കിട്ടുവാൻ ഞാൻ എന്തു ചെയ്യെണ്ടു എന്നു
ചൊദിച്ചാറെ കർത്താവായ യെശു ക്രിസ്തുവിൽ വിശ്വസിക്ക എന്നാ
ൽ നിനക്കും നിന്റെ കുഡുംബത്തിന്നും രക്ഷ ഉണ്ടാകും എന്നു പ
റഞ്ഞത് കെട്ടു അവൻ അവരെ രാത്രിയിൽ തന്നെ തന്റെ വീട്ടിൽ
കൂട്ടി അവരുടെ മുറികളെ കഴുകി തന്റെ കുഡുംബത്തൊടു കൂടെ
സ്നാനപ്പെട്ടു അവൎക്കു ഭക്ഷണം കൊടുത്തു തനിക്കും കുഡുംബത്തി
ന്നും വിശ്വാസം വന്നതിനാൽ സന്തൊഷിച്ചു പിറ്റെനാൾ അധികാ
രികൾ അപൊസ്തലരൊടു സാമവാക്യങ്ങളെ പറയിച്ചു വിട്ടയച്ചു

യും ചെയ്തു —

൧൬. പൌൽ അഥെനപട്ടണത്തിൽ സുവിശെഷം പ്രസംഗിച്ചത്-

അനന്തരം പൌൽ ഫിലിപ്പിപട്ടണത്തെ വിട്ടന്നാൾ അതിന്റെ ത്തെ
സ്സലൊനിക്യനും ബെരിയാവും വന്നശെഷം അവിടെ പാൎത്തപ്പൊൾ നഗരം
വിഗ്രഹങ്ങളെക്കൊണ്ടു നിറഞ്ഞു എന്നു കണ്ടു വ്യസനെരവിഷാദിച്ചു എ
ന്നാറെ അവൻ ദിവസംതൊറും യഹൂദരുടെ പള്ളിയിലും ചന്തസ്ഥ
ലത്തിലും കണ്ട യവനരൊടു തൎക്കിച്ചതിനെയും ഉപദെശിച്ചതിനെയും
കുറിച്ചു പ്രസംഗിച്ചു അതിന്റെ ശെഷം ഉപദെഷ്ടാക്കന്മാർ അവനൊടു തൎക്കിച്ചു
അവനെ കൂട്ടി വിസ്താരസ്ഥലത്തെക്കു കൊണ്ടുപോയി നിന്റെ പുതിയ ഉ
പദെശം എന്തെന്ന് അറിവാൻ പാടുണ്ടൊ എന്നു ചൊദിച്ചു. അപ്പൊൾ പൌൽ
അഥെനക്കാരെ നിങ്ങൾ സൎവ്വപ്രകാരത്തിലും മറ്റും ദെവതാഭക്തി
യുള്ളവരാകുന്നു എന്നു കാണുന്നു. ഞാൻ നടന്നു വന്നു നിങ്ങളുടെ പൂജാരി
കളെ സൂക്ഷിച്ചു നൊക്കിയപ്പൊൾ അറിയപ്പെടാത്ത ദൈവത്തിന്നു എ
ന്നുള്ള ഒരു പീഠവും കണ്ടു അതുകൊണ്ടു നിങ്ങൾ അറിയാതെ
വന്ദിക്കുന്ന ദൈവത്തെ ഞാൻ നിങ്ങളൊടു അറിയിക്കുന്നു. ലൊകവും
അതിലുള്ള സകല വസ്തുക്കളും ഉണ്ടാക്കിയ ദൈവം താൻ തന്നെ സ്വൎഗ്ഗ
ഭൂമികളുടെ നാഥനാകകൊണ്ടു കൈയാൽ തീൎത്തിട്ടുള്ള ആലയ
ങ്ങളിൽ പാൎക്കില്ല. താൻ എല്ലാവൎക്കും ജീവനും ശ്വാസവും സകലവും ന
ൽകുന്നവനാകകൊണ്ടു തനിക്ക് ഒട്ടും ആവശ്യമെന്നുവെച്ചു മനുഷ്യ
രുടെ കൈകൊണ്ടു സെവ്യനല്ല. നമ്മിൽ ഒരുവനിൽനിന്നും ദൂരസ്ഥന
മല്ലനാം. ജീവിക്കയും ചരിക്കയും ഇരിക്കയും ചെയ്യുന്നത് അവനിൽ
ആകുന്നുവല്ലൊ അറിയായ്മയുടെ കാലങ്ങളെ ദൈവം കാണാ
തെപൊലെ ഇരുന്നു. ഇപ്പൊൾ സകല മനുഷ്യരൊടും അനുതപിക്കേ
ണം എന്നു കല്പിക്കുന്നു. എന്നാൽ താൻ നിശ്ചയിച്ച പുരുഷനെക്കൊ
ണ്ടു ലൊകത്തെ നീതിയൊടെ ന്യായം വിധിപ്പാനായിട്ടു ഒരു ദിവസം

ചെയ്യിച്ചു ദൈവം ആയവനെ മരിച്ചവരിൽ നിന്നു എഴുനീല്പിച്ചതിനാ
ൽ ഇതിന്റെ നിശ്ചയം എല്ലാവൎക്കും നല്കി ഇരിക്കുന്നു - എന്നാറെ അവർ
മരിച്ചവരുടെ എഴുനീല്പിനെ കുറിച്ചു കെട്ടപ്പൊൾ ചിലർ പരിഹസിച്ചു ചില
ർ ഇതിനെ കൊണ്ടു പിന്നെയും കെൾക്കാം എന്നു പറഞ്ഞശെഷം പൌൽ
പുറത്തുപൊയി ചിലർ അവനൊടു ചെൎന്നു വിശ്വസിച്ചു അവരിൽ ദ്യൊനി
സ്യൻ എന്നെ മന്ത്രിയും ദമറി എന്നെ സ്ത്രീയും ഉണ്ടായിരുന്നു —

൧൦. പൌൽ കൈസരയ്യയിൽ തടവിലിരുന്നത്

ചില കാലം കഴിഞ്ഞശെഷം പൌൽ യരുശലെമിൽ വെച്ചു തടവിലാ
കപ്പെട്ടു വിസ്താരത്തിന്നായി കൈസരയ്യ പട്ടണത്തിൽ കൊണ്ടുപൊയി
ഫെലിക്ഷ എന്നൊരു മന്നാടുവാഴി യഹൂദരുടെ കൌശലങ്ങളെക്കും
പൌലിന്മെൽ ബൊധിപ്പിച്ച കള്ളങ്ങളെ അന്യായത്തെയും അത്ര വിചാരിയാ
തെ അവന്നു കുറെ ദയ കാണിച്ചു കൈക്കൂലി വാങ്ങീട്ടു വിട്ടയക്കാമെന്നു
വിചാരിച്ചു അവൻ പലപ്പൊഴും അവനൊടു സംസാരിച്ചു - ഒരു ദിവസം
ഫെലിക്ഷ തന്റെ ഭാൎയ്യ ആയ ദ്രുസില്ലയൊടു കൂടി വന്നു പൌലിനെ
വരുത്തി അവനിൽ നിന്നു വല്ലതും കൊൾവാൻ മനസ്സായാറെ അവ
ൻ നീതിയെയും ഇച്ഛയടക്കത്തെയും വരുവാനുള്ള ന്യായവിധിയെയും
കൊണ്ടു സംസാരിച്ചപ്പൊൾ ഫെലിക്ഷ ഭ്രമിച്ചു ഇപ്പൊൾ പൊക നല്ല
സമയമുണ്ടായാൽ ഞാൻ നിന്നെ വിളിക്കും എന്നു പറഞ്ഞു - പിന്നെ ര
ണ്ടു സംവത്സരം കഴിഞ്ഞശെഷം ഫെലിക്ഷ ആസ്ഥാനത്തിൽ നിന്നു
നീങ്ങി ഫെസ്തൻ എന്നവൻ വാഴും കാലം അവനും പൌലിന്റെ കാ
ൎയ്യം സത്യപ്രകാരം തീൎപ്പാൻ മനസ്സാകാതെ അവനെ യഹൂദൎക്കു ഏ
ല്പിച്ചു കൊടുപ്പാൻ ഭാവിച്ചപ്പൊൾ പൌൽ ഞാൻ കൈസരിന്റെ ന്യാ
യാസനത്തിൻ മുമ്പാകെ നില്ക്കുന്നു എന്റെ കാൎയ്യം അവിടെ വിസ്തരി
ക്കെണ്ടതാകുന്നു എന്നു പറഞ്ഞശെഷം ഫെസ്തൻ നീ കൈസരിലെക്ക്
അഭയം ചൊല്ലിയതിനാൽ നീ കൈസരിന്റെ അടുക്കലെക്ക് പൊക
മെന്നു കല്പിച്ചു - ചില ദിവസം കഴിഞ്ഞശെഷം അഗ്രിപ്പ രാജാവ് ഫെ

സ്തുനെചെന്നുകണ്ടുപൌലിന്റെഅവസ്ഥഅറിഞ്ഞാറെഅവനിൽനി
ന്നുകെൾപ്പാൻമനസ്സായപ്പൊൾപൌൽധൈര്യത്തിനെകൊണ്ടുംതനിക്കുല
ഭിച്ചകൃപയെകൊണ്ടുംവളരെധൈൎയ്യത്തൊടെസാക്ഷ്യംപറഞ്ഞുദൈ
വസഹായത്താൽഞാൻഇന്നെവരെയുംചെറിയവൎക്കുംവലിയവ
ൎക്കുംസുവിശെഷംഅറിയിച്ചുംകൊണ്ടുനില്ക്കുന്നുക്രിസ്തുകഷ്ടമനുഭവിച്ചു
മരിച്ചവരുടെഉയിൎപ്പിൽഅവൻഒന്നാമവനായിഇസ്രയെലൎക്കും
പുറജാതിക്കാൎക്കുംവെളിച്ചംഅറിയിക്കെണമെന്നുപ്രവാചകന്മാ
ർചൊന്നകാൎയ്യങ്ങളെഅല്ലാതെഞാൻഒന്നുംപറയുന്നില്ലഎന്നുഉണൎത്തി
ച്ചാറെഫെസ്തൻപൌലെനീഭ്രാന്തനാകുന്നുഏറിയവിദ്യനിന്നെഭ്രാ
ന്തപിടിപ്പിച്ചുഎന്നുറക്കെവിളിച്ചുപറഞ്ഞപ്പൊൾപൌൽമഹാശ്രെ
ഷ്ഠനായഫെസ്തനെഞാൻഭ്രാന്തനല്ലസത്യവുംസുബുദ്ധിക്കുള്ളവച
നങ്ങളെഅത്രെചൊല്ലുന്നുരാജാവിന്നുഇക്കാൎയ്യങ്ങളിൽഅറിവുണ്ടാ
കകൊണ്ടുഞാൻധൈൎയ്യത്തൊടെസംസാരിക്കുന്നുഅഗ്രിപ്പരാജാ
വെപ്രവാചകന്മാരെവിശ്വസിക്കുന്നുവൊനീവിശ്വസിക്കുന്നുഎന്നുഞാ
ൻഅറിയുന്നുഎന്നുപറഞ്ഞപ്പൊൾഞാൻക്രിസ്തിയാനിയാകുവാൻ
എല്പംനീഎന്നെസമ്മതനാക്കുന്നുഎന്നുകല്പിച്ചാറെപൌൽനീമാത്ര
മല്ലഇന്നുഎന്നിൽനിന്നുകെൾക്കുന്നവരെല്ലാവരുംഅല്പംകുറെഅല്ലമു
ഴുവനുംഈചങ്ങലഒഴികെഎന്നെപൊലെആകെണമെന്നുദൈവ
ത്തൊടുഞാൻഅപെക്ഷിക്കുന്നുഎന്നുപറഞ്ഞു.

൪൭. പൌൽരൊമപട്ടണത്തിലെക്ക് യാത്രയായത്.

ചിലകാലംകഴിഞ്ഞശെഷംഫെസ്തൻപൌലിനെയുംമററചിലതടവു
കാരെയുംയൂല്യൻഎന്നശതാധിപന്റെകൈയിൽഏല്പിച്ചുരൊമപട്ടണത്തെക്കു
കൊണ്ടുപൊവാൻകല്പിച്ചു-ഒരുകപ്പലിൽകരെറിയാത്രയായപ്പൊൾപൌ
ലിന്റെശിഷ്യരായലൂക്കനുംഅരിസ്തൎഹനുംഅവനൊടുകൂടെപൊയിഅവ
ർവെഷ്കാലത്തിങ്കൽക്രെതദ്വീപിൽവാസസ്ഥാനത്തിലെത്തിയപ്പൊൾ

കൊള്ളക്കാറ്റുപിടിച്ചുകടൽഘൊരമാക്കികൊപിക്കകൊണ്ടുകരക്കിൽഅ
റ്റുവാൻവഴിയാതെഅവക്കെല്ലാവക്കുംഅത്യന്തംസങ്കടംസംഭവി
ക്കയാൽഅവർസകലപദാത്ഥങ്ങളെയുംവെള്ളത്തിൽചാടികപ്പലി
ന്നുഭാരംചുരുക്കിയാറെ കത്താവിന്റെദൂതൻഒരുരാത്രിയിൽപൌ
ലിന്നുപ്രത്യക്ഷനായിവെഭിക്കെണ്ടനീകൈസരിന്റെമുമ്പാകെനിൽ
ക്കുംഅതല്ലാതെകപ്പലിൽപാക്കുന്നവരെല്ലാവരെയുംദൈവംനിണക്കു
തന്നിരിക്കുന്നുഎന്നുപറഞ്ഞുആശ്വസിപ്പിച്ചു-ഇങ്ങിനെഅവർപതി
നാലുരാപ്പകൽകടലിൽവെച്ചുദുഃഖിച്ചശെഷംപെർഅറിയാതൊരു
കരകണ്ടുകപ്പൽഅടുപ്പിപ്പാൻനൊക്കിയപ്പൊൾരണ്ടുപുറവുംകടൽകൂ
ടിയഒരുസ്ഥലത്തിൽതങ്ങിഉടഞ്ഞുപൊകസമയംചിലർകരക്കിലെക്ക്
നീന്തികയുംമറെറവർപലകകളെടെയുംകപ്പലിന്റെഖണ്ഡങ്ങളെടെയും
മെൽകരെറികരക്കിൽഎത്തുകയുംചെയ്തു-ഇങ്ങിനെആകപ്പലിൽ
പാക്കുന്നഎല്ലാപെക്കുംരക്ഷയുണ്ടായ്വന്നു-അവർകരെക്കുഎത്തിയാ
റെഅത്മെലിത്തദ്വീപുഎന്നറിഞ്ഞുആദ്വീപുകാർഅവരൊടുപരദെശികൾക്കുഉപകാ
രംചെയ്തുമഴയുംശീതവുംഉണ്ടാകകൊണ്ടുഅവർതീകത്തിച്ചുഎല്ലാവരെ
യുംചെർത്തുപൌലുവുംഒരുകെട്ടുവിറകപെറുക്കിതീയിലിട്ടാറെഒരുഅണ
ലിതീപിടിച്ചപ്പൊൾഅതിൽനിന്നുപുറപ്പെട്ടുഅവന്റെകൈമെൽ
ചുററിതൂങ്ങി-ദ്വീപുകാർഅതിനെകണ്ടപ്പൊൾഈമനുഷ്യൻസമുദ്രത്തി
ൽനിന്നുരക്ഷയുണ്ടായിഎങ്കിലുംപകഅവനെജീവിച്ചിരിപ്പാൻസ
മ്മതിക്കുന്നില്ലഅവൻകുലപാതകനായിരിക്കുംഎന്നുഅന്യൊന്യം
നാക്കിസംസാരിച്ചുഎങ്കിലുംപൌൽപാമ്പിനെതീയിൽകുടഞ്ഞുകള
ഞ്ഞുവിഷ്ണംഒട്ടുംവരാതെഇരിക്കുന്നത്കണ്ടപ്പൊൾഇവൻഒരുദൈവ
ൻതന്നെനിശ്ചയംഎന്നുപറഞ്ഞു-പിന്നെഅവർമൂന്നുമാസംആദ്വീ
പിൽപാത്തിന്നാൽപൌലിന്നുദൈവവചനംഅറിയിപ്പാനുംപലവി
ധമുള്ളദീനക്കാരെസൌഖ്യമാക്കുവാനുംസംഗതിഉണ്ടായിവന്നുവഷ്
കാലംകഴിഞ്ഞശെഷംഅവർവെറെഒരുകപ്പലിൽകരെറിസുബൈ

//

റൊമപട്ടണത്തിലെത്തിഅവിടെപൌൽയെഹൂദന്മാൎക്കസുവിശെഷ
ത്തെഅറിയിച്ചതിനാൽഅവരെകലശൽഉണ്ടായിവന്നുഎങ്കിലുംചിലർവി
ശ്വസിച്ചു-പൌൽരണ്ടുവൎഷംതാൻകൂലിക്കായിവാങ്ങിയവീട്ടിൽവാണു
തന്റെഅരികിൽവരുന്നഎല്ലാവരെയുംകൈക്കൊണ്ടുവിരൊധംകൂ
ടാതെബഹുധൈൎയ്യത്തൊടുംകൂടദൈവരാജ്യംപ്രസംഗിച്ചുംകൎത്താവാ
യയെശുക്രിസ്തുവിനെകുറിച്ചുള്ളകാൎയ്യങ്ങളെപഠിപ്പിച്ചുംകൊണ്ടുംഇരു
ന്നു—

൭൧. അപ്പൊസ്തലർസുവിശെഷത്തെ അറിയിച്ചത്—

പൌൽഇങ്ങിനെതടവുകാരനായിരൊമയിൽപാൎത്തസമയംപലലെ
ഖനങ്ങളെയുംഎഴുതിതടവിൽനിന്നുവിട്ടുപൊരുമെന്നുള്ളത്സൂചക
മാക്കിഅവറ്റിൽപറഞ്ഞിട്ടുണ്ട-അവൻരണ്ടാംപ്രാവശ്യംതടവിലാക്കി
യെശുക്രിസ്തുവിന്റെനാമംനിമിത്തംവാളാൽമരിച്ചുഎന്നുസഭാചരിത്ര
ത്തിൽപറഞ്ഞുകെൾക്കുന്നുരണ്ടാംപ്രാവശ്യംതടവിൽഇരിക്കുമ്പൊൾഅവൻ
തിമൊഥ്യന്നരണ്ടാംലെഖനംഎഴുതിഅതിന്നുമുമ്പെഅവൻവഴിയാ
ത്രകളിലുംഒന്നാംതടവുകാലത്തിലുംപലസഭകൾക്കുംഎറിയലെഖന
ങ്ങളെഎഴുതിഅയച്ചിട്ടുണ്ട്അവയൊക്കയുംപുതിയനിയമപുസ്തകത്തിൽ
ഇരിക്കുന്നുപൌൽമരിക്കുംമുമ്പെമത്തായുംമാൎക്കുംലൂക്കനുംതങ്ങളു
ടസുവിശെഷങ്ങളെഎഴുതിയിരിക്കുന്നു-യറുശലെംപട്ടണംനശിച്ചശെ
ഷംഅത്രെയൊഹന്നാൻതന്റെസുവിശെഷത്തെയുംഅറിയിപ്പി
നെയുംതിത്തപെത്രുവുംയാക്കൊബുംയൂദാവുംഎന്നിവരുംപൊതുലെ
ഖനങ്ങളെഎഴുതിയിരുന്നുഅവയുംപുതിയനിയമത്തിൽഉണ്ടു
യൊഹന്നാൻഎറിയവയസ്സനായിമരിച്ചു-മറ്റെഅപ്പൊസ്തലരുടെ
അവസ്ഥസ്പഷ്ടമായിഅറിയുന്നില്ലഎന്നുമാത്രംനിശ്ചയംനിങ്ങൾസക
ലഭൂലൊകത്തിലുംപൊയിസകലസൃഷ്ടിക്കുംസുവിശെഷംപ്രസംഗിപ്പി
ൻഎന്നുള്ളകൎത്താവിന്റെകല്പനപ്രകാരംഅവർനടന്നുഎകദെശം

൩൰ സംവത്സരത്തിന്നകം ക്രിസ്തുവിനെ എല്ലാരാജ്യങ്ങളിലും അറിയിച്ചു അവർ കൎത്താവിന്റെ കല്പനയെ പ്രമാണിച്ചു പ്രകാരം കൎത്താവും താൻ ലൊകാവസാനത്തൊളം നിങ്ങളൊടു കൂടെ ഇരിക്കും എന്നുള്ള വാക്യം അവരിലും നിവൃത്തിച്ചു ഇന്നദിവസത്തൊളം അവന്റെ സൎവ്വശിഷ്യന്മാരിൽ നിവൃത്തിക്കയും ചെയ്യുന്നു സത്യം —

Tellicherry Mission Press
1850

2.

സത്യവെദകഥകൾ

രണ്ടാംഖണ്ഡം

പുതിയനിയമത്തിൽനിന്നുഎടുത്ത

അമ്പത്തരണ്ടു

തലശ്ശെരിയിലെ ഛാപിതം
൧൮൫൦